KOTTAYAM PUBLIC LIBRARY

Call No. 335:43 Acc. No. 11143

Author ലോഹ്യ റാം മനോഹർ

Title സോഷ്യലിസത്തെ പറ്റി

vo 27

# സോഷ്യലിസ
# ത്തെപ്പററി.

No. 11143

റാം മനോഹർ ലോഹ്യ.

# SOCIALISATHEPPATTY.

Dr. Ram Manohar Lohia.

TRANSLATED

by

P. V. KURIEN.

First Impression June 1957.

PUBLISHED

by

JAI HIND PUBLISHERS,

KOTTAYAM, KERALA.

Re. 1. N. P. 50.

# സോഷ്യലിസ
# ത്തെപ്പററി

റാം മനോഹർ ലോഹ്യ.

വിവർത്തകൻ:

പി. വി. കുര്യൻ.

---

ജയ് ഹിന്ദ് പബ്ലിഷേഴ്സ്,

കോട്ടയം.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

വില 1 രൂപാ 50 ന. പ.

ഒന്നാം പതിപ്പ്.

കോപ്പി—1000.

335.43
Loh

വില

1 രൂപാ 50 നയാപൈസ.

അച്ചടി:—

വാൻഗാർഡ് പ്രസ്സ്,

കോട്ടയം.

No. 11143

ഡോ: റാം മനോഹർ ലോഹ്യാ—ഇന്ത്യൻ രാഷ്ട്രീയ രംഗത്തു ഇത്രയധികം തെററിദ്ധരിക്കപ്പെട്ടിരിക്കുന്ന മററാരെങ്കിലുമുണ്ടോ എന്നു സംശയമാണ്. പ്രത്യേകിച്ചും കേരളക്കരയിൽ. തിരുക്കൊച്ചിയിലെ പ്രജാസോഷ്യലിസ്ററു സർക്കാർ നിരായുധരായ ജനതയുടെ നേരെ നിറതോക്കു ഒഴിച്ചപ്പോൾ നയിനി ജയിലിലെ കനത്ത ഭിത്തികളെയും കവച്ചുവച്ചു ആ മനുഷ്യസ്നേഹിയുടെ ശബ്ദം ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ അലയടിച്ചു. "നിരായുധരായ ജനതയുടെനേരെ വെടിവെച്ച സർക്കാർ രാജിവയ്ക്കണം" തങ്ങൾ പ്രതിപക്ഷത്തായിരിക്കുമ്പോൾ ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കന്മാർ ധാർമ്മികമൂല്യങ്ങളെപ്പററിയും ജനാധിപത്യ മര്യാദകളെപ്പററിയും പലതും പറയാറുണ്ട്. പക്ഷെ അധികാരത്തിൻെറ ഔന്ന്യത്യത്തിൽ അവരോഹിതരാകുമ്പോൾ മാനദണ്ഡം മറെറാന്നായിമാറുകയാണ്. തിരുക്കൊച്ചിയിലെ പ്രജാസോഷ്യലിസ്റ്റ് ഗവണ്മെൻറ് രാജി വച്ചില്ല. എന്നാൽ ആ ആദർശവാദി തൻെറ ജനറൽ സെക്രട്ടറി സ്ഥാനം രാജിവച്ചു തൻെറ അഭിപ്രായം പാർട്ടിയെക്കൊണ്ടു അംഗീകരിപ്പിക്കുവാൻ പാർട്ടിയുടെ പരമാധികാരസഭയിൽ ശ്രമിച്ചു; പരാജിതനായി. മണിപ്പൂർ മലകളിലെ ജനതയുടെ ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരത്തിൽ പങ്കെടുക്കുവാൻ ആ തളരാത്ത പടയാളി

അങ്ങോട്ടുപോയി. മണിപ്പൂർ ജയിലിൽനിന്നും വിമോചിതനായപ്പോൾ പ്രജാസോഷ്യലിസ്റ്റ് നേതൃത്വത്തിന്റെ ശിക്ഷണനടപടികളാണു് അദ്ദേഹത്തെ സ്വാഗതം ചെയ്തതു്. എന്തിനു്?...

അതിനുത്തരം ഇന്ത്യയിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ കഴിഞ്ഞകാല ചരിത്രമാണു് 1947 ആഗസ്ററു് പതിനഞ്ചിനുശേഷം ഇന്ത്യയിലെ സോഷ്യലിസത്തിൽ ഗംഭീരമായ ഒച്ചപ്പാടും അടിസ്ഥാനപരമായ പ്രവർത്തനത്തിന്റെ അഭാവവുമാണു് നിഴലിച്ചിരുന്നതു്. ഒന്നാമത്തെ പൊതുതെരഞ്ഞെടുപ്പിലുണ്ടായ ഭീമമായ പരാജയത്തോടെ സോഷ്യലിസ്ററു നേതൃത്വത്തിന്റെ ആത്മവിശ്വാസം നഷ്ടപ്പെട്ടു. തളർവാദം പിടിപെട്ടു. അതു കൂട്ടുചേരലിന്റെയും സഹകരണത്തിന്റെയും ഭാഷയിൽ സംസാരിച്ചു. കോൺഗ്രസ്സിന്റെ സോഷ്യലിസ്ററുദേവാലയത്തിന്റെ വാതായനങ്ങളിൽ മുട്ടിത്തുറന്നു അകത്തു കയറുവാൻ അതുപദേശിച്ചു ലോഹ്യാ ഇതിനെ എതിർത്തു. ഇതു് അവസരവാദിത്വവും ഭീരുത്വവുമായി അദ്ദേഹത്തിനു തോന്നി അദ്ദേഹം പ്രജാസോഷ്യലിസത്തിൽനിന്നും നിഷ്ക്കാസിതനായി. ഇരുപതുവർഷം മററാരെക്കാളും കൂടുതലായി പണിയെടുത്ത ആ മുന്തിരിത്തോപ്പിൽ നിന്നും പുറംതള്ളപ്പെട്ടു.

എങ്കിലും ലോഹ്യാ അതു ഇഷ്ടപ്പെട്ടു. അടങ്ങാത്ത സമരത്തിന്റെ ആത്മവീര്യവും സോഷ്യലി

സത്തിന്റെ ആത്മസത്തയിലുള്ള വിശ്വാസവും അദ്ദേഹത്തെ വിട്ടുപിരിഞ്ഞിരുന്നില്ല. അദ്ദേഹത്തിനു സോഷ്യലിസം ഒരു പുതിയ മനുഷ്യസംസ്ക്കാരത്തിന്റെ പിറവിയെടുക്കലാണു്. സോഷ്യലിസം സാധാരണയായി മുതലാളിത്തത്തിലെ ജനാധിപത്യവും കമ്മ്യൂണിസത്തിന്റെ സാമ്പത്തികസംവിധാനവും തമ്മിലുള്ള ഒരു ഒട്ടിച്ചേർക്കലായിട്ടു കരുതപ്പെടുമ്പോൾ റാം മനോഹർ മുതലാളിത്തത്തെയും കമ്മ്യൂണിസത്തെയും അകാലികവും അപ്രസക്തവും ആയി പിൻതള്ളിക്കൊണ്ടു ഒരു പുതിയ നാഗരികതയുടെ ഉന്നതവേദിയിലേക്കതിനെ ഉയർത്തുവാൻ ആഗ്രഹിക്കുന്നു. മുതലാളിത്തത്തിന്റെയും കമ്മ്യൂണിസത്തിന്റെയും യൂറോപ്യൻ സോഷ്യലിസത്തിന്റെയും പരാജയത്തെയും പരിമിതികളെയും പററിയുള്ള അദ്ദേഹത്തിന്റെ ഈ വിശ്വാസം ഇന്നും ഇന്നലെയും ഉണ്ടായതല്ല. 1934-ൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ്പാർട്ടി രൂപീകരിച്ചപ്പോൾ അതിനെ ഒരു മാർക്സിസ്റ്റ് പാർട്ടിയാക്കുന്നതിനെ അദ്ദേഹം എതിർത്തു. മാർക്സിന്റെയും ഹിഗേലിയൻ തത്വസംഹിതയുടെയും അപര്യാപ്തതകളെപ്പററി മാർക്സിന്റെയും ഹീഗലിന്റെയും ജന്മദേശത്തുവച്ചുതന്നെയാണു് അദ്ദേഹം മനസ്സിലാക്കിയതു്. ദസ്ക്യാപ്പിററൽ തുടങ്ങിയ മാർക്സിന്റെ പുസ്തകങ്ങൾ മാർക്സ് എഴുതിയ ജർമ്മൻ ഭാഷയിൽതന്നെ വായിക്കുകയും പഠിക്കുകയും ചെ

സ്ഥ ഇന്ത്യയിലെ ഏക രാഷ്ട്രീയ പ്രവത്തകൻ ലോഹ്യ മാത്രമാണു". ലോകതൊഴിലാളിവൎഗ്ഗത്തോടു മാർക്സ് "നിങ്ങൾ ഒരുമിക്കുക. നഷ്ടപ്പെടുവാൻ കൈവിലങ്ങുകൾമാത്രമേയുള്ളു" എന്നു പറഞ്ഞതിനു വളരെ വർഷങ്ങൾക്കു ശേഷം 1914-ൽ ലോക തൊഴിലാളിവർഗ്ഗത്തെ തങ്ങളുടെ രാജ്യങ്ങളിലെ യുദ്ധകാല ഗവണ്മെൻറുകൾക്കുവേണ്ടി പണിയെടുക്കുന്ന പാദസേവകരായിട്ടാണു ലോഹ്യാക്കു കാണുവാൻ കഴിഞ്ഞതു. ഒന്നാമത്തെ ലോക മഹായുദ്ധത്തിനുശേഷം യൂറോപ്യൻ സോഷ്യലിസത്തിനുണ്ടായ മുന്നേററത്തിനും പിന്നീടുണ്ടായ പരാജയത്തിനും അദ്ദേഹം സാക്ഷിയാണു. ഫസീസം അതിവേഗം വളൎന്നുവന്നു. ആ ചിത്തമനുഷ്യൻെറ, ഹിററ്ലറിൻെറ, കൈകളിൽ ജർമ്മനിയും പിന്നീടു യൂറോപ്പും അകപ്പെട്ടു. കമ്മ്യൂണിസ്ററുകൾ നാസികൾക്കു കൂട്ടുനിന്നു. സകലതും സന്ത്യജിച്ച് ആയുധമേന്തി ജീവന്മരണപോരാട്ടം നടത്തേണ്ടിയിരുന്ന ആ കാലഘട്ടത്തിൽ ജർമ്മനിയിലെ സോഷ്യൽ ഡിമോക്രാററുകൾ തളർവാദം പിടിപെട്ടു തളൎന്നുവീണു. ലോക ഫസീസത്തിൻെറ വളൎച്ചയും കമ്മ്യൂണിസത്തിൻെറ വഞ്ചനയും സോഷ്യലിസത്തിൻെം ദൗർബല്യവും ആ ഹൃദയത്തിൽ മായാത്ത മുദ്രകൾപതിച്ചു. ഇന്ത്യയുടെയും ഏഷ്യയുടെയും ഭാവി സമരത്തിൻെറ ആത്മവീര്യം തുളുമ്പുന്ന ഒരു സോഷ്യലിസ്റ്റ് പ്രസ്ഥാനം വളൎത്തിഎടുക്കുന്നതിലാണു നിലകൊള്ളുന്നതു

അദ്ദേഹം വിശ്വസിച്ചു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിക്കു രൂപം കൊടുത്തു. ലോകത്തിൽ എങ്ങുമുള്ള സമരസംഘടനകളുമായി അതിനെ ബന്ധപ്പെടുത്തി. 1942-ലെ പരസ്യവിപ്ലവത്തിൽ അദ്ദേഹം ബ്രിട്ടീഷ് സർക്കാരിനെതിരായി ആസാദ് ഹിന്ദ് പ്രക്ഷേപണകേന്ദ്രം ഏർപ്പെടുത്തി സമരസഖാക്കൾക്കു ആവേശം നൽകിക്കൊണ്ടിരുന്നു. ബ്രിട്ടീഷ്ഗവണ്മെൻറും ഇന്ത്യൻ കമ്മ്യൂണിസ്ററുകളും അദ്ദേഹത്തെ വേട്ടയാടി. മലകളിലും താഴ്വരകളിലും പട്ടണങ്ങളിലും മരുഭൂമികളിലും അദ്ദേഹം ഓടിനടന്നു. മാതൃരാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തെ ഇൻഡ്യൻ കമ്മ്യൂണിസ്ററുകൾ ഒററുകൊടുത്തപ്പോൾ ആ ഹൃദയം വേദനിച്ചു. മാർക്സിസത്തെപ്പററി വീണ്ടും അപഗ്രഥനം ചെയ്തു, "മാർക്സിനുശേഷമുള്ള സാമ്പത്തികശാസ്ത്രം" ഇക്കാലത്തു എഴുതിയതാണു് ലാഹോറിലെ ഉരുക്കുകോട്ടയിൽ അദ്ദേഹം ബന്ധിതനായി. വിമോചനത്തിനുശേഷം സമരാത്മകമായ സോഷ്യലിസം വളർത്തിക്കൊണ്ടുവരുവാൻ അദ്ദേഹം ശ്രമിച്ചു. 47 ആഗസ്ററു പതിനഞ്ചിനുശേഷം ഒൻപതു പ്രാവശ്യം ഇന്ത്യയിലെ ദേശീയ സർക്കാർ ആ സ്വാതന്ത്ര്യപ്രേമിയെ അറസ്ററുചെയ്തു. പൊതുതെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു; സഹപ്രവർത്തകർ പലരും

വേർപിരിഞ്ഞു, നിഷ്ഠൂരമായ വിധി മെഹറാലിയെയും നരേന്ദ്രദേവിനേയും അകററി. ജയപ്രകാശ്ശും കമലയും അച്യുതും മിശ്രയും സജീവ രാഷ്ട്രീയത്തിൽനിന്നു പിൻമാറി, അശോകമായി അഭിപ്രായാന്തരംമൂലം അകന്നു, എങ്കിലും ഉറച്ച ആത്മവിശ്വാസത്തോടെ മുന്നോട്ടുപോവുകയാണു്. ആ വിപ്ലവകാരി.

സോഷ്യലിസത്തിലുള്ള അടിയുറച്ച വിശ്വാസമാണു് അദ്ദേഹത്തിനു ആത്മധൈര്യവും പ്രചോദനവും നൽകുന്നതു്. സോഷ്യലിസത്തിൻെറ പഴയകാലചാലുകളിൽനിന്നും അകന്നു മാറിക്കൊണ്ടു സ്വതന്ത്രമായ രീതിയിൽ ചിന്തിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നു, സോഷ്യലിസത്തിൻെറ പ്രത്യയശാസ്ത്രം വാർത്തെടുക്കുന്നതിൽ മാർക്സും എംഗൽസും ലനിനും മാത്രമല്ല, ട്രോട്സ്കിയും എയിൻസ്റ്റിനും ഗാന്ധിജിയും അദ്ദേഹത്തിനു മാർഗ്ഗദർശനം നൽകിയിട്ടുണ്ടു്. പ്രഹ്ളാദനും സോക്രട്ടീസും തോറെയും ഗാന്ധിജിയുമാണു് മററാരെയുംകാൾ കൂടുതലായി ആ ജീവിതത്തെയും ചിന്താഗതിയേയും സ്വാധീനം ചെയ്തിട്ടുള്ളതു്. ലോകം മുഴുവൻ അദ്ദേഹം പലവുരു ചുററിക്കറങ്ങി. സമ്പത്തിൻെറയും സമൃദ്ധിയുടെയും നാടായ അമേരിക്കയും റഷ്യയുൾപ്പെടുന്ന യൂറോപ്പും കൊടും പട്ടിണിയും നിത്യദാരിദ്ര്യവും നൃത്തംചെയ്യുന്ന ഏഷ്യയും ആഫ്രിക്ക

KOTTAYAM PUBLIC LIBRARY
KOTTAYAM.

യും തമ്മിലുള്ള വൻപിച്ച അന്തരം ആ ലോകഹൃദയത്തെ വേദനിപ്പിച്ചു. വെളുത്തവരും കറുത്തവരും ആയുള്ള ഈ അന്തരം അവസാനിക്കണമെന്നു അദ്ദേഹം ആഗ്രഹിക്കുന്നു. യഥാർത്ഥവും ശാശ്വതവുമായ ലോകസമാധാനം ഈ ഇരുണ്ടവർഗ്ഗങ്ങളുടെ ജീവിതത്തോത്തു ഉയരുന്നതിലും യൂറോപ്യൻ ജനതയോടൊപ്പമുള്ള അവരുടെ സമത്വത്തിലുമാണു് സ്ഥിതിചെയ്യുന്നതെന്നു അദ്ദേഹം വിശ്വസിക്കുന്നു. ഏഷ്യൻ ആഫ്രിക്കൻ ജനതയുടെ ഈ പിന്നണി സമ്പത്‌വ്യവസ്ഥിതിയുടെ പശ്ചാത്തലത്തിലാണു് അദ്ദേഹം സോഷ്യലിസത്തെ സമീപിക്കുന്നതു്. എല്ലാ രാജ്യങ്ങളുടെയും സമത്വം അംഗീകരിക്കുന്ന, യാതൊരു രാജ്യത്തിനും പ്രത്യേകമായ യാതൊരു പദവിയും ഇല്ലാത്ത, ഒരു ലോക പാർലിമെൻറും ഓരോ രാജ്യവും അവരുടെ കഴിവനുസരിച്ചു നൽകുന്നതും ആവശ്യം അനുസരിച്ചു വാങ്ങുന്നതുമായ ഒരു ലോകപുനരുദ്ധാരണസമിതിയും അദ്ദേഹം വിഭാവന ചെയ്യുന്നു. അതോടൊപ്പം മൃതപ്രായരായ ജനതയെ പുനർജീവിപ്പിക്കുന്നതിനും അവക്കു ആവേശം നൽകുന്നതിനും സോഷ്യലിസത്തിനു കഴിവുണ്ടാകണമെങ്കിൽ അവക്കു മുൻകൈഎടുത്തു പ്രവത്തിക്കുവാൻ സാദ്ധ്യതകൾ നൽകത്തക്കവണ്ണം അധികാരം പൂർണ്ണമായും വികേന്ദ്രീകരിക്കപ്പെടണമെന്നും അങ്ങനെ കമ്മ്യൂൺകളുടെ (ഗ്രാമങ്ങളുടെ) ഗവണ്മെൻറു് ഉണ്ടാകണമെന്നും അദ്ദേഹം കരു

ത്തുന്നു. ഒരു വശത്തു ലോകപാർലിമെൻറും ലോക ഗവണ്മെൻറും മറുവശത്തു് കമ്മ്യൂണുകളുടെ ഗവണ്മെൻറുമൂലം മനുഷ്യസമുദായത്തിന്നു മനുഷ്യസമുദായത്തിൻേറതായ ഗവണ്മെൻറുണ്ടാകുമെന്നു അദ്ദേഹം ആശിക്കുന്നു.

സോഷ്യലിസം റാം മനോഹർ ലോഹ്യക്കു ഒരു സാമ്പത്തികശാസ്ത്രമല്ല. എന്നാൽ ഒരു പുതിയ സംസ്ക്കാരമാണു് ഭൗതികമായ പുരോഗതിയിലും സംസ്ക്കാരത്തിലൂടെയും മാത്രം അതു് സാദ്ധ്യമാണെന്നു അദ്ദേഹം കരുതുന്നില്ല. യൂറോപ്പ്യൻ ഭൗതികസംസ്ക്കാരം നമുക്കു നൽകിയ ഏററവും വലിയ സംഭാവന ആററം ബോംബാണു്. അതിൻെറ സൃഷ്ടാവിനെ എയിൻസ്ററനെ അദ്ദേഹത്തിൻെറ ഏകാന്തതയിൽ ലോഹ്യ സന്ദർശിച്ചു ഇന്ത്യയിലേക്കു ക്ഷണിച്ചു എയൻസ്ററനിൽ മ്ലാനതയാണു് അദ്ദേഹം കണ്ടതു്. യൂറോപ്പ്യൻ ഭൗതികസംസ്ക്കാരത്തിൻെറ പരാജയത്തിലുള്ള മ്ലാനത—മനുഷ്യവർഗ്ഗം നിലനിൽക്കുമോ—ഈ അണുവായുധങ്ങളെ അതിജീവിക്കുമോ—യൂറോപ്പ്യൻ ഭൗതികസംസ്ക്കാരത്തിന്നു മനുഷ്യരാശിക്കു ശാശ്വതമായ സമാധാനം നൽകുവാൻ കഴിഞ്ഞില്ല. ആ ഭൗതികസംസ്ക്കാരം അതിന്നു മുൻപുണ്ടായ മററെല്ലാ സംസ്ക്കാരങ്ങളെപ്പോലെയും ഇന്നു് തകർച്ചയുടെ വക്കിലാണു്. മറുവശത്തു ഗാന്ധിജി—ഈ നൂററാണ്ടിലെ ഏററവും വലിയ മഹാത്മാ

വ്. അദ്ദേഹത്തിൻെറ അക്രമരാഹിത്യസിദ്ധാന്തം അതു് ജീവിതത്തിൻെറ പ്രധാന അരുവിയായിത്തീരുമോ? ആത്മീയസമത്വത്തിനുവേണ്ടിയുള്ള കഴിഞ്ഞകാലപരിശ്രമങ്ങൾ പരാജയപ്പെട്ടു—ഉപനിഷത്തുകളും ഗീതയും ബൈബിളും. വിശക്കുന്നവയറുകളോടു ധാർമ്മികമൂല്യങ്ങളെപ്പററിയുള്ള ദിവ്യോപദേശം പാപമാണെന്നു അദ്ദേഹം വിശ്വസിക്കുന്നു. ശങ്കരാചാര്യൻ ആത്മീയസമത്വത്തെ ഉപദേശിച്ചു; ജാതിസമ്പ്രദായത്തെ നിലനിറുത്തുകയും ചെയ്തു. കഴിഞ്ഞകാല ഭാരതീയസംസ്ക്കാരം ഭൗതികസംസ്ക്കാരത്തിൽനിന്നകന്ന ആത്മീയസമത്വത്തിൽ പരാജയപ്പെട്ടു. ആധുനിക യൂറോപ്യൻ സംസ്ക്കാരം ആത്മീയസമത്വത്തിൽനിന്നകന്ന ഭൗതികസംസ്ക്കാരത്തിന്റെ അന്വേഷണത്തിൽ പരാജയമടഞ്ഞു കൊണ്ടിരിക്കുകയാണു്. പുതിയ മനുഷ്യസംസ്ക്കാരം, സോഷ്യലിസം, ആത്മീയവും ഭൗതികവും ആയ സമത്വത്തിൻെറ സംയോജിത പ്രകാശനമായിരിക്കണമെന്നു ലോഹ്യ ആഗ്രഹിക്കുന്നു അതിനു അദ്ദേഹം കാണുന്ന ഏററവും നല്ല ഉദാഹരണം നമ്മുടെ കുടുംബമാണു്. ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ ഭൗതികമായ സമത്വമുണ്ടു്. വേലയെടുക്കുവാൻപാടില്ലാത്ത പ്രായംചെന്ന മാതാപിതാക്കൾക്കും കുട്ടികൾക്കും വേലയെടുക്കുന്നവരോടൊപ്പം തന്നെ ആവശ്യമായതെല്ലാം നൽകുന്നു. എല്ലാവ

രും അവരുടെ കഴിവനുസരിച്ചു പ്രയത്നിക്കുന്നു. അതോടൊപ്പം ഒരു കുടുംബത്തിൽ ആത്മീയമായ സമത്വവുമുണ്ട്. ഈ തരത്തിൽ മനുഷ്യസമുദായത്തിൻെറ വിശാലമായ കൂട്ടുകുടുംബത്തിനുവേണ്ടി, സമന്മാരുടേതായ സ്വതന്ത്രലോകത്തിനു വേണ്ടി അദ്ദേഹം നിലകൊള്ളുന്നു.

മനുഷ്യസമുദായത്തിൻെറ വിശാലമായ കൂട്ടുകുടുംബം—അതു് ആ തരത്തിൽ ചിന്തിക്കുന്ന ലോകമനസ്സുകളുടെ സംഘടിതയത്നത്തിലൂടേ സാദ്ധ്യമാവൂ. അക്രമത്തെ എതിർക്കുക; ആരുടെ ഭാഗത്തുനിന്നായാലും എതിർക്കുക. ഇന്നു രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ അക്രമത്തിനു പ്രസക്തിയില്ല. അതുപോലെതന്നെ രാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തിലും അക്രമത്തിനു സ്ഥാനമില്ലാതെയാകണം—അക്രമം ഗവണ്മെൻറിൻെറ ഭാഗത്തുനിന്നായാലും ജനങ്ങളുടെ ഭാഗത്തുനിന്നായാലും എതിർക്കപ്പെടണം. ഈ പശ്ചാത്തലത്തിൽവേണം തിരുക്കൊച്ചിയിലെ വെടിവെപ്പിനെപ്പററിയുള്ള ലോഹ്യായുടെ നിലപാടിനെ കാണേണ്ടതു്. അതോടൊപ്പം അനീതിയ്ക്കെതിരായി അന്തമററ സമരത്തിനു, അക്രമരഹിതമായ സമരത്തിനുവേണ്ടി അദ്ദേഹം നിലകൊള്ളുന്നു. ഭീരുക്കളുടെ നാട്ടിൽമാത്രമേ സ്വേച്ഛാധിപതികൾ വാഴുകയുള്ളു എന്നദ്ദേഹം വിശ്വസിക്കുന്നു. സ്വേച്ഛാധിപതിയുടെ മനംമാററത്തിനല്ല, സ്വേച്ഛാധി

പത്യത്തെ ചെറുക്കുവാനുള്ള ജനതയുടെ കരുത്തു സൃഷ്ടിക്കേണ്ടതാണ് ആവശ്യമെന്നദ്ദേഹം കരുതുന്നു. അനീതി നിറഞ്ഞിടത്ത് ഒരു സ്വാതന്ത്ര്യപ്രേമിയുടെ സ്ഥാനം കാരാഗൃഹം മാത്രമാണെന്നുള്ള തോറെയുടെ വാക്കുകൾ അദ്ദേഹം കൂടെക്കൂടെ അനുസ്മരിക്കുന്ന് അതോടൊപ്പം കഷ്ടപ്പാടിലുള്ള സഹാനുഭൂതികൊണ്ടു നാം നിറഞ്ഞുകവിയണമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നു. അങ്ങനെ സോഷ്യലിസം അനീതിക്കെതിരായുള്ള വിട്ടുവീഴ്ചയില്ലാത്ത സമരത്തിൻെറയും കഷ്ടപ്പാടിലുള്ള സഹാനുഭൂതിയുടെയും ഒരു സമാസമായി രൂപാന്തരപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. സോഷ്യലിസത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ സമീപനത്തെപ്പററി പ്രധാനമായും നാം മനസ്സിലാക്കുന്നത് Fragments of a World Mind, Aspects of Socialist Policy, Wheel of History എന്നീ പുസ്തകങ്ങളിലൂടെയാണ്. അതിൽ Aspects of Socialist Policy യിലെ രണ്ടു പ്രസംഗങ്ങളാണ് വിവർത്തനം ചെയ്തു ഇവിടെ കൊടുത്തിരിക്കുന്നത്. ആദ്യത്തേത് ഒന്നാമത്തെ പൊതു തെരഞ്ഞെടുപ്പിനു ശേഷം നിരാശ നിറഞ്ഞ അന്തരീക്ഷത്തിൽ പാച്ചുമാഹിയിൽവച്ച് കൂടിയ പി. എസ്. പി സ്പെഷ്യൽ കൺവൻഷനിൽവച്ചു ചെയ്ത അദ്ധ്യക്ഷപ്രസംഗം ആണ്. രണ്ടാമത്തേത് യു. പി. സോഷ്യലിസ്ററു പാർട്ടിയുടെ വാർഷികസമ്മേളനത്തിൽ ചെയ്ത അ

ദ്ധ്യക്ഷപ്രസംഗമാണ്. അതു് ഒരു മാലയുടെ പെൻഡൻറുപോലെ ആദ്യത്തേതിനോടു ചേർന്നുപോകുന്നു.

ലോഹ്യാ ഇന്നു ആദർശങ്ങളുടെയും സ്വപ്നങ്ങളുടെയും ലോകത്തിൽ ജീവിക്കുന്നു. എന്നാൽ **നാളെ** ആ ആദർശങ്ങളുടേതല്ലയോ? മനുഷ്യവർഗ്ഗത്തിൻെറ നിലനിൽപ്പിനും പുരോഗതിക്കും ശാശ്വത സമാധാനത്തിനും മറേറതാണു് ഒരു മാർഗ്ഗം. ചിന്തിക്കുന്ന കേരളത്തിലെ ജനതയുടെ അവഗാഢമായശ്രദ്ധയ്ക്കു ലോകസോഷ്യലിസ്ററു ചിന്തകരിൽ മുന്നണിയിൽനിൽക്കുന്ന ഡോ: ലോഹ്യായുടെ അത്യഗാധമായ ഈ ലേഖനങ്ങൾ സമർപ്പിച്ചുകൊള്ളട്ടെ.

കോട്ടയം,<br>
11—5—1957.

പി. വി. കുര്യൻ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

സോഷ്യലിസം മാത്രമാണ് മനുഷ്യന ഇന്ന് ആശയ്ക്കു അവകാശം നൽകുന്ന ഒരേ ഒരു സിദ്ധാന്തം. എന്നാൽ അതു ഒട്ടുവളരെ പരാധീനതകളിൽ അകപ്പെട്ടിരിക്കുകയാണ്. ബർമ്മാ ഒഴിച്ചുള്ള വിശാലമായ ഏഷ്യയും സ്കാൻഡിനേവിയായും യുഗോസ്ലേവിയയും ഏററമിറക്കത്തിൽ കിടക്കുന്ന ഇംഗ്ളണ്ടും പൂർണ്ണമായി തീരുമാനിക്കപ്പെടാത്ത ഓസ്ത്രിയായും ഒഴിച്ചുള്ള യൂറോപ്പും മററു മൂന്നു ഭൂഖണ്ഡങ്ങളും ഇന്നേവരെ സോഷ്യലിസത്തിന്റെ ശക്തി അറിയുകയോ അതിന്റെ വൈശിഷ്ട്യങ്ങൾ അനുഭവിക്കുകയോ ചെയ്തിട്ടില്ല. ശക്തിയുടെ അഭാവം മനസ്സിന്റെ അഭാവത്തോടൊരുമിച്ചുപോകുന്നു. മുതലാളിത്തത്തിന്റേതും കമ്മ്യൂണിസത്തിന്റേതുമായി പങ്കുവെയ്ക്കപ്പെട്ടിരിക്കുന്ന ഒരു ലോകത്തിൽ സോഷ്യലിസത്തിനു സ്വശക്തമായ ഒരു സിദ്ധാന്തമായി വളരുവാൻ കഴിയാതെയാണിരിക്കുന്നതു്. ഉറപ്പിന്റെയും മാററത്തിന്റെയും പ്രവണതകളെ സംയോജിപ്പിക്കുന്ന ഒരു സിദ്ധാന്തമായി, ഇന്നു നിലവിലിരിക്കുന്ന സ്ഥിതിഗതികൾക്കു് ശക്തികൂട്ടാതെതന്നെ ഉറപ്പും, തകർച്ചക്കു മൂർച്ചകൂട്ടാതെതന്നെ മാററവും, കൈവരുത്തുന്ന ഒരു സിദ്ധാന്തമായി വളരുവാൻ സോഷ്യലിസത്തിനു കഴിഞ്ഞിട്ടില്ല. ഇങ്ങനെ സോഷ്യലിസ്റ്റ് മനസ്സിന്റെ അഭാവം പലപ്രകാര

ത്തിലൂടെയും പ്രകടമാകുന്നു. ഇന്ത്യയിൽ അതു പലപ്പോഴും പ്രവൎത്തനത്തിലുള്ള സംശയവും തന്മൂലം മുതലാളിത്തത്തിന്റെയോ കമ്മ്യൂണിസത്തിന്റെയോ പിന്നണിഗായകരാകുവാനും ഇടയാക്കുന്നു. ഇംഗ്ളണ്ടിൽ അതു വൎദ്ധമാനമായ സമൃദ്ധിയുടെ ലക്ഷ്യവും ചെലവുകൾ ചുരുക്കേണ്ടതിന്റെ ആവശ്യകതയുമായി അപരിഹാര്യമായ മത്സരത്തിലേക്കു നയിക്കുന്നു അമേരിക്കയിൽ സാമ്പത്തികാധഃപതനം ഉണ്ടാകുന്നതുവരെ കാത്തിരിക്കുവാനും അന്നു വിഷമതകളും കഷ്ടപ്പാടുകളും അനുഭവിക്കുന്ന ഒരു ജനതയോടു സോഷ്യലിസത്തിന്റെ സുവിശേഷം പ്രചരിപ്പിക്കാമെന്നു ആശിക്കുന്നതിനും അമേരിക്കൻസോഷ്യലിസ്റ്റുകളെ പ്രേരിപ്പിക്കുന്നു. സാൎവദേശീയമായിട്ടു വിവിധരാജ്യങ്ങളിലെ സോഷ്യലിസ്റ്റുകളെ വിഭിന്ന മാൎഗ്ഗങ്ങളിലൂടെ പോകുന്നതിനു ഇതു പ്രേരിപ്പിക്കുന്നു. ഇതിനുദാഹരണമാണു് യൂറോപ്യൻ സൈന്യത്തെപ്പററിയും ഉരുക്കിന്റെയും കൽക്കരിയുടെയും കാര്യത്തിലും ജമ്മനിയിലെയും ഫ്രാൻസിലെയും സോഷ്യലിസ്റ്റുകൾ തമ്മിലുള്ള അഭിപ്രായാന്തരങ്ങൾ.

## അടിസ്ഥാനപരമായ അന്വേഷണം

സോഷ്യലിസം മുതലാളിത്തമോ കമ്മ്യൂണിസമോ ആയി തുലനം ചെയ്യുകയാണെങ്കിൽ പുതുതായ ഒരു സിദ്ധാന്തമാണു്. കുറേയൊക്കെ അതായി

രിക്കാം അതിൻെറ ദൌർബ്ബല്യങ്ങളുടെ കാരണം. അതോടൊപ്പംതന്നെ അതു നമുക്കു ആശയും നൽകുന്നു. തെററായരീതികളും പ്രവൎത്തനങ്ങളുമാണു് മറെറാരു കാരണം എന്നാൽ സിദ്ധാന്തപരമായ അടിസ്ഥാനത്തിൻെറ അഭാവമാണു് സോഷ്യലിസത്തിൻെറ വളച്ച്ക്കു ഏററവും വലിയ പ്രതിബന്ധമായി തീൎന്നിട്ടുള്ളതു്. ജീവിക്കുന്നതും സ്പന്ദിക്കുന്നതുമായ ഒരു സിദ്ധാന്തത്തിൻെറയും അടിസ്ഥാനം എന്നേക്കുമായി പൂർണ്ണമായിട്ടു അടക്കുകയോ ഉറപ്പിക്കപ്പെടുകയോ ചെയ്യുന്നില്ല ആശയപരമായ അഭിപ്രായവ്യത്യാസങ്ങൾ സോഷ്യലിസ്ററുകൾ പ്രകടിപ്പിക്കാതിരിക്കുന്ന ആ ദിവസം സോഷ്യലിസ്ററു് പ്രസ്ഥാനത്തിനു വിനാശകരമായിരിക്കും എന്നാൽ സോഷ്യലിസത്തിനു യുക്തിപൂർവകമായ വേണ്ടത്ര അടിസ്ഥാനം ഉണ്ടായിരിക്കണം. അതു ചിന്തയിലും പ്രവൃത്തിയിലും സ്വതന്ത്രമായ മർഗ്ഗം നൽകുകയും ഭിന്നിക്കലിൽനിന്നും ശിഥിലീകരണത്തിൽനിന്നു രക്ഷിക്കുകയും ചെയ്യും. സോഷ്യലിസം വളൎന്നുകൊണ്ടിരിക്കുന്ന ഒരു സിദ്ധാന്തമായിരിക്കണം അതോടൊപ്പംതന്നെ അതിൻെറ വിവിധാവയവങ്ങളെ കൂട്ടിഇണക്കി നിലനിറുത്തുന്ന തത്വസംഹിതയെപ്പററി അന്വേഷണം നടത്തുകയും വേണം. കടംവാങ്ങിയ ശ്വാസത്തിൽ ജീവിക്കുകയെന്നാസമ്പ്രദായം സോഷ്യലിസം എന്നേക്കുമായി അവസാനിപ്പിക്കണം.

കമ്മ്യൂണിസത്തിൽനിന്ന അതിൻെറ സാമ്പത്തിക ലക്ഷ്യങ്ങളും മുതലാളിത്തത്തിൽനിന്ന അതിൻെറ സാമ്പത്തികമൊഴിച്ചുള്ളതും പൊതുവായുള്ളതും ആയ ലക്ഷ്യങ്ങളും സോഷ്യലിസം വളരെ നാളുകളായി കടമെടുത്തിരിക്കുകയാണു്. തീവ്രമായ പൊരുത്തമില്ലായ്മയാണു് അതിൻെറ അനന്തരഫലം. സമൂഹത്തിൻെറ പൊതുവായ ലക്ഷ്യങ്ങളെ ഒരിക്കൽക്കൂടി അന്വേഷിച്ചു കണ്ടുപിടിക്കുവാനും അവയെ പൊരുത്തപ്പെടുത്തുവാനുമാണു് സോഷ്യലിസം പരിശ്രമിക്കേണ്ടതു്.

നിലവിലുള്ള ഉൽപാദനോപാധികളുടെമേൽ സാമൂഹ്യ ഉടമ ഏർപ്പെടുത്തുകയും അവയെ പുരോഗമനപരമായി വികസിപ്പിക്കുകയും വൻ തോതിലുള്ള ഉൽപ്പാദനവും പ്ളാനിംഗിൻെറ അടിസ്ഥാനത്തിലുള്ള സമ്പദ്‌വ്യവസ്ഥിതിയും സോഷ്യലിസത്തിൻെറ സാമ്പത്തിക ലക്ഷ്യങ്ങളായി ഏറെക്കുറെ അംഗീകരിക്കപ്പെടുന്നു ദേശീയസ്വാതന്ത്ര്യത്തിൻെറ സംരക്ഷണവും ജനാധിപത്യവും മാനുഷികാവകാശങ്ങളും സമാധാനത്തിൻെറ സംസ്ഥാപനവും മാനുഷികമൂല്യങ്ങൾ അല്ലെങ്കിൽ അദ്ധ്യാത്മികമൂല്യങ്ങൾ എന്നിവ നേടുന്നതും സോഷ്യലിസത്തിൻെറ പൊതുലക്ഷ്യങ്ങളായി കരുതപ്പെടുന്നു. ഈ തരത്തിലുള്ള ഒട്ടിച്ചേർക്കൽ സോഷ്യലിസത്തിൻെറ ഭാവിക്കു അപകടകരമായിരിക്കും. അതു സാമ്പത്തിക ജനാധിപത്യം കമ്മ്യൂണിസത്തിലും രാഷ്ട്രീയ ജനാ

ധിപത്യം മുതലാളിത്തത്തിലും ഉണ്ടെന്നും അവതമ്മിൽ സംയോജിപ്പിച്ചാൽ മാത്രം മതിയെന്നും ഉള്ള അപകടകരമായ ധാരണയ്ക്കു ശക്തികൂട്ടും. അല്ലാതെ തന്നെ ജനാധിപത്യ സോഷ്യലിസത്തെപ്പററിയുള്ള ധാരണ പലപ്പോഴും അതിന്റെ ഒരു തുണ്ടു മുതലാളിത്ത ജനാധിപത്യത്തിലും മററതു കമ്മ്യൂണിസ്ററു സേഛാധിപത്യത്തിലും അന്വേഷിപ്പാൻ ആളുകളെ പ്രേരിപ്പിക്കുന്നു. അതിന്റെ ഫലം ചിന്തയിലും പ്രവൃത്തിയിലും ഉള്ള പൊതുവായ തളർച്ചയാണു്. മുതലാളിത്തത്തിനും കമ്മ്യൂണിസത്തിനും യുക്തിപൂർവങ്ങളായ സമുച്ചയങ്ങളുണ്ടു്. മനുഷ്യസമുദായത്തിനു എന്തെല്ലാം വിനാശങ്ങൾ അവ ഇനിയും കെട്ടിയേൽപ്പിച്ചാലും അവ യുക്തിരാക്ഷസന്മാർ എങ്കിലുമാണു് മുതലാളിത്തവും കമ്മ്യൂസവും പണിതിരിക്കുന്ന അസ്ഥിവാരങ്ങളെ ഇളക്കിമാററുന്നതിനും അവയുടെ സ്ഥാനത്തു സാമ്പത്തികവും പൊതുവായും ഉള്ള ലക്ഷ്യങ്ങളെ പൊരുത്തപ്പെടുത്തിക്കൊണ്ടുള്ള ഒരു നൂതന ആശയസമുച്ചയം പണിയുവാനും സോഷ്യലിസത്തിനു കഴിവുണ്ടാകുന്നില്ലെങ്കിൽ കാലത്തിനൊപ്പം വളരുവാൻ കഴിവില്ലാത്ത യുക്തിവിരുദ്ധമായ ഒരു സിദ്ധാന്തമായി അതു തുടരും.

## മുതലാളിത്തത്തിലെ വൈരുദ്ധ്യങ്ങൾ.

മുതലാളിത്തം വ്യക്തിയുടെയും സ്വകാര്യ ഉടമയുടെയും സിദ്ധാന്തമാണു്. അനസ്യൂതം വളർന്ന

കൊണ്ടിരിക്കുന്ന ശാസ്ത്രീയവിജ്ഞാനം കൃഷിയിലും വ്യവസായത്തിലും പ്രയോഗിക്കുവാൻ അതു ശ്രമിക്കുന്നു. അതിൻെറ സാമ്പത്തിക ലക്ഷ്യങ്ങൾ വൻതോതിലുള്ള ഉൽപ്പാദനവും കുറഞ്ഞ ചെലവും ഉടമസ്ഥന്നു ലാഭവും ആണ്. അതിൻെറ പൊതു ലക്ഷ്യങ്ങൾ വിവിധതാൽപ്പര്യങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ജനാധിപത്യവും സന്മാർഗ്ഗവും രാഷ്ട്രങ്ങളുടെ ശക്തിസമീകരണംമൂലമുള്ള സമാധാനവും ആണ്. ഈ മുതലാളിത്തസമുച്ചയം മനുഷ്യസമുദായത്തിൻെറ മൂന്നിലൊരു ഭാഗത്തിന്നു തരക്കേടില്ലായിരുന്നു സാങ്കേതിക ജ്ഞാനത്തിലുണ്ടായ വിപ്ലവാത്മകമായ പരിവർത്തനങ്ങളുടെ ഗുണങ്ങൾ അവർക്കുമാത്രം ലഭിച്ചിരുന്നു എന്നാൽ അവർക്കുപോലും ഇതിൻെറ ഫലം കാലാനുകാലിക പ്രതിസന്ധിഘട്ടങ്ങളും യുദ്ധങ്ങളും ആയിരുന്നു ഇതു് കേന്ദ്രീകൃതമായ മൂലധന ഉടമകളും അവരുടെ ശവക്കുഴിതോണ്ടുന്നവരായ തൊഴിലാളിവർഗ്ഗവുമായും ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളുമായും ഉള്ള സംഘട്ടനങ്ങൾക്കു മാത്രമല്ല വഴിതെളിച്ചതു്. എന്നാൽ ഭൂമിയുടെ മൂന്നിലൊരുഭാഗത്തെ ഭീമാകാരമായ ഉൽപ്പാദനരീതികളും ബാക്കിയുള്ളിടത്തെ നശിച്ചുകൊണ്ടിരിക്കുന്ന ഉൽപ്പാദനസംവിധാനവും തമ്മിലുള്ള ഗൗരവതരമായ വൈരുദ്ധ്യത്തിനും ഇതു വഴിതെളിച്ചു ഈ വൈരുദ്ധ്യം ഒരു കത്തികൊണ്ടെന്നപോലെ ലോകത്തെ രണ്ടായി

കീറിമുറിച്ചു. മദ്ധ്യരേഖക്കു നാല്പതു ഡിഗ്രി വടക്കു താമസിക്കുന്നവക്കു ശാരിരികമായ സൗഭാഗ്യം എങ്കിലും ലഭിച്ചു. ഭൂമിയുടെ ശേഷിച്ച ഭാഗത്തുള്ള ബഹുഭൂരിപക്ഷം ജനങ്ങൾ പട്ടിണിയിലും അമന്നു. എന്നാൽ ആ മുറിവിൽനിന്നും ലോകം ഒട്ടാകെ രക്തം ഇന്നും വാർന്നുകൊണ്ടിരിക്കുകയാണു്. മുതലാളിത്തം ഏഷ്യയിലും മററുള്ളയിടങ്ങളിലും മരണത്തിൻെറ സമാധാനം കെട്ടിയേൽപ്പിച്ചു. അവരുടെ ജനസംഖ്യ പെരുകുവാനും ഉൽപ്പാദനസംവിധാനം തകരുവാനും ഇടയാക്കി. ജനസംഖ്യയും ഉൽപ്പാദനോപാധികളും വെള്ളവർഗ്ഗങ്ങൾക്കു ഒരേ തോതിനു വളർന്നപ്പോൾ കറുത്തവർഗ്ഗങ്ങൾക്കു ഉണ്ടായിരുന്ന തൊഴിലുകളും പഴയ ഉൽപ്പാദന സംവിധാനവും കൈത്തൊഴിലുകളും നശിക്കുകയും ചെയ്തു.

അമേരിക്കയിലെയും റഷ്യയിലെയും വെള്ളവർഗ്ഗങ്ങൾ ചതുരശ്രമൈലിനു ജനസംഖ്യ അൻപതിൽക്കൂടാതെ എന്ന കണക്കിനു ജീവിക്കുന്നു. യൂറോപ്പിൻെറ ചില ഭാഗങ്ങളിൽ കൂടുതൽ ജനപ്പെരുപ്പമുണ്ടു്. എന്നാൽ അവക്കു വളരെയധികം വളന്നിട്ടുള്ള വൻപിച്ച ഉൽപ്പാദനസംവിധാനം ഉണ്ടു്. പോരെങ്കിൽ വിസ്തൃതമായ ആഫ്രിക്കൻ കോളനികളും അവക്കുണ്ടു്. എന്നാൽ കറുത്തവർഗ്ഗക്കാർ വഹിക്കുവാൻ പാടില്ലാത്ത ജനസംഖ്യയിൽ എത്തിച്ചേന്നിരിക്കുന്നു. ഇന്ത്യയിൽ മുന്നൂറും ജാവായി

ൽ അറുന്നൂറുമാണു് ജനസംഖ്യ. അവരുടെ ഉൽപ്പാദനോപകരണങ്ങൾ മറെറാന്നുമായി തുലനം ചെയ്യുവാൻ പാടില്ലാത്തവണ്ണം താഴ്ന്നതുമാണു്. വെള്ളവർഗ്ഗത്തിലുള്ളവക്കു ആളൊാംപ്രതി അയ്യായിരവും എണ്ണായിരവും ഉറുപ്പികയ്ക്കു് പണിയായുധങ്ങളുള്ളപ്പോൾ നിറം കുറഞ്ഞ ഏഷ്യക്കാരനു് നൂററിഅൻപതു ഉറുപ്പികയുടെ പണിയായുധങ്ങൾ മാത്രമാണുള്ളതു്. ഇത്ര വൻപിച്ച ഒരു ജനതയ്ക്കു യൂറോപ്പിലെയും അമേരിക്കയിലെയും നിലവാരത്തോടൊപ്പം ഉയർത്തക്കവണ്ണം ഉൽപ്പാദനോപകരണങ്ങൾ നൽകുവാൻ മുതലാളിത്തസംവിധാനത്തിനും അതിലെ സ്വകാര്യ ഉടമയ്ക്കും വൻകിട ഉൽപ്പാദനസമ്പ്രദായത്തിനും കഴിവില്ല. മുതലാളിത്തത്തിൻെറ ആലിംഗനം അതു എത്രമാത്രം സ്നേഹപുരസ്സരമായിരുന്നാൽപ്പോലും അതിനു വശീകരിക്കുവാൻ കഴിയാത്തവണ്ണം അതു ഏഷ്യൻ ജനതയെ കൊള്ളചെയ്യു. ലോകത്തിലെ മൂന്നിൽ രണ്ടുഭാഗത്തെ മൂലധനരൂപീകരണം മുതലാളിത്തത്തിനു നിറവേററുവാൻ കഴിവില്ലാത്തവണ്ണം അത്രയ്ക്കു ഭീമമാണു്. മനുഷ്യസമുദായത്തിനാവശ്യമായ മൂലധനം നൽകുക എന്ന പ്രാഥമികമായ ചുമതല പോലും നിറവേററുവാനുള്ള കഴിവു മുതലാളിത്തത്തിനില്ല. അങ്ങനെ വെള്ളവർഗ്ഗക്കാരുടെ ഇടയിൽ മാത്രമുള്ള മുതലാളിത്ത സംവിധാനം മനുഷ്യസമുദായത്തിൽ ആകമാനം വ്യാപിപ്പിക്കുവാനും

അതിനെ സാർവദേശീയമാക്കുവാനുമുള്ള പരിശ്രമം പരാജയപ്പെടാതെ നിർവാഹമില്ല. മുതലാളിത്തത്തിൻെറ ഇരട്ടപിറന്ന സന്താനങ്ങളാണു ദാരിദ്ര്യവും യുദ്ധവും. മനുഷ്യരിൽ മൂന്നിൽ രണ്ടുഭാഗത്തിനു ദാരിദ്ര്യവും ബാക്കിയുള്ളവർക്കു യുദ്ധവും. മുതലാളിത്തത്തിനു അതിൻെറ സ്വന്തം സന്താനങ്ങളെത്തന്നെ നശിപ്പിക്കുന്നതിനുള്ള കഴിവു ഇല്ലാതെയാണിരിക്കുന്നതു്. ഭയാനകമായ ദാരിദ്ര്യത്തിൻെറ മദ്ധ്യത്തിൽ കഴിയുന്ന ഇരുണ്ട വർഗ്ഗക്കാർക്കു സ്വകാര്യ ഉടമയുടെ സന്മാർഗ്ഗവും വിഭിന്നങ്ങളും വിരുദ്ധങ്ങളുമായ താൽപര്യങ്ങളുടെ ഒത്തുതീർപ്പിലൂടെയുള്ള ജനാധിപത്യവും നേടുക അസാദ്ധ്യമാണു്. എത്രമാത്രം ത്യാഗങ്ങൾ അനുഭവിച്ചു സമ്പാദിച്ചതാണെങ്കിൽപ്പോലും ദേശീയസ്വാതന്ത്ര്യം വഴുതിപ്പോകാവുന്ന ഒരു നിധിയാണു്. ഇന്നും യുദ്ധമാണു് വെള്ളവർഗ്ഗക്കാരുടെ ഏററവും നല്ല അഭിസാരിക

•

## കമ്മ്യൂണിസത്തിൻെറ പരിമിതികൾ.

കമ്മ്യൂണിസം സാമൂഹ്യ ഉടമയുടെയും സ്വകാര്യസ്വത്തിൻെറ ബന്ധനങ്ങളിൽനിന്നു ഉൽപ്പാദനോപാധികളുടെ വിമോചനത്തിൻെറയും തത്വസംഹിതയാണു്. മററെല്ലാ തത്വസംഹിതകളേപ്പോലെ അതും ഉന്നതമായ ഒരു സംസ്ക്കാരമാണു് പൊതുലക്ഷ്യമായി വിഭാവനചെയ്യുന്നതു്. മനു

ഷ്യന്ന ഗവണ്മെൻറ് ആവശ്യമില്ലാതെവരികയും ഗവണ്മെൻറ് കൂടാതെതന്നെ കാര്യങ്ങൾ നിർവഹിക്കുകയും ചെയ്യാവുന്ന ഉന്നതമായ ഒരു സംസ്ക്കാരമാണ് പൊതുലക്ഷ്യമെങ്കിൽ തന്നെയും അതിൽ എത്തിച്ചേരുന്നതിന്ന ആദ്യം കേന്ദ്രീകൃതമായ ഒരു പാർട്ടിയും പിന്നീട് കേന്ദ്രീകൃതമായ രാഷ്ട്രവും അതു സൃഷ്ടിക്കുന്നു. ഇതിൻെറ ഉദ്ദേശം ഉൽപ്പാദനോപാധികൾക്കു മോചനം നൽകുന്നതിന്നും അവയെ വികസിപ്പിക്കുന്നതിന്നമാണ്. രാഷ്ട്രമില്ലാത്ത ഒരു സ്റ്റേററിൻെറ സന്മാർഗ്ഗവും ഒരു സേഛാധിപത്യ പാർട്ടിയുടെയും രാഷ്ട്രത്തിൻെറയും അസന്മാർഗ്ഗവുമായി ഒരു പൊരുത്തക്കേടും അതു കാണുന്നില്ല. അതിൻെറ സാമ്പത്തികവും പൊതുവായും ഉള്ള ലക്ഷ്യങ്ങൾ ഒന്നായി വാർത്തെടുക്കുവാൻ അതിന്ന കഴിഞ്ഞിട്ടുണ്ട് പൊതുലക്ഷ്യങ്ങളാകുന്ന അരുവികൾ സാമ്പത്തിക ലക്ഷ്യങ്ങളാകുന്ന ഉറവിടങ്ങളിൽനിന്നും ഒഴുകുക മാത്രമാണ്. സാമ്പത്തിക ലക്ഷ്യങ്ങളുടെ മുഴമിപ്പിക്കൽ പൊതുവായുള്ള ലക്ഷ്യപ്രാപ്തിയിൽ താനേ എത്തിക്കുമെന്നുള്ള അതിൻെറ വാദത്തിൽനിന്നമാണ ഈ അസന്മാർഗ്ഗികതയെ ന്യായീകരിക്കുന്നതു് സർവാധിപത്യരീതിയിലുള്ള പാർട്ടിയും രാഷ്ട്രവും വിജയത്തിന്ന അനപേക്ഷണീയമായ വ്യവസ്ഥ ആയതുകൊണ്ടു് ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിലെ അസന്മാർഗ്ഗികതം ആത്യന്തികമായ സന്മാർഗ്ഗികതത്തിലെ ഒരു

"End Justifies the means"

ചവിട്ടുപടി മാത്രമായിത്തീരുന്ന കമ്മ്യൂണിസ്റ്റ് സിദ്ധാന്തം മുഴുവനായും മനുഷ്യസംസ്ക്കാരത്തെപ്പററിയുള്ള അതിൻെറ പ്രത്യയശാസ്ത്രം പ്രത്യേകമായും തെററുകൾ നിറഞ്ഞതാണെന്നു തെളിഞ്ഞുവരികയാണു് അതിൻെറ കാരണം മുതലാളിത്ത ഉൽപ്പാദനബന്ധങ്ങൾ ഉൽപ്പാദനശക്തികൾ ഒട്ടും വളർച്ച പ്രാപിക്കാത്തരാജ്യങ്ങളിൽ തകരുകയണു്. കമ്മ്യൂണിസ്ററു് പ്രത്യയശാസ്ത്രത്തിൻെറ ഈ പരാജയത്തെ വിട്ടുകളഞ്ഞാൽതന്നെയും വൻപിച്ച ജനപ്പെരുപ്പവും താണനിലയിലുള്ള സാങ്കേതിക സമ്പ്രദായവും നിലവിലിരിക്കുന്നിടങ്ങളിൽ കമ്മ്യൂണിസ്റ്റ് വിജയങ്ങളുടെ പ്രായോഗികവിനാശങ്ങളെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കമ്മ്യൂണിസം മുതലാളിത്തത്തിൽനിന്നും അതിൻെറ ഉൽപ്പാദനരീതിയുടെ സാങ്കേതികവശങ്ങൾ സ്വീകരിക്കുന്നു. മുതലാളിത്തത്തിലെ ഉൽപ്പാദനബന്ധങ്ങൾമാത്രം തകർക്കുവാനാണു് അതു ശ്രമിക്കുന്നതു്. മുതലാളിത്തത്തിൻെറ സാങ്കേതികവശത്തിൻെറ പിൻതുടർച്ച കമ്മ്യൂണിസം അവകാശപ്പെടുന്നു. ആ സാങ്കേതിക സമ്പ്രദായം വികസിപ്പിക്കുന്നതിനു മുതലാളിത്തത്തിനു കഴിവില്ലാതെ വരുമ്പോൾ അതു വികസിപ്പിക്കുന്നതിനു കമ്മ്യൂണിസം നിലകൊള്ളുന്നു. മുതലാളിത്തസാങ്കേതികസമ്പ്രദായം ലോകത്തിലെ മൂന്നിൽ രണ്ടുഭാഗം ജനങ്ങൾ

കൾ എന്താണ് നൽകിയതെന്ന് മനസ്സിലാക്കുവാൻ കമ്മ്യൂണിസ്ററു പ്രത്യയശാസ്ത്രത്തിനു കഴിയാതെ പോയി വൻപിച്ച ജനസഞ്ചയങ്ങളും വളരെയധികം പിന്നണിയിൽ നിൽക്കുന്ന ഉൽപ്പാദനബന്ധങ്ങളുമാണുള്ളത്. ഈ പിന്നണി സമ്പത്വ്യവസ്ഥിതിയിൽ കമ്മ്യൂണിസ്റ്റടിസ്ഥാനത്തിലുള്ള റാഷനലൈസേഷൻ ഏർപ്പെടുത്തുവാൻ, അല്ലെങ്കിൽ ഉൽപ്പാദനശക്തികൾ കൃത്രിമ മാർഗ്ഗത്തിലൂടെ വളരെ ദ്രുതഗതിയിൽ വർദ്ധിപ്പിക്കണമെങ്കിൽ, ചരിത്രത്തിൽ ഇന്നുവരെ അറിയപ്പെട്ടിട്ടില്ലാത്ത കൂട്ടക്കൊലയിലൂടെയല്ലാതെ സാദ്ധ്യമല്ല. കൂട്ടക്കൊല നടത്തിയാൽപ്പോലും സാദ്ധ്യമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെയോ ജാവായിലെയോ ചൈനായിലെയോ ഒരു കർഷകനെ ഒരു വ്യവസായ തൊഴിലാളിയായി മാററുക, ഒരു കൃഷിക്കാരനെ ട്രാക്ടർ ഡ്രൈവറാക്കി മാററുക, ഈ സ്ഥലങ്ങളിലെ ഒരു ഫാക്ടറി തൊഴിലാളിക്ക് ആധുനിക സാങ്കേതിക സമ്പ്രദായത്തിലുള്ള കേന്ദ്രീകൃതമൂലധനം നൽകുക, എന്നിവ ഉന്നതമായ ഒരു ശ്രമം ആകാം; ആകാതിരിക്കുകയും ചെയ്യാം. എന്നാൽ അതു നേടുക എന്നതു് അസാദ്ധ്യമാണ്. അതു നിഷ്ഠൂരവും നിഷ്ഫലവും ആയ ഒരു ശ്രമമായിരിക്കും. റഷ്യയിൽ കൂട്ടകൃഷി ഏർപ്പെടുത്തുമ്പോൾ കൃഷിയിലേർപ്പെട്ടിരുന്ന ഓരോരുത്തനും ശരാശരി പതിനഞ്ച്

ഏക്കർ ഭൂമിയോളം വരുമായിരുന്നു. റഷ്യയിലെ കൃഷിസമ്പ്രദായത്തെ ഏതാണ്ടു അമേരിക്കയോടൊപ്പം എത്തിക്കുന്നതിനു ട്രാക്ററിനു കഴിഞ്ഞു. എന്നാൽ ഇൻഡ്യയിലെയും ചൈനായിലേയും പോലെ കൃഷിക്കാരനു ശരാശരി ഒരേക്കറും ഒന്നരയേക്കറും മാത്രമുള്ള രാജ്യങ്ങളിൽ കൃഷിസമ്പ്രദായം കമ്മ്യൂണിസ്റ്റടിസ്ഥാനത്തിൽ യന്ത്രസാൽക്കരിക്കുകയും നവീകരിക്കുകയും ആണെങ്കിൽ കോടിക്കണക്കിനു കർഷകരെ ജോലിയില്ലാത്തവരാക്കിത്തീർക്കും പുതിയ വ്യവസായങ്ങളിൽ അവർക്കു പണി നൽകുന്നതിനും സാദ്ധ്യമല്ല. അതിനു അത്രമാത്രം, നേടുവാൻ കഴിവില്ലാത്ത, മൂലധനം ആവശ്യമാണ്. ആറു വർഷംകൊണ്ടോ അൻപതു വർഷംകൊണ്ടോ ഈ യന്ത്രസാൽക്കരണം മുഴമിപ്പിക്കാമെന്നുവച്ചാൽ, റാഷനലൈസേഷനിലൂടെ പുരോഗതി പ്രാപിച്ച സാമ്പത്തിക ഘടകങ്ങളും അപരിഷ്കൃതവും പിന്നോക്കം നിൽക്കുന്നതുമായ സാമ്പത്തികഘടകങ്ങളും ആയുള്ള സംഘർഷങ്ങൾക്കു, കമ്മ്യൂണിസ്റ്റു യന്ത്രസാൽക്കരണത്തിൻെറയും സാങ്കേതിക വിജ്ഞാനത്തിൻെറയും സുഖസൗകര്യങ്ങൾ അനുഭവിക്കുവാൻ കഴിവില്ലാത്ത ബഹുലക്ഷം സാധാരണ ജനങ്ങളുമായുള്ള സംഘട്ടനങ്ങൾക്കു, അതു വഴിതെളിക്കും. ജനസംഖ്യ വർദ്ധിച്ചുകൊണ്ടുമിരിക്കും.

## ദ്രുതഗതിയിലുള്ള റാഷനലൈസേഷന്റെ നിഷ്പ്രയോജനത്വം.

അമേരിക്കയിലെയോ യൂറോപ്പിലെയോ തൊഴിലിന്റെ മാനദണ്ഡമനുസരിച്ചു ലോകത്തിലെ മൂന്നിൽ രണ്ടുഭാഗത്തു പകുതിയിലധികംപേർക്കും തൊഴിലില്ല. എന്നാൽ ഈ തൊഴിലില്ലായ്മ ഏറെക്കുറെ മറയ്ക്കപ്പെട്ടിരിക്കുകയാണു്. മിക്കവാറും എല്ലാവർക്കും തൊഴിലുള്ളതായി പുറമേ തോന്നും. എന്നാൽ അവർക്കു ശരിയായി മുഴുവൻ സമയവും തൊഴിലില്ല. ഇത്രമാത്രം വൻപിച്ച ജനതയ്ക്കു തൊഴിൽ നൽകുന്നതിനു, ആധുനിക അമേരിക്കൻ രീതിയിലല്ല, കുറേക്കൂടി താണ യൂറോപ്യൻ രീതിയിലാണെങ്കിൽ പോലും, ഇന്ത്യക്കുതന്നെ അൻപതിനായിരം കോടി രൂപയുടെ മൂലധനം ആവശ്യമാണു് ഇതിന്റെ അഞ്ചിരട്ടിയോളമെങ്കിലും മറ്റെല്ലാ അവികസിതപ്രദേശങ്ങൾക്കുംകൂടി ആവശ്യമാണു്. ഈ സംഖ്യകൾ കേൾക്കുമ്പോൾതന്നെ അതു മുഴുമിപ്പിക്കുക സാദ്ധ്യമല്ലായെന്നുള്ളതു വ്യക്തമാണു്. ഇന്ത്യയിലെ ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയുടെ കണക്കനുസരിച്ചു, കൂടുതൽകൂടുതൽ മൂലധനം സ്വരുമിപ്പിക്കുവാൻ കഴിയും എന്ന പശ്ചാത്തലത്തിൽ തന്നെയും, പതിനഞ്ചു് പഞ്ചവത്സരപദ്ധതികൾ, അല്ലെങ്കിൽ എഴുപത്തിയഞ്ചു വർഷം ഇതിനാവശ്യമായി വരും. കമ്മ്യൂണിസ

ത്തിൻെറ കീഴിലുള്ള നിഷ്ഠൂര മർദ്ദനത്തിലൂടെ സാദ്ധ്യമാകുന്ന കൂടുതൽ മൂലധനമുടക്കിനു ഈ കാലയളവിനെ അങ്ങേയററം അൻപതു വർഷമായി കുറയ്ക്കുവാൻ കഴിഞ്ഞേക്കാം. ഈ കാലയളവിൽ ക്ഷാമവും മററു സംഘർഷങ്ങളും അനേക ലക്ഷങ്ങളുടെ ജീവനെ അകാലികമായി അപഹരിക്കും. ഇന്നുവരെ കേട്ടുകേൾവിപോലുമില്ലാത്ത മൃഗീയ മർദ്ദനം അഴിച്ചുവിടപ്പെട്ടും. ആകപ്പാടെയുള്ള തകർച്ചയായിരിക്കും അതിൻെറ അനന്തരഫലം.

തുണിയും റെയിൽവേയും അതുപോലുള്ള മററു വ്യവസായങ്ങളുമൊഴിച്ചാൽ നമ്മുടെ സാമ്പത്തിക ഘടനയുടെ മറെറല്ലാ മണ്ഡലങ്ങളും ഒന്നുമില്ലായ്മയിൽനിന്നും കെട്ടി ഉയർത്തപ്പെടേണ്ടിവരും. റെയിൽവേയും അതുപോലുള്ള മററു വ്യവസായങ്ങൾപോലും ആധുനിക രീതികളനുസരിച്ചു പരിഷ്ക്കരിച്ചു കാര്യക്ഷമമാക്കുന്നതിനു ഇനിയും ഒട്ടുവളരെ മൂലധനമുടക്ക് ആവശ്യമായിത്തീരും. കമ്മ്യൂണിസ്റ്റിന്ത്യാക്ക ആദ്യത്തെ പഞ്ചവത്സരപദ്ധതിക്ക അഞ്ഞൂറുകോടി രൂപായുടെ മൂലധനമുടക്ക് പ്രതിവർഷം സാദ്ധ്യമാണെന്നു കരുതുകയാണെങ്കിൽ പോലും തൊഴിലാളിക്ക അയ്യായിരം രൂപയുടെ മൂലധനമുടക്ക് എന്ന കണക്കിനു പത്തുലക്ഷം പേൎക്ക മാത്രം തൊഴിനൽകുന്നതിനു കഴിയും. വളരെകുറച്ചു പ്രദേശങ്ങൾക്കും സാമ്പത്തികഘടനയുടെ ചുരുക്കം ചിലഅംശങ്ങൾക്കുംമാത്രമേ ഇതുകൊണ്ടുള്ള പ്രയോ

ജനം സിദ്ധിക്കയുള്ളു. തൊഴിലില്ലായ്മയെ ഭാഗികമായി മാത്രം ഉള്ള തൊഴിൽകൊണ്ടു മറക്കുന്നതിന്നു കമ്മ്യൂണിസത്തിന്നു കഴിഞ്ഞേക്കാം. യൂറോപ്പിൽ കമ്മ്യൂണിസം ഇതാണ് അനുവർത്തിച്ചതു്. ലോകത്തിലെ മൂന്നിൽ രണ്ടു അവികസിതപ്രദേശങ്ങളിൽ ഭാഗികമായി മാത്രം ഉള്ള ഈ തൊഴിൽസമ്പ്രദായം സുപരിചിതവുമാണ്. അതിന്നു കുറേ കൽക്കട്ടാകളും കോൺപൂരുകളും കൂടി സൃഷ്ടിക്കുവാൻ കഴിയും. എന്നാൽ ഈ കൽക്കട്ടാകളും കോൺപൂരുകളും രാജ്യമൊട്ടാകെയുള്ള നൂറു കണക്കിന്നു ചെറുനഗരങ്ങളിലെയും അനേകായിരം ഗ്രാമങ്ങളിലെയും ലക്ഷക്കണക്കിന്നു മരിച്ചുവീഴുന്ന സാധാരണജനതയുടെ അസ്ഥിമാടങ്ങളിലാണ് അവയെ താങ്ങിനിറുത്തിയിരിക്കുന്നതെന്നുള്ളതു മറച്ചുവെയ്ക്കുവാൻ കഴിയുകയില്ല. ഇതിൽനിന്നും ഒരു വിമോചനമാർഗ്ഗവും ഇല്ലേ? മുതലാളിത്തത്തിന്നും കമ്മ്യൂണിസത്തിന്നും പൊതുവായിട്ടുള്ള റാഷനലൈസേഷൻെറ അംഗീകൃതരീതികൾ പിൻതുടരുകയും മനസ്സു സ്വാതന്ത്ര്യമാകുവാൻ വിസമ്മതിക്കുകയുമാണെങ്കിൽ മറെറാരു മാർഗ്ഗവും ഇല്ല.

## വികേന്ദ്രീകരണത്തിൻെറ രീതികൾ.

റാഷനലൈസേഷന്നു ഒരു പുതിയ മാർഗ്ഗവും അതിനോടനുബന്ധിച്ചുള്ള ഒരു പുതിയ ഉടമസമ്പ്രദായവും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. വൈദ്യുത

ശക്തികൊണ്ടോ ഡീസൽ എണ്ണകൊണ്ടോ ഓട്ടു
ന്ന ചെറുകിട യന്ത്രമാണു ഇതിനുള്ള ഉത്തരം
ഇന്നു ആ തരത്തിലുള്ള വളരെ കുറച്ചു യന്ത്രങ്ങൾ
മാത്രമേയുള്ളു. വളരെക്കൂടുതൽ കണ്ടുപിടിക്കപ്പെ
ടേണ്ടിയിരിക്കുന്നു. ആധുനികകാലത്തു സാങ്കേതി
കസമ്പ്രദായം അനുസ്യൂതം മാറിക്കൊണ്ടിരിക്കുക
യാണു്. ഇന്നത്തേതിൽനിന്നും വിപ്ളവാത്മക
മായ ഒരു വേർപിരിയൽ സാങ്കേതിക സമ്പ്രദായം
നടത്തേണ്ടിയിരിക്കുന്നു. ആധുനിക പരിഷ്കാ
രം പിൻതള്ളിയിരിക്കുന്ന പഴയകാലയന്ത്രങ്ങളി
ലേക്കു് പിൻവാങ്ങുന്നതുകൊണ്ടു ഈ പ്രശ്നം പരി
ഹരിക്കപ്പെടുകയില്ല എന്നാൽ വ്യക്തമായ ഒരു
ലക്ഷ്യത്തോടും സിദ്ധാന്തത്തോടുംകൂടി പുതിയ
യന്ത്രങ്ങൾ കണ്ടുപിടിക്കുക മാത്രമാണു് ഈ പ്രശ്
നത്തിന്റെ പരിഹാരം. ഗ്രാമത്തിനും ചെറിയ പട്ട
ണത്തിനും വൻനഗരത്തിനെന്നപോലെ ഇതു ലഭ്യ
മാകണം ഇതു് എല്ലാ ജോലിക്കും ഒരുപോലെ
പററിയതോ, അല്ലെങ്കിൽ കൂടുതൽ ജോലിക്കുതകു
ന്നതോ, ആയിരിക്കണം. പ്രവൎത്തനത്തിലും ചെ
യ്യുതീക്കുന്നതിലും അത്യാവശ്യകതയുടെ സിദ്ധാന്ത
ത്തിലായിരിക്കണം അതു് അധിഷ്ഠിതമായിരിക്കേ
ണ്ടതു്. അതിനു് വളരെയധികം മൂലധനമുടക്കു്
ആവശ്യമായിവരരുതു്. അതുപോലെതന്നെ ആ
ധുനികപരിഷ്കാരം ഇന്നു യൂറോപ്പിലും അമേരി
ക്കയിലും ഉൽഘോഷിക്കുന്ന വികേന്ദ്രീകരണസമ്പ്ര

ദായം, അതായത് ഇന്നത്തെ യാന്ത്രികസാങ്കേതിക സമ്പ്രദായത്തെ ഇന്നത്തേതുപോലെ തന്നെ നിലനിറുത്തിക്കൊണ്ടു വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിലുള്ള വികേന്ദ്രികരണമായിട്ടല്ല നേരെമറിച്ചു സമയത്തിൻെറയും സ്ഥലത്തിൻെറയും ആകെക്കൂടിയുള്ള അടിസ്ഥാനത്തിൽ സങ്കീർണ്ണതകൾ ഒഴിച്ചുനിറുത്തുകയും "അത്യാവശ്യകത" നേടുകയും ചെയ്യുത്തക്കവണ്ണം പൂർണ്ണമായും വികേന്ദ്രീകരണസമ്പ്രദായത്തിൻെറ പ്രതീകമായിട്ടാണ് അതു് ഉണ്ടാക്കപ്പെട്ടിരിക്കുന്നതു് ഈ യന്ത്രം അവികസിത ലോകത്തിൻെറ സാമ്പത്തിക പ്രശ്നം മാത്രമല്ല പരിഹരിക്കുന്നതു്. സമുദായത്തിൻെറ പൊതുലക്ഷ്യങ്ങളെ നൂതനമായി ആരായുന്നതിനും നേടുന്നതിനും അതു നമ്മെ സഹായിക്കും. ഉരുക്കുവ്യവസായങ്ങളിലും നദീതടപദ്ധതികളിലും വൻകിട യന്ത്രസങ്കേതത്തിൻെറ ആവശ്യം ഇല്ലെന്നല്ല ഇതിൻെറ അർത്ഥം എന്നാൽ ചെറുകിട യന്ത്രത്തിനായിരിക്കണം പ്രാധാന്യം. മുൻപു് പഞ്ചവത്സരപദ്ധതികളെപ്പററി പ്രസ്താവിച്ചപ്പോഴത്തെ മൂലധനമുടക്കിൻെറ കണക്കനുസരിച്ചു ഈ തരം ചെറുകിട യന്ത്രങ്ങളിലൂടെയുള്ള യന്ത്രസാൽക്കരണം പത്തുലക്ഷത്തിനുപകരം ഒരുകോടി ആളുകൾക്ക പ്രതിവർഷം തൊഴിൽ നൽകും

ശാസ്ത്രത്തിലെയും പ്ളാനിംഗിലെയും അത്യാവശ്യകതകൾ ഉടമയിലെയും രാഷ്ട്രീയനിയന്ത്രണ

KOTTAYAM PUBLIC ... KOTTAYAM.

ത്തിലെയും അത്യാവശ്യകതയുമായി കൈകോർത്തു
പിടിച്ചു ഒരുമിച്ചു പോകണം. ഒരാളെക്കൊണ്ട്
മററൊരാൾ വേലയെടുപ്പിക്കുവാൻ ഇടംകൊടുക്കാ
ത്തതൊഴിച്ചുള്ള എല്ലാ സ്വകാര്യ സ്വത്തുക്കളും
അവസാനിച്ചേ മതിയാകൂ. രാഷ്ട്രത്തിൻെറ, പ്രത്യേ
കിച്ചു, കേന്ദ്രസർക്കാരിൻെറ സ്വത്തിൻെറ ഉടമ
വൻതോതിലുള്ള ഉൽപ്പാദനവുമായി ഒരുമിച്ചു
പോകുകയും സ്വാതന്ത്ര്യത്തിനും ഭക്ഷണത്തിനും
ഒരുപോലെ വിനാശകരമായിത്തീരുകയും ചെയ്യും.
സ്വത്തുക്കൾ ഗ്രാമങ്ങൾക്കും സ്റ്റേററുകൾക്കും അവക
ൾക്കു അനുയോജ്യമായ രീതിയിൽ കേന്ദ്രസർക്കാരി
നോടും സഹകരണസംഘങ്ങളോടും ഒപ്പം ഉണ്ടായി
രിക്കണം. സോഷ്യലിസം ഏററവും വ്യക്തമായ guided capitalism
ഭാഷയിലും രീതിയിലും നിയന്ത്രിതമുതലാളിത്ത
ത്തിൻെറയും സമ്മിശ്ര സാമ്പത്തിക വ്യവസ്ഥിതി
യുടെയും എല്ലാ പ്രമാണങ്ങളെയും എന്നേക്കുമായി
പരിത്യജിക്കണം. Mixed economy.

## ലക്ഷ്യങ്ങൾ.

കമ്മ്യൂണിസ്ററ് സിദ്ധാന്തം അനുശാസിക്കു
ന്നതുപോലെ സമൂഹത്തിൻെറ പൊതുലക്ഷ്യങ്ങൾ
സാമ്പത്തികലക്ഷ്യത്തിൽനിന്നു അത്രമാത്രം അനി
ർവാര്യമായി നിർഗ്ഗമിക്കുന്നില്ല. ഇതിലുമപ്പുറ
മായി കമ്മ്യൂണിസത്തിൻെറ സാമ്പത്തിക ലക്ഷ്യങ്ങ
ളുടെ അന്വേഷണം ജനപ്പെരുപ്പവും താഴ്ന്ന സാ

നൈതികസമ്പ്രദായവും നിലവിലുള്ള രാജ്യങ്ങളിൽ ഒരു വ്യാമോഹവും നാശവും മാത്രമായിരിക്കും കമ്മ്യൂണിസ്ററു വാദഗതിയനുസരിച്ചാണെങ്കിൽ സ്വാതന്ത്ര്യത്തിൻെറ പൂർണ്ണത അപ്പത്തിൻെറ പൂർണ്ണതയിൽനിന്നു, സാമ്പത്തികപൂർണ്ണതയിൽ നിന്നു, ആണുണ്ടാകേണ്ടതു് എന്നാൽ കമ്മ്യൂണിസം അവികസിത സമ്പത്് വ്യവസ്ഥകളെ യന്ത്രസാൽക്കരിച്ചു പുരോഗതി നൽകുന്നതിനു മാർഗ്ഗങ്ങൾ കാണിക്കാതിരിക്കുമ്പോൾ കമ്മ്യൂണിസത്തിൻെറ പരമലക്ഷ്യങ്ങളായി പ്രഖ്യാപിക്കുന്നവ അല്ല, നേരെ മറിച്ചു ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി സ്വീകരിക്കുന്ന മാർഗ്ഗങ്ങളാണു് ശാശ്വതമായിത്തീരുന്നതു്. കമ്മ്യൂണിസത്തിനു നേടുവാൻ കഴിയുന്ന പൊതുലക്ഷ്യങ്ങളായി കാണപ്പെടുന്നതു സർവാധിപത്യപാർട്ടിയും (totalitarianism) സർവാധിപത്യ രാഷ്ട്രവും അതിൻെറ അനന്തര ഫലങ്ങളും മാത്രമാണു് കമ്മ്യൂണിസത്തിനു ലോകത്തിലെ മൂന്നിൽ രണ്ടുഭാഗത്തിനു അപ്പമോ സ്വാതന്ത്ര്യമോ നൽകുവാനുള്ള കഴിവില്ല.

കമ്മ്യൂണിസത്തിൻെറ സാംസ്കാരികമായ (cultural) കുറവുകൾ (setbacks) റഷ്യൻ ജനതയുടെ സാംസ്കാരികമായ പിന്നോക്കനിലയുടെ ഫലമാണെന്നു ഒരു ധാരണ പൊതുവെയുണ്ടു്. ഇന്ത്യയിലെയും ചീനയിലെയും പുരാതന സംസ്കാരങ്ങളും ബ്രിട്ടീഷ് ജനതയുടെ ജനാധിപത്യമനസ്ഥിതിയും കമ്മ്യൂണിസത്തെ മാർദ്ദവപ്പെടുത്തുമെന്നു് അവർ വാദിക്കുന്നു. ഇതിൻെറ

നേരെ എതിരായുള്ള വാദഗതിയും ശരിയാകാം. റഷ്യൻ കൃഷിസമ്പ്രദായത്തിനുണ്ടായിരുന്ന മെച്ചങ്ങളും വികസനസാദ്ധ്യതകളും ഇല്ലാത്ത ഇന്ത്യൻകൃഷിസമ്പ്രദായം യന്ത്രസാൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും കമ്മ്യൂണിസം ആരംഭിക്കുന്ന ആദ്യനിമിഷത്തിൽതന്നെ ഇന്ത്യ നൂററാണ്ടുകളായി പാടിക്കൊണ്ടിരിക്കുന്ന ഗീതയും മററു തത്വസംഹിതകളും നശിച്ചു എന്നു വരാം. ഇപ്പോൾ തന്നെ നിഷ്ഠുരമായ മർദ്ദനത്തിൽ ചൈന റഷ്യയെ പിന്നിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഒന്നോ ഒന്നരയോ ഏക്കർ മാത്രം സ്ഥലമുള്ള ഇന്ത്യൻ കർഷകനെ കമ്മ്യൂണിസ്ററു വൻകിട യന്ത്രസാൽക്കരണമാകുന്ന ഉരുക്കുമൂശയിലൂടെ വാർത്തെടുക്കുമ്പോൾ മനുഷ്യന്റെ ആത്മാവും സ്വാതന്ത്ര്യാഭിവാഞ്ഛകളും ഏത്തു് അതിരുകൾവരെ മർദ്ദിക്കപ്പെട്ടുമെന്നു പറയുവാൻ നിവൃത്തിയില്ല. അപ്പോൾ സോവ്യററു് റഷ്യാ അതിന്റെ മർദ്ദനത്തിൽ മററുള്ളവരെക്കാൾ പരിഷ്കൃതമെന്നുപോലും തോന്നിപ്പോകാം. ഗീതയുടെയും പുരാതനസംസ്ക്കാരങ്ങളുടെയും അനശ്വരമായ മഹത്വത്തെ നിഷേധിക്കയല്ല; എന്നാൽ തികച്ചും വിരുദ്ധമായ സാമ്പത്തിക ലക്ഷ്യങ്ങൾ ഗവൺമെന്റിനെ നയിക്കുമ്പോൾ അവയുടെ നിഷ്ക്കർമ്മകത്വത്തെപ്പററി ഊന്നിപ്പറയുകയാണു. കിരാതത്വത്തിന്റേതായ ഒരു സിദ്ധാന്തം അധികാരത്തിൽ വരാതിരിക്കുന്നതിനും അധിക

രത്തിലേറിക്കഴിഞ്ഞാൽ അതിനോടുള്ള എതിർപ്പിനെ സഹായിക്കുന്നിടത്തോളവും മാത്രമേ ഗീതയും പുരാതനസംസ്ക്കാരവും പ്രയോജനകരമാകയുള്ളൂ. ഈ പൊതുലക്ഷ്യങ്ങൾക്കും മനുഷ്യന്റെ പ്രേരകാശക്തികൾക്കും ഒരു സവിശേഷതയുണ്ട്. ആദരവോടുകൂടി കൈകാര്യം ചെയ്യുകയാണെങ്കിൽ ശ്രേഷ്ഠമായ ഫലം നൽകുന്നു. എന്നാൽ അവക്ക് സാമ്പത്തിക വൈരുദ്ധ്യങ്ങളുടെ സ്ഥിതിഗതികളെ മാററുന്നതിനു കഴിവില്ല. അങ്ങേയററം യാതൊരു പ്രയോജനവുമില്ലാതെ അവയോടു എതിർപ്പുണ്ടാക്കാതെ കപടമായി മാത്രം നിലനിൽക്കുവാൻ കഴിയും.

## ഉല്പാദനബന്ധങ്ങളും ഉല്പാദനശക്തികളും.

മുതലാളിത്തത്തിനും കമ്മ്യൂണിസത്തിനും അവയുടെ സാമ്പത്തിക ലക്ഷ്യങ്ങളിൽ പൊതുവായി ചിലതെല്ലാം ഉണ്ടു്. കമ്മ്യൂണിസം മുതലാളിത്തത്തിന്റെ ഉൽപ്പാദനരീതികളും ശക്തികളും സ്വീകരിക്കുകയും ഉൽപ്പാദനത്തിന്റെ ബന്ധങ്ങൾ മാത്രം മാററുവാൻ ശ്രമിക്കുകയും ചെയ്യുന്നു. വൻതോതിലുള്ള ഉൽപ്പാദനത്തെപ്പററിയും കാര്യക്ഷമതയെപ്പററിയും കൂലികൂട്ടലിനെപ്പററിയും സ്റ്റാലിനും ഫോർഡും ഒരേ അഭിപ്രായഗതിക്കാരായിരുന്നു അമേരിക്കർ അവരുടെ ജനാധിപത്യസമ്പ്രദായങ്ങളും റഷ്യാക്കാർ അവരുടെ സാമൂഹ്യ ഉടമസമ്പ്രദായവും

പ്രത്യേകമായി എടുത്തു കാണിക്കുമെങ്കിലും അവരുടെമനോഭാവത്തിലുള്ള ഐകരൂപ്യമാണു പ്രധാനമായിട്ടുള്ളതു്. പുതിയ ലോകം ഇവരണ്ടും, മുതലാളിത്തവും കമ്മ്യൂണിസവും പിന്നിട്ടു മുമ്പോട്ടു പോകണം. വൻതോതിലുള്ള ഉൽപ്പാദനത്തിന്റെ രീതികൾ ലോകത്തിലെ മൂന്നിൽ രണ്ടുഭാഗത്തിനും അപര്യാപ്തമാണെന്നുള്ള ഒരൊററക്കാരണംകൊണ്ടു മാത്രം ഇവരണ്ടും പിൻതള്ളപ്പെടേണ്ടിയിരിക്കുന്നു. കമ്മ്യൂണിസം മുതലാളിത്ത ഉൽപ്പാദനത്തിലെ ബന്ധങ്ങൾ മാത്രം മാററുവാൻ ശ്രമിക്കുകയും മുതലാളിത്തത്തിന്റെ ഉൽപ്പാദനശക്തികളെ വീണ്ടും സൃഷ്ടിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. സോഷ്യലിസം ഇവരണ്ടിനേയും മാററണം ഇതു യന്ത്രത്തെ നിരാകരിക്കുകയല്ല; എന്നാൽ വൻകിട യന്ത്രവും അതിന്റെ സഹചാരിയായ ബീഭത്സ രാഷ്ട്രവും ഉടലെടുക്കുന്ന പരിതസ്ഥിതികളുടെ നിരാകരണമാണു്. മുതലാളിത്തത്തിനും കമ്മ്യൂണിസത്തിനും പൊതുവായുള്ള ആശ പിന്നോക്കം നിൽക്കുന്ന ജനത തങ്ങളുടെ മാർഗ്ഗങ്ങളിലൂടെ വളരണമെന്നാണു്. പിന്നോക്ക സമ്പദ്വ്യവസ്ഥിതിയുടെ രാഷ്ട്രങ്ങൾ ഇന്നത്തെ പുരോഗമന രാഷ്ട്രങ്ങളുടെ പ്രതിഛായയായി വളരുവാൻ തീരുമാനിക്കുകയാണെങ്കിൽ നിർദ്ദയമായ മർദ്ദനത്തിന്റെയും വേദനയുടെയും നീണ്ട യാത്രയുടെ അന്ത്യം ദയനീയമായ പരാജയമായിരിക്കും. ചിലർ ഈ കിരാതത്വത്തിന്റെയും നിഷ്ഠുര മർദ്ദനത്തി

ൻെറയും എല്ലാം അവസാനം വിജയം ലഭിക്കുമെന്ന പ്രതീക്ഷയിൽ അത്തുമായി പൊരുത്തപ്പെടുകയാണു്. എന്നാൽ അവരെ പരാജയത്തിൻെറ നിരാശയും നിഷ്ഠൂരതയുടെ മനോവേദനയുമാണു് കാത്തുനിൽക്കുന്നതു്. കമ്മ്യൂണിസം ചരിത്രത്തെ പിന്നോട്ടു വലിച്ചുകൊണ്ടു പോകുവാനും മുതലാളിത്തത്തിൻെറ കെടുതികളെ അതിൻെറ വൻകിട ഉൽപ്പാദനമാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടുതന്നെ തിരുത്തുവാനും ശ്രമിക്കുന്നു. അതു സാദ്ധ്യമല്ല സോഷ്യലിസം ചരിത്രത്തെ മുന്നോട്ടു നീക്കുവാൻ പഠിക്കണം.

ലോകത്തിൻെറ മൂന്നിൽ രണ്ടുഭാഗത്തുനിന്നും മുതലാളിത്തത്തിൻെറയും ഫ്യൂഡലിസത്തിൻെറയും നിർമ്മാർജ്ജനത്തെപ്പററി യാതൊരു സംശയമോ, ചഞ്ചലിപ്പോ ഉണ്ടായിക്കൂടാ ലോകത്തിൻെറ ഈ ഭാഗത്തു മുതലാളിത്തത്തിൻെറ അർത്ഥം ശരീരത്തിൻെറയും ആത്മാവിൻെറയും വർദ്ധിച്ചുവരുന്ന ദാരിദ്ര്യം മാത്രമെന്നാണു. ലോകത്തിലെ മൂന്നിൽ രണ്ടുഭാഗത്തിലെ ജനങ്ങൾക്കു ഭക്ഷണം നൽകുന്നതിനുള്ള കഴിവുപോലും മുതലാളിത്തത്തിനില്ല അവക്കു ശരിയായ ഭക്ഷണം നൽകാതിരിക്കുകയും കൂടെക്കൂടെ ക്ഷാമത്തിനിരയാക്കുകയും ചെയ്യും. ലാഭത്തിനുവേണ്ടി മാത്രം ഉൽപ്പാദിപ്പിക്കുവാനേ അതിനു കഴിവുള്ളൂ. ലാഭത്തിനുള്ള മാൎഗ്ഗങ്ങൾ ഈ അവികസിത രാജ്യങ്ങളിലില്ല. പ്രത്യേകിച്ചും

ഭക്ഷണത്തിലും പാർപ്പിടത്തിനുള്ള കെട്ടിടത്തിലും സാധാരണ മനുഷ്യൻ സമ്പത്തു് ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള പണി ആയുധങ്ങളിലും ലാഭത്തിനു മാറ്റങ്ങളില്ല. ഒരു പക്ഷേ മാർഗറൈനിലും മരുന്നുകളിലും സിനിമകളിലും സാട്ടാക്കച്ചവടത്തിലും ലാഭം കിട്ടുമായിരിക്കാം. മുതലാളിത്തം മനുഷ്യനെ അദ്ധമനുഷ്യനോ അർദ്ധക്കുതിരയോ ആയി അധഃപതിപ്പിച്ചിരിക്കുകയാണു്. ഇന്ത്യയിലും മററുള്ളിടങ്ങളിലും കുതിരവണ്ടികൾ ലാഭമില്ലാതിരിക്കുന്നതുമൂലം കുറഞ്ഞുവരികയും അവയ്ക്കു പകരം മനുഷ്യനെ മനുഷ്യൻ വലിക്കുകയുമാണു്. ഇന്നത്തെ ഏഷ്യയുടെ ഏററവും യാഥാർത്ഥമായ പ്രതീകം റിക്ഷായും മനുഷ്യക്കുതിരയുമാണു്. ജീവിക്കുന്നതിനു മററുമാറ്റങ്ങൾ നൽകുന്നതിനു മുതലാളിത്തത്തിനു കഴിവില്ല. തങ്ങളുടെ വെളുത്ത സഹോദരന്മാരെ അനുകരിച്ചു അവികസിതരാജ്യങ്ങളിൽ മുതലാളിത്തം നഗ്നമായ ദാരിദ്ര്യത്തിൻെറയും കഷ്ടപ്പാടിൻെറയും വിസ്തൃതമായ സമുദ്രത്തിൻെറ മദ്ധ്യത്തിൽ സൗഭാഗ്യത്തിൻെറയും സുരക്ഷിതത്വത്തിൻെറയും ആയ കൊച്ചു കൊച്ചു ദ്വീപുകൾ കെട്ടി ഉയർത്തുന്നുണ്ടു്. ഇതിനുവേണ്ടി അതു കരിഞ്ചന്തയിലും പൂഴ്ത്തിവയ്പ്പിലും സാട്ടയിലും പ്രത്യേകം പരിശീലനം നടത്തുന്നു. അതു് ജനതയുടെ ഭക്ഷണത്തിലും ആരോഗ്യത്തിലും സാട്ടാകൾ നടത്താറുണ്ടു്. അതുകൊണ്ടും തൃപ്തിയാകാഞ്ഞിട്ടു

കുട്ടികളുടെ പാഠപുസ്തകങ്ങളിലും ലാഭക്കച്ചവടം നടത്താറുണ്ട് ഭാഗ്യവാന്മാരായ പ്രസിദ്ധീകരണശാലക്കാൎക്കും എഴുത്തുകാർക്കും വേണ്ടി വർഷംതോറും പാഠപ്പുസ്തകങ്ങൾ മാറുകയാണല്ലോ. വികസിത രാജ്യങ്ങളിൽ സത്യസന്ധത ഒരു നല്ല നയം ആയിരിക്കാം. ഇന്ത്യയിലും മററു അവികസിത രാജ്യങ്ങളിലും സത്യസന്ധതകൊണ്ടു ജീവിക്കുവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുകയാണു്. നാശത്തിൻെറയും മരണത്തിൻെറയും ഗന്ധം സകലത്തിൻെറയും മേൽ ഉണ്ടു്—ശരീരത്തിൻെറയും സാമ്പത്തികലക്ഷ്യങ്ങളുടെയും നാശവും ആത്മാവിൻെറയും പൊതു ലക്ഷ്യങ്ങളുടെയും മരണവും—ഇത്തരത്തിലുള്ള മുതലാളിത്തത്തെ അററകുററപ്പണികൾ കൊണ്ടു നന്നാക്കുവാൻ കഴിയുന്നതല്ല. അതിനെവേരോടെ പിഴുതു നശിപ്പിക്കണം—അതിനുവേണ്ടി കാത്തിരിക്കുവാൻ ഇനി അധിക സമയവും ഇല്ല.

Capitalism in India, must be buried.

## രണ്ടുതരത്തിലുള്ള വൎഗ്ഗസമരങ്ങൾ.

യൂറോപ്പിലെ ചരിത്രപരമായ പ്രത്യേകതകൾ മൂലം സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനുണ്ടായ പ്രത്യേകതകൾ സാർവദേശീയമാക്കുവാനും ലോകത്തിൻെറ മൂന്നിൽ രണ്ടു ഭാഗത്തു അതു ആവൎത്തിക്കുവാനും ശ്രമിക്കുകയാണെങ്കിൽ അതിൽ വലിയ ഒരു ആപത്തു സോഷ്യലിസത്തിനു ഉണ്ടാകുവാനില്ല.

സോഷ്യലിസം യൂറോപ്പിൽ ക്രമാനുഗതവും നിയമവിധേയവും വിതരണപ്രധാനവും ആയിരുന്നു. എന്നാൽ ഇനിമേലിലും ലോകത്തിന്റെ മററുള്ള ഭാഗങ്ങളിലും സോഷ്യലിസം വിപ്ലവാത്മകവും ആവശ്യമായ അവസരങ്ങളിൽ നിയമവിരുദ്ധവും ഉൽപ്പാദനപ്രധാനമായതും ആയിരിക്കണം. യൂറോപ്യൻ സോഷ്യലിസത്തിന്റെ ക്ഷേമരാഷ്ട്രത്തിന്റെ മണ്ഡലത്തിലെ മഹത്തായ നേട്ടങ്ങൾ എന്നും ഒരു മാതൃകയും പ്രചോദനവും ആയിരിക്കും. യൂറോപ്യൻ സോഷ്യലിസത്തിനു വിതരണംചെയ്യുവാൻ മുതലാളിത്തം സൃഷ്ടിച്ചതും സംഭരിച്ചതുമായ ഉൽപ്പാദനശക്തികളുടെ ഒരു ഭണ്ഡാഗാരം ഉണ്ടായിരുന്നു. എന്നാൽ ലോകത്തിന്റെ മററു ഭാഗങ്ങളിൽസോഷ്യലിസം ഈ ഭണ്ഡാഗാരം സൃഷ്ടിക്കുകയും അതിലുള്ളതു നീതിപൂർവകം വിതരണം ചെയ്യുകയും വേണം. ക്ഷേമരാഷ്ട്രം സൃഷ്ടിക്കുന്നതിനുമുൻപ് മൂലധനം മുടക്കുകയും സംഭരിക്കുകയും ചെയ്യുന്ന സമൂഹത്തെ സൃഷ്ടിക്കേണ്ടതായുള്ളിടത്തു സോഷ്യലിസം തീവ്രതരമായിരിക്കണം. അതുകൊണ്ടു് നിയമവിധേയത്വത്തിന്റെ സാവധാനമായ നടപടികൾ സ്വീകാര്യമല്ല. യൂറോപ്യൻ സോഷ്യലിസ്ററുകൾക്ക് ഗവണ്മെൻറ് അധികാരം തങ്ങളുടെ എതിരാളികളെ അന്യായമായി പരാജയപ്പെടുത്തുന്നതിനുവേണ്ടി ദുരുപയോഗപ്പെടുത്താഞ്ഞതിനാലും സ്വേച്ഛാധിപത്യത്തിലൂടെ

യുള്ള വിജയത്തെക്കാൾ ജനാധിപത്യ മാർഗ്ഗത്തിലൂടെയുള്ള പരാജയമാണു് നല്ലതെന്നുള്ള അവരുടെ അടിയുറച്ച വിശ്വാസത്താലും ശാശ്വതമായ പ്രശംസ നേടുവാൻ കഴിഞ്ഞിട്ടുണ്ടു്. അങ്ങനെ ഗവണ്മെൻറിലായിരിക്കുമ്പോൾ നിയമവിധേയ പ്രവർത്തനത്തിനു ഒരു മാതൃക സൃഷ്ടിക്കുവാനും അവർക്ക് കഴിഞ്ഞിട്ടുണ്ടു്. എന്നാൽ സോഷ്യലിസം പ്രതിപക്ഷത്തായിരിക്കുമ്പോൾ സമരത്തിൻെറ മാർഗ്ഗം സ്വീകരിക്കണം. നിയമനിർമ്മാണത്തിൻെറയും വാദപ്രതിവാദത്തിലൂടെയുള്ള ബോദ്ധ്യപ്പെടുത്തലിൻെറയും നീണ്ട നടപടികൾക്കു എപ്പോഴും സമയം ലഭിച്ചു എന്നു വരികയില്ല അവയോടുകൂടി വർഗ്ഗസമരത്തിൻെറതായ മാർഗ്ഗങ്ങൾ, പ്രത്യേകിച്ചും അവികസിത പ്രദേശങ്ങളിൽ, സ്വീകരിക്കണം. വർഗ്ഗസമരം മുതലാളിത്തത്തിൻെറ വിനാശത്തിനു വേഗതകൂട്ടുകയും ഫലപ്രാപ്തിയിൽ എത്തിക്കുകയും ചെയ്യുന്നു. മുതലാളിത്തത്തെ നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യാതെ ലോകത്തിലെ മൂന്നിൽ രണ്ടുഭാഗത്തിനു ആദ്യത്തെ ചുവടുപോലും വയ്ക്കുവാൻ സാദ്ധ്യമല്ല.

മുതലാളിത്തത്തിനെതിരായുള്ള വർഗ്ഗസമരം പ്രധാനമായും രണ്ടു മാർഗ്ഗങ്ങളിലൂടെ പ്രകടിതമാകുന്നു. അതിലൊന്നു മുതലാളിത്തത്തെ ഒരു വശത്തുകൂടി നശിപ്പിക്കുകയും മറെറാരു വശത്തുകൂടി നിലനിറുത്തുകയും ചെയ്യുന്നു. മറേറ മാർഗ്ഗം സോഷ്യലി

KOTTAYAM PUBLIC LIB
KOTTAYAM.

സം നേടുന്നു. മുതലാളിത്തവുമായുള്ള സമരത്തിന്റെ പരിണതഫലം എന്തായിരിക്കണമെന്നുള്ള ഒരാളിന്റെ അഭിപ്രായം അനുസരിച്ചു. അയാൾ ഈ രണ്ടു മാർഗ്ഗങ്ങളിലൊന്നു സ്വീകരിക്കുന്നു. സ്വകാര്യസ്വത്തിനെ സംബന്ധിച്ചിടത്തോളം മാത്രം മുതലാളിത്തം നശിപ്പിക്കണമെന്നാഗ്രഹിക്കുന്നവർ മുതലാളിത്തത്തെ അതിന്റെ സാങ്കേതിക സമ്പ്രദായത്തിലും ഉല്പാദനശക്തികളുടെ കാര്യത്തിലും നിലനിറുത്തുകയും നൈസർഗ്ഗികമായി വൻതോതിലുള്ളതും കേന്ദ്രീകൃതവും ആയ നിയന്ത്രണവും മുൻകൂട്ടി തയ്യാറാക്കിയ ഒരു വിദഗ്ദ്ധ പരിപാടിയനുസരിച്ചു വിശദാംശങ്ങൾപോലും നിർവഹിക്കപ്പെടുകയും ചെയ്യപ്പെടുന്ന ഒരു ഉപകരണവും ഇഷ്ടപ്പെടുന്നു. അത്തരത്തിലുള്ള ഒരു സമീപനം തീർച്ചയായും മറ്റെല്ലാം പരിത്യജിച്ചിട്ടു അധികാരസമ്പാദനത്തിനുവേണ്ടി മാത്രം നിലകൊള്ളുന്നു. സമൂഹത്തിന്റെ പൊതുലക്ഷ്യങ്ങൾ എത്രമാത്രം ബലിയർപ്പിക്കപ്പെട്ടാലും അധികാരത്തിലേറുന്നതിനുവേണ്ടിയുള്ള സമരങ്ങളും സംഘടനയും പ്രോത്സാഹിപ്പിക്കപ്പെടുന്നു. ആ തരം സമരങ്ങളുടെയും സംഘടനയുടെയും പ്രധാന പ്രേരണാശക്തി വിദ്വേഷം മാത്രമായിത്തീരുന്നു. ഈ ശക്തികൾ ലോകത്തിലെ മൂന്നിൽ രണ്ടു ഭാഗത്തു വൻകിട യന്ത്രത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ സാമ്പത്തിക ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുവാൻ കഴിവില്ലാതെ പോകുന്നതു

പോലെ, സമരകാലത്തു വെറും വിദ്വേഷത്തിൽ അടിസ്ഥിതമായിരുന്നതുപോലെ തന്നെ, അധികാര സമ്പാദനത്തിനുശേഷവും വെറും നിഷ്ഠൂരതയിൽ അടിസ്ഥിതമായിരിക്കും. അത്തരത്തിലുള്ള വർഗ്ഗ സമരം എത്രമാത്രം വൈരാഗ്യത്തോടുകൂടിത്തന്നെ നടത്തിയാലും അതു് പിൻതിരിപ്പനായിരിക്കും. അങ്ങേ അററം അതിനു മുതലാളിത്തത്തെ സ്വകാര്യ സ്വത്തിൻെറ മണ്ഡലത്തിൽ മാത്രം നശിപ്പിക്കുവാൻ കഴിയും. എന്നാൽ സാങ്കേതിക സമ്പ്രദായത്തിൽ അതു മുതലാളിത്തത്തെ പുനഃസ്ഥാപിക്കുകയാണു്. ലോകത്തിൻെറ മൂന്നിൽ രണ്ടു ഭാഗത്തിനു മുതലാളിത്തത്തിൻെറ സാങ്കേതിക മണ്ഡലത്തിലുള്ള പുനസ്ഥാപനം സാമ്പത്തികമായ നിഷ്പ്രയോജനത്വവും മൃഗീയതയും മനുഷ്യത്വത്തിൻെറ സമ്പൂർണ്ണമായ വിനാശവുമായിരിക്കും നൽകുന്ന സംഭാവന.

## സമരത്തിലും സംഘടനയിലും അത്യാവശ്യകതയുടെ സിദ്ധാന്തം

മുതലാളിത്തത്തെ അതിൻെറ രണ്ടു മണ്ഡലങ്ങളിലും സമ്പൂർണ്ണമായി നശിപ്പിക്കുന്നതിനു കഴിവുള്ള സമരത്തിൻെറയും സംഘടനയുടേയും മാർഗ്ഗങ്ങളെ സോഷ്യലിസം ആവിഷ്ക്കരിക്കണം. അതിൻെറ സാമ്പത്തികലക്ഷ്യങ്ങൾക്കനുയോജ്യമായിരിക്കണം സമരവും സംഘടനയും. അതിൻെറ

സാമ്പത്തിക ലക്ഷ്യങ്ങൾ ഭാഗം ഭാഗം ആയിട്ടോ, ദേശം ദേശം ആയിട്ടോ, ആകാതെ കഴിവുള്ളിടത്തോളം എല്ലാ ദേശങ്ങളിലും എല്ലാ വിഭാഗങ്ങളിലും ഒരേ കാലത്തു സാമ്പത്തിക പുനരുദ്ധാരണവും വും കാര്യക്ഷമതയും പുരോഗമനവും സാദ്ധ്യമാകത്തക്ക വിധത്തിലുള്ള ഒരു സാങ്കേതികവും സംവിധാനമായിരിക്കണം. അത്യാവശ്യകതയുടേതായ ഈ മാനദണ്ഡമാണ് അതിൻെറ സമരത്തിലും സംഘടനയിലും നിഴലിക്കേണ്ടതു്. വർഗ്ഗസമരങ്ങളിൽ വിദൂരമായുള്ള ലക്ഷ്യങ്ങളല്ല, എന്നാൽ അത്യാവശ്യകയുടെ മാനദണ്ഡങ്ങൾതന്നെ സ്വീകരിക്കപ്പെടണം. അത്യാവശ്യകതയുടെ മാനദണ്ഡങ്ങൾ എപ്പോഴും ജനാധിപത്യത്തിൻെറയും സംസ്ക്കാരത്തിൻെറയും പ്രശ്നങ്ങൾ മുന്നിൽ ഉയർത്തിപ്പിടിക്കും. "വിദൂരതയുടെ" മാനദണ്ഡങ്ങൾ ജനാധിപത്യവും സംസ്ക്കാരവും അധികാരലാഭത്തിനുവേണ്ടി ബലികഴിക്കും. ശാസ്ത്രത്തിലും പ്ലാനിംഗിലും ഉള്ള അത്യാവശ്യകത. ജനാധിപത്യത്തിൻെറയും അധികാരത്തിൻെറയും അത്യാവശ്യകതയുമായി ഒരുമിച്ചു പോകണം. ഏററവും ചെറിയ ഘടകത്തിനുപോലും അധികാരവും ജനാധിപത്യവും ഓരോ വ്യക്തിക്കും ഉത്തരവാദിത്വവും ആരംഭത്തിനും നടത്തിപ്പിനും ഉള്ള അധികാരവും കഴിവും നൽകുന്നതിനു സഹായിക്കുന്നവിധത്തിലുള്ള സമരവും സംഘടനയും പ്രോ

സാഹിപ്പിക്കപ്പെടണം. ഒരു സമരത്തിനപോലും അതിൻേറതായ വ്യക്തമായ ന്യായീകരണമില്ലാത്ത സ്ഥിതിഗതികളിലേക്ക് 'വിദൂരതയുടെ മാനദണ്ഡം' നമ്മെ നയിച്ചിരിക്കുകയാണ്. ഓരോ പ്രവത്തനവും അതിനടുത്ത പ്രവൃത്തിയുടെ ഫലത്താലാണ ന്യായീകരിക്കപ്പെടുന്നതു്. നീതീകരിക്കപ്പെടേണ്ട പ്രവത്തനങ്ങളുടെ ചങ്ങല നീളുകയാണ്. ഇതിൻേറയെല്ലാം പരിണതഫലം ഭീകരതയും സമൂഹത്തിൻേറ പൊതുലക്ഷ്യങ്ങളുടെ മരണവുമാണ്. സമരത്തിനുള്ള ഓരോ പ്രവത്തനവും അതിനുള്ള നീതീകരണം ഉൾക്കൊള്ളണം സമൂഹത്തിൻേറ പൊതുലക്ഷ്യങ്ങളുടെ പരീക്ഷണങ്ങളെ വിജയിപ്പിക്കുന്നതിനു കഴിവുള്ള തരത്തിലുള്ളതായിരിക്കണം അതിൻേറ അടിയന്തരസ്വഭാവം. ഇന്നത്തെ അസത്യത്തെ നാളത്തെ സത്യംകൊണ്ടു്, ഇന്നത്തെ അധികാരകേന്ദ്രീകരണത്തെ വിദൂരതയിലുള്ള ജനാധിപത്യംകൊണ്ടു് ദേശീയ സ്വാതന്ത്ര്യത്തിൻേറ ഇന്നത്തെ ഒററുകൊടുക്കലിനെ വിദൂരതയിലെ ഏകലോകംകൊണ്ടു്, ഇന്നത്തെ കൊലപാതകത്തെ നാളത്തെ ആരോഗ്യംകൊണ്ടു അതു ന്യായീകരിക്കരുതു്. വിജയിക്കുന്നതിനു വിദൂരതയിൽ മാത്രം വിരളമായ സാദ്ധ്യതകളുള്ള ആദർശങ്ങൾക്കു മനുഷ്യൻ ഇന്നു അടിമയായിത്തീന്നിരിക്കുകയാണ് അതിൻേറ ഫലം ഭീകരതയുടെയും നിഷ്ഠൂരതയുടെയും പ്രവത്തനത്തിൻേറ ശൃംഖലകൾ നീളു

കയും ശൃംഖലയുടെ ഒടുവിലത്തെ കണ്ണിയിലുള്ള "നല്ല പ്രവൃത്തി" "നല്ല നാളെ" രണ്ടും ഉണ്ടാകാതെയിരിക്കുകയുമാണ്. സോഷ്യലിസത്തിന്റെ വർഗ്ഗസമരങ്ങളുടെ മാനദണ്ഡം അടിയന്തരമായ നല്ല പ്രവർത്തിയാണ്. എന്നാൽ മാത്രമേ മുതലാളിത്തത്തെ അതിന്റെ രണ്ടു മണ്ഡലങ്ങളിലും നശിപ്പിക്കുന്നതിനും സമുദായത്തിന്റെ സാമ്പത്തികവും പൊതുവായുമുള്ള ലക്ഷ്യങ്ങൾ നേടുന്നതിനു ശക്തി സമാർജ്ജിക്കുന്നതിനു സോഷ്യലിസത്തിനുകഴിയൂ.

കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തനരീതികളും വർഗ്ഗസമരവും അത്യാവശ്യകതയുടെ മാനദണ്ഡമനുസരിച്ചു പൂർണ്ണമായും പരാജയമടയുകയാണ്. കമ്മ്യൂണിസത്തിന്റെ മഹാപുരോഹിതന്മാർ സന്മാർഗ്ഗത്തിന്റെ എല്ലാ ധാരണകളെയും നിരാകരിക്കുകയും അസന്മാർഗ്ഗിക പ്രവർത്തനങ്ങളെ അതു വിപ്ളവത്തിനു സഹായകരമായിരിക്കുന്നിടത്തോളം കാലം പുകഴ്ത്തുകയുമാണ് ചെയ്യുന്നതു്. ഇന്ത്യയിലെ സോഷ്യലിസ്റ്റുകൾക്ക് കമ്മ്യൂണിസത്തിന്റെ സാമ്രാജ്യം കൂടുതൽ കൂടുതൽ പരിചിതമായി വരികയാണ്. കമ്മ്യൂണിസം ഒരു നുണയിൽനിന്നു മറെറാരു നുണയിലേക്കു ചാടിച്ചാടിപ്പോവുകയാണ് റഷ്യായിലും ചൈനായിലുംകൂടി പ്രകടിതമാകുന്ന അന്തർദേശീയ തൊഴിലാളിവർഗ്ഗത്തിന്റെ താൽപര്യത്തിനുവേണ്ടിയുള്ള ദേശീയ സ്വാതന്ത്ര്യത്തിന്റെ ഒററുകൊടുക്കലും രാജ്യദ്രോഹവും

മഹത്തായ ത്യാഗവും സേവനവും ആയി ചിത്രീക
കരിക്കപ്പെട്ടുകയാണ്. ജനാധിപത്യവും പാർലി
മെൻറും അവയെ നശിപ്പിക്കുന്നതിനുവേണ്ടി മാത്രം
ഉപയോഗിക്കപ്പെടുന്നു. പൗരരാഹിത്യ മനഃസ്ഥി
തിയും പാർട്ടിയുടെ മുൻപിലുള്ള സാഷ്ടാംഗപ്ര
ണാമവും എല്ലാ ഉത്തരവാദിത്തങ്ങളും ജനാധിപത്യ
മനഃസ്ഥിതിയും ഉപേക്ഷിക്കുവാനും പ്രേരിപ്പിക്കു
ന്നു. വൻതോതിലുള്ള അക്രമവും ശുദ്ധീകരണവും
അനിർവാര്യമായിത്തീരുന്നു അതിലും ഉപരി
യായി കമ്മ്യൂണിസം മനുഷ്യൻെറ ബുദ്ധിശക്തിയെ
നിഷേധിക്കുന്നു. ജനതക്കു ആഭ്യന്തര യുദ്ധത്തിലൂ
ടെയല്ലാതെ അവരുടെ വ്യക്തമായ തീരുമാനങ്ങൾ
എടുക്കുവാനുള്ള കഴിവിൽ കമ്മ്യൂണിസം വിശ്വസി
ക്കുന്നില്ല. പ്രചരണോപാധികളിലും വിദ്യാഭ്യാസ
ത്തിലും സൈന്യത്തിലും മുതലാളിത്തത്തിൻെറ നി
യന്ത്രണം കരേക്കൂടി സുശക്തമായി കമ്മ്യൂണിസം
തുടരുകയാണ്. അങ്ങനെ ജനങ്ങൾക്കു കമ്മ്യൂണി
സത്തിനു അനുകൂലമായിത്തന്നെ നിർണ്ണായകമായ
ഒരു വിധി കൽപ്പിക്കുന്നതിനുള്ള അവസരം കമ്മ്യൂ
ണിസം തടഞ്ഞിരിക്കുന്നു. ജനതയിൽ പൂർണ്ണമാ
യും വിശ്വസിക്കാത്ത ഇത്തരത്തിലുള്ള ഒരു സിദ്ധാ
ന്തത്തോടു ജനതയും വിശ്വാസം അർപ്പിക്കാറില്ല
അതുകൊണ്ടു മുഴുവൻ ജനതയുടെയും സമ്മതിദാന
ത്തോടുകൂടിയ ഒരു ഗവണ്മെൻറ് ഒരു വൈരുദ്ധ്യ
മാണ്. കമ്മ്യൂണിസം സായുധവിപ്ലവത്തിലൂടെ

അധികാരത്തിൽ എത്തുന്നതുവരെയും അതിൻെറ ജോലി സോഷ്യലിസ്റ്റ് വോട്ടുകളെ ഭിന്നിപ്പിച്ചു യാഥാസ്ഥിതിക ഗവണ്മെൻറിനെ അധികാരത്തിൽ തുടരുവാൻ സഹായിക്കുകയാണു്

കമ്മ്യൂണിസത്തിനും യാഥാസ്ഥിതികത്വത്തിനും സോഷ്യലിസത്തിനെതിരായി ഒട്ടുവളരെ പൊതുതാൽപ്പര്യങ്ങളുണ്ടു്. യാഥാസ്ഥിതികത്വം സോഷ്യലിസത്തെ അതിൻെറ ജനാധിപത്യ ശത്രുവായി കരുതുന്നതോടൊപ്പം വിജയകരമായ ഒരു സായുധ വിപ്ളവത്തിൻെറ ഭീഷണിയിലൂടെയല്ലാതെ കമ്മ്യൂണിസത്തെ ഭയപ്പെടുന്നില്ല. സോഷ്യലിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നാൽ സായുധ വിപ്ളവ ളവത്തിൻെറ സാദ്ധ്യതകൾ കുറയുമെന്നു അങ്ങേയററം ഭയപ്പെടുന്നതിനാൽ കമ്മ്യൂണിസം ഒരു യാഥാസ്ഥികഗവണ്മെൻറു് തുടരുന്നതു ഇഷ്ടപ്പെടുന്നു. കമ്മ്യൂണിസ്റ്റ് വിപ്ളവം വിജയിക്കുന്നതുവരെ അതു ബൂർഷ്വാസിക്കു് പിൻതുണയും സഹായവും നൽകുന്ന ഒരു സിദ്ധാന്തമാണു്. വിജയകരമായ വിപ്ളവത്തിനുശേഷംപോലും അതു ദുഷിച്ച പെരുമാററത്തിൻെറ ഒരു സിദ്ധാന്തമായിത്തന്നെ തുടരുന്നു. അതിൻെറ കാരണം അതിൻെറ സാമ്പത്തികലക്ഷ്യങ്ങളായ വൻ തോതിലുള്ള ഉൽപ്പാദനവും സമൃദ്ധിയും ലോകത്തിൻെറ മൂന്നിൽ രണ്ടു ഭാഭാഗത്തു നേടുക അസാദ്ധ്യമായതുകൊണ്ടു് അതിൻെറ പാതുലക്ഷ്യമായ വിദൂരതയിലുള്ള സംസ്

ക്കാരം എന്നുമെന്നും അകന്നകന്നു മാറിമാറി പോകുന്ന ഒരാദർശവും മാത്രമാണു് കമ്മ്യൂണിസത്തിന്റെ വർഗ്ഗസമരം ചതിയുടെയും നുണയുടെയും സ്വേഛാധിപത്യത്തിന്റെയും സാംസ്ക്കാരികാധഃപതനത്തിന്റെയും വിജയകരമായ വിപ്ളവം വരെ മുതലാളിത്തത്തിനു പിൻതുണനൽകുന്നതിന്റെയും സിദ്ധാന്തമാണു്.

## ആധുനിക പരിഷ്ക്കാരത്തിന്റെ മൂന്നു സ്വഭാവങ്ങൾ.

മുതലാളിത്തത്തിന്റെയും കമ്മ്യൂണിസത്തിന്റെ ഒരുപോലുള്ള പരാജയം അവ രണ്ടും യാത്രയുടെ അന്ത്യത്തോടു സമീപിക്കാറായ ഒരേ പരിഷ്ക്കാരത്തിന്റെ രണ്ടു വിഭാഗങ്ങളായിട്ടു കാണുകയാണെങ്കിൽ കുറേക്കൂടി വ്യക്തമാകുന്നതാണു് എല്ലാ പരിഷ്ക്കാരങ്ങളുടെയും ലക്ഷ്യം സുഖവും സംസ്ക്കാരവും സമാധാനവും ആദർശരാജ്യവും ആണു് എന്നാൽ ഒരു പരിഷ്ക്കാരത്തെ മറെറാന്നിൽനിന്നും വേർതിരിക്കുന്നതു ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുവാൻവേണ്ടിസ്വീകരിച്ച ക്രമങ്ങളും യാഥാർത്ഥ്യത്തിലുണ്ടായ നേട്ടങ്ങളുമാണു്. എല്ലാ പരിഷ്ക്കാരങ്ങളും ജീവിതത്തെപ്പററിയുള്ള ചില വ്യക്തമായ ഉദ്ദേശങ്ങളാലും ചില പ്രത്യേക പ്രേരകാശക്തികളാലുമാണു് നയിക്കപ്പെടുന്നതു്. ഈ മാനുഷിക ഉദ്ദേശങ്ങ

ളെ മനസ്സിലാക്കുന്നതിന്ന അവയെ മതപരം അല്ലെങ്കിൽ മതേതരം, സേഛാധിപത്യ പരം അല്ലെങ്കിൽ സ്വാതന്ത്ര്യം, യുക്തിപൂർവ്വകം അല്ലെങ്കിൽ വൈകാരികം, ജന്മിത്വരീതി, അല്ലെങ്കിൽ മുതലാളിത്തരീതി എന്നൊക്കെയുള്ള വേർതിരിവുകളിലൂടെ സമീപിക്കുന്നതുകൊണ്ടുമാത്രം മതിയാവുകയില്ല. ആധുനിക പരിഷ്ക്കാരത്തെ ജനാധിപത്യം അല്ലെങ്കിൽ സർവാധിപത്യം, സ്വകാര്യ ഉടമ അല്ലെങ്കിൽ സ്റ്റേറ്റു ഉടമ എന്നുമാത്രം വ്യവഹരിക്കുവാൻ നിവൃത്തിയില്ല. ആധുനിക പരിഷ്ക്കാരത്തിൻെറ പ്രത്യേകമായ പ്രേരകാശക്തികൾ സാമ്പത്തിക മണ്ഡലത്തിലേക്കുള്ള ശാസ്ത്രത്തിൻെറ തുടർച്ചയായ പ്രയോഗം, ഉയൎന്നുകൊണ്ടിരിക്കുന്ന ജീവിതനിലവാരം, വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യസമത്വം എന്നിവയാണ്. ആധുനികസമൂഹത്തെ ചലിപ്പിക്കുന്ന പ്രചോദനം കൂടുതലായ ഉൽപ്പാദനമാണെങ്കിൽ ആധുനികമനുഷ്യൻെറ പ്രേരണാശക്തി ഉയൎന്ന ജീവിതത്തോതും നല്ല വീടുമാണ്. ഇതിന്ന മുൻപുണ്ടായിരുന്ന മറെറാരു പരിഷ്ക്കാരത്തിനും ഈ തരംപ്രേരകാശക്തികളില്ലായിരുന്നു അതിൻെറ കാരണം വിപ്ളവാത്മകമായ ഒരു സാങ്കേതിക സമ്പ്രദായം അവയ്ക്കൊന്നിനും ഇല്ലായിരുന്നു എന്നതുതന്നെ അതുപോലെതന്നെ ഇതിന്ന മുൻപുള്ള യാതൊരു പരിഷ്ക്കാരവും സാമൂഹ്യസമത്വത്തിന്നവേ

ണ്ടിയുള്ള ഇത്രമാത്രം ഒട്ടങ്ങാത്ത ആവേശത്താൽ പ്രേരിതമായിരുന്നില്ല അതും ഇന്ന് സാദ്ധ്യമാകുന്നതു മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക സമ്പ്രദായത്തിലൂടെയാണ്. ആധുനികമനുഷ്യനു അമേരിക്കയിലായാലും റഷ്യയിലായാലും ഒരേ പ്രേരകാശക്തിയാണുള്ളതു്. വൻതോതിലുള്ള ഉൽപ്പാദനസമ്പ്രദായത്താൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും അവനു നല്ല ഒരു വീടുണ്ടായിരിക്കുവാനും—അതോടൊപ്പം അവൻെറ രാജ്യാതൃത്തികൾക്കുള്ളിലെങ്കിലും അതു് എല്ലാവക്കും ലഭിക്കുവാനും അവൻ ആഗ്രഹിക്കുന്നു. ഈ ലക്ഷ്യപ്രാപ്തിയുടെ അവസാനത്തിലാണ് ഭൂമിയിലെ സ്വർഗ്ഗം—സമത്വത്തിൻെറയും സമൃദ്ധിയുടെയും പൂർണ്ണജീവിതത്തിൻെറയും ആദർശസുന്ദരമായ രാജ്യം. പക്ഷേ മാർഗ്ഗത്തിലുള്ള തടസ്സങ്ങൾ വർദ്ധിക്കുകയാണ്.

ആധുനിക പരിഷ്ക്കാരത്തിൻെറ മൂന്നു സ്വഭാവങ്ങളും, വിപ്ലവാത്മകമായ സാങ്കേതികസമ്പ്രദായം, ഉയർന്നുകൊണ്ടിരിക്കുന്ന ജീവിതത്തോതു്, സാമൂഹ്യ സമത്വം എന്നിവയെല്ലാംതന്നെ കുഴപ്പത്തിൽ ആയിരിക്കുകയാണ്. വിപ്ലവാത്മകമായ സാങ്കേതിക സമ്പ്രദായം, അതിന് നശിപ്പിക്കുവാൻ കഴിവില്ലാത്ത അതിൻെറ സ്വന്തം സൃഷ്ടിയെ, ലോകത്തിൻെറ മുന്നിൽ രണ്ടു ഭാഗത്തെ ഭയാനകമായ പട്ടിണിയെ, നേരിട്ടുകൊണ്ടിരിക്കുകയാണ്. അമേരിക്കൻ ഐക്യനാടുകളിലോ റഷ്യയി

ലോ, അതിനു എത്രമാത്രം ഔന്നത്യത്തിലെത്തിച്ചേരുവാൻ കഴിഞ്ഞിരുന്നാൽ തന്നെയും അതിൻെറ മഹത്വത്തിൻെറ ആദ്യത്തെ ഇരിപ്പിടമായ പടിഞ്ഞാറൻ യൂറോപ്പിൽ അതിനു വികസിക്കുന്നതിനു കഴിവില്ലാതായിത്തീൎന്നിരിക്കുകയാണ്. ഇക്കഴിഞ്ഞ മൂന്നു ദശവത്സരങ്ങളായിട്ടു അതു ഏതാണ്ടു ഒരേ നിലയിൽത്തന്നെ നിലകൊള്ളുന്നു. ഉയൎന്ന ജീവിതത്തോതിനുള്ള ആവേശം, ഒരേ നിലയിൽതന്നെ നിൽക്കുന്ന, കുറഞ്ഞുവരുന്ന, ഉൽപ്പാദനവുമായി ഏററുമുട്ടി തകരുകയാണ്. ഉൽപ്പാദനക്കുറവിനും ഉയൎന്ന ജീവിതത്തോതിനുംവേണ്ടിയുള്ള അടങ്ങാത്ത വിശപ്പിൽനിന്നും ഉളവാകുന്ന ഉത്കണ്ഠയും, മത്സരങ്ങളും ശൂന്യതയും അസ്സഹനീയമായിത്തീൎന്നിരിക്കുന്നു. മനുഷ്യനും സാധനങ്ങളും ആയുള്ള ബന്ധം കീഴ്മേൽ മറിച്ചിട്ടിരിക്കുകയാണ്. അവൻ അവയെ ഉപയോഗിക്കുന്നതിനുപകരം അവ അവനെ ഉപയോഗിക്കുകയാണ്. ആധുനികപരിഷ്ക്കാരത്തിൻെറ രാജകുമാരനായ പടിഞ്ഞാറൻ യൂറോപ്പ് അമേരിക്കയോട്ട് ഇന്ത്യക്കുള്ളതുപോലെ തന്നെ ഒരുനീരസമാണ് പ്രകടിപ്പിക്കുന്നതു്. പണക്കാരനോടു പാവപ്പെട്ട ബന്ധുവിനുള്ള നീരസം-അല്ലെങ്കിൽ മത്സര ഓട്ടത്തിൽ ഒരു പുതിയ എതിരാളിയാൽ പരാജിതനാകുമ്പോഴം ഓട്ടത്തിൽ മത്സരിക്കേണ്ടതായിട്ടു ഒന്നുംതന്നെ ഇല്ലാ എന്നുണ്ടാകുന്ന വിവേകം മുതലാളിത്തത്തിലും കമ്മ്യൂണിസത്തിലും

ആധുനികജീവിതത്തിൻെറ മത്സരങ്ങളെയും ശൂന്യതയേയും അതിജീവിക്കുക വിഷമകരമായിരിക്കുന്നു. ഉയരുന്ന ജീവിതത്തോതിനുള്ള വെമ്പലാണ് അവരിരുവരുടെയും മാതാവ്. അവ രണ്ടിനും പൊതുവായിട്ടുള്ളതും ഇതാണ്. മുതലാളിത്തം അവരുടെ സ്വപ്നസാമ്രാജ്യം ഓരോ വ്യക്തിയും സ്വന്തം താൽപ്പര്യത്തിനുവേണ്ടി സമ്പൂർണ്ണ മത്സരത്തിൻെറ അടിസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോൾ ഉടലെടുക്കുമെന്നു പ്രതീക്ഷിച്ചു. സാമൂഹ്യഉടമയിൽനിന്നും ആദർശസാമ്രാജ്യം ഉടലെടുക്കുമെന്നു കമ്മ്യൂണിസ്ററുകൾ ഇന്നും പ്രതീക്ഷിക്കുന്നു. അവയ്ക്കു രണ്ടിനും പൊതുവായുള്ള തെററ് സമുദായത്തിൻെറ പൊതു ലക്ഷ്യങ്ങൾ സാമ്പത്തികലക്ഷ്യങ്ങളിൽനിന്നും അപ്പാടെ നിർമ്മിക്കുന്നില്ല എന്നുള്ളതാണ്. മനുഷ്യൻെറ ബുദ്ധികൊണ്ടു ഈ രണ്ടു ലക്ഷ്യങ്ങളും തമ്മിൽ സംയോജിതമായ ഒരു ബന്ധം സൃഷ്ടിക്കേണ്ടിയിരിക്കുന്നു അതുപോലെതന്നെ ഇന്നേവരേ മറെറാരു പരിഷ്ക്കാരത്തിനും എത്തുവാൻ കഴിയാതിരുന്നിട്ടുള്ള സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവും ആയ സമത്വം, പ്രഭുകുമാരിയേയും അലക്കുകാരിയേയും കാഴ്ചയിൽ തിരിച്ചറിയുവാൻ കഴിയാത്തവണ്ണം ഒരുപോലെ തോന്നത്തക്കവിധത്തിൽ എത്തിയിട്ടുള്ള ആധുനികപരിഷ്ക്കാരം ആത്മികമായ സമത്വം അന്വേഷിക്കാതിരിക്കുന്നതുമൂലം ഇന്നു തകരുകയാണ്. ഇതിനുമുൻപുള്ള പരിഷ്ക്കാരങ്ങൾ

സാമൂഹ്യ അസമത്വത്തോടു ചേൻറുള്ള ആത്മിക സമത്വത്തിൻെറ ഭാരം കൊണ്ടു് തകൎന്നെങ്കിൽ, ആധുനിക പരിഷ്ക്കാരം ആത്മിക അസമത്വത്തോടു ചേൻറുള്ള സാമൂഹ്യസമത്വത്തിൻെറ ഭാരത്താൽ തകരുകയാണെന്നുതോന്നുന്നു. കൂട്ടായുള്ള ജീവിതം അത്രമാത്രം മരവിച്ചതും വഞ്ചനാത്മകവും ആയിരിക്കുകയാണു്.

## മുതലാളിത്തത്തിൻെറയും കമ്മ്യൂണിസത്തിൻെറയും അപ്രസക്തത.

ആധുനിക പരിഷ്ക്കാരത്തിൻെറ മനസ്സ് കുറേ ദശകങ്ങൾക്കു മുൻപുതന്നെ അതിൻെറ യാത്രയുടെ അന്ത്യത്തിൽ എത്തിച്ചേൻറു. ഈ നൂററാണ്ടു സ്വന്തവും സ്വാതന്ത്ര്യവും ആയി ചിന്തിക്കുവാൻ കഴിവുള്ള ഒരൊററ ആളിനെ മാത്രമേ കണ്ടിട്ടുള്ളു. മഹാത്മാ ഗാന്ധി—ഈ നൂററാണ്ടിൽ ഒരൊററ കണ്ടുപിടുത്തം മാത്രമേ ഉണ്ടായിട്ടുള്ളു അതു് ആററംബോംബുമാണു്. ഈ കണ്ടുപിടുത്തം ആധുനിക പരിഷ്ക്കാരത്തിൻെറ പാരമ്യമാണു്. ആധുനിക പരിഷ്ക്കാരം അഭിപ്രായത്തെ ശക്തിയുടെ മുൻപിൽ ബലിയർപ്പിച്ചിരിക്കുകയാണു്. അതിൻെറ മൂന്നു പ്രേരകാശക്തികളും അനസ്യൂതമായ പരിശോധനക്കു വിധേയമാകാതിക്കുന്നിടത്തോളം കാലം മററുതരത്തിൽ ആകുവാൻ നിർവാഹവുമില്ല. മുതലാളിത്തത്തിൻെറയും കമ്മ്യൂണിസത്തിൻെറയും.

അമേരിക്കയുടെയും റഷ്യയുടെയും പരസ്പരാരോപണങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന അവക്കിരുവർക്കും ദാരിദ്ര്യവും യുദ്ധവും ആകുന്ന ഭീകരരാക്ഷസന്മാരെ വധിക്കുവാൻ കഴിവും ഇല്ല. നേരെമറിച്ചു അവർ പറയുന്നതും പ്രവർത്തിക്കുന്നതും ഇവയുടെ രാക്ഷസീയത്വം വർദ്ധിപ്പിക്കുവാൻ മാത്രമേ പര്യാപ്തമാകുന്നുള്ളു. ഭയത്താലും വിദ്വേഷത്താലും അവർ ലോകത്തെ ആവരണം ചെയ്തിരിക്കുന്നു. മനുഷ്യന്ന അവരോടുതന്നെ സമാധാനമായിരിപ്പാൻ ഇനിമേൽ സാദ്ധ്യമല്ല. ആധുനിക പരിഷ്ക്കാരത്തിന്റെ രണ്ടുവശങ്ങളിൽനിന്നും, മുതലാളിത്തത്തിൽനിന്നും കമ്മ്യൂണിസത്തിൽനിന്നും അവൻ അകലെ ആകുന്നു പോകേണ്ടിയിരിക്കുന്നു. അവയുടെ പരസ്പര ബന്ധിതങ്ങളായ സ്വഭാവങ്ങളും പ്രേരകാശക്തികളും ഒരു പുതിയ പരിഷ്ക്കാരത്തിന്റെ ആരംഭത്തിന്ന തികച്ചും അപ്രസക്തമാണു് തുല്യ അപ്രസക്തതയുടെ ഈ സിദ്ധാന്തം തുല്യദൂഷ്യങ്ങളുടെ സിദ്ധാന്തവുമായി തെറ്റിദ്ധരിക്കപ്പെടരുതു്. അല്ലെങ്കിൽ രണ്ടുംനശിക്കുന്നതിനായുള്ള പ്രാർത്ഥനയായിട്ടും പരിഗണിക്കപ്പെടരുതു്. ഈ പുതിയ സിദ്ധാന്തം ഉന്നതമായ ഒരു സന്മാർഗ്ഗസിംഹാസനത്തിലേറിക്കൊണ്ടു വിധിപറയുവാനും അധിക്ഷേപിക്കുവാനും അല്ല പരിശ്രമിക്കുന്നതു്. ആധുനിക പരിഷ്ക്കാരത്തിന്റെ അനശ്വരമായ മഹത്വത്തെപ്പററിയും അതുപോലെതന്നെ ഇതിന്നുമുൻപു്

ഒരു പരിഷ്ക്കാരത്തിനും നേടുവാൻ കഴിയാതിരുന്ന സാമൂഹ്യ സമത്വത്തിലുള്ള അതിന്റെ നേട്ടത്തെപ്പററിയും ഈ സിദ്ധാന്തത്തിനു പൂർണ്ണമായ ബോദ്ധ്യം ഉണ്ട്. ഇന്നത്തെ പരിഷ്ക്കാരത്തിന്റെ ചിന്താഗതിയിൽനിന്നും ഒട്ടുവളരെ പഠിക്കുവാനുമുണ്ട്. അതിന്റെപല പ്രധാന അംശങ്ങളും വേണ്ടത്ര കൂട്ടിച്ചേർക്കലുകളോടുകൂടി ഈ പുതിയ മനുഷ്യശ്രമത്തിൽ ചേരുകയെന്നുള്ളതു് അനിർവാര്യമത്രേ. തുല്യ അപ്രസക്തതയുടെ ഈ സിദ്ധാന്തം ഒരു പുതിയ പാതയിലൂടെ സഞ്ചരിക്കുവാനുള്ള യാത്രക്കാരന്റെ, കറങ്ങികറങ്ങി എങ്ങുമെങ്ങും ചെന്നുചേരാത്ത, മററെ രണ്ടുവഴികളാലും ആകർഷിക്കപ്പെടുവാൻ വിസമ്മതിക്കുന്ന യാത്രക്കാരന്റെ, തീരുമാനമാണ്. അത്തരത്തിലുള്ള ഒരു യാത്രക്കാരനു മററെ രണ്ടു വഴികളും തമ്മിൽ താരതമ്യപ്പെടുത്തുവാൻ സമയം പാഴാക്കുന്നതുപോലെ വിനാശകരമായി ഒന്നുംതന്നെയില്ല. അവരണ്ടും അവനു ഒരുപോലെ അപ്രസക്തമാണ്. മററൊരുതരത്തിൽ പറഞ്ഞാൽ അവ രണ്ടും ഒന്നുകിൽ ഒരുപോലെ നല്ലതാണ്. അല്ലെങ്കിൽ ഒരുപോലെ ചീത്തയാണ്.

## സമ്പ്രദായങ്ങളും, ജനങ്ങളും.

അററലാൻറിക്കു ചേരിയുടെയും സോവിയററുചേരിയുടെയും അനുയായികൾ അപ്രസക്തതയുടെ

സിദ്ധാന്തത്താൽ വളരെയധികം ക്ഷതപ്പെടാറുണ്ട്. എതിരാളിയുടെ സുഖക്കേടിൻെറ അപഗ്രഥനത്തിൽ അവർ ശരിയാണു്; എന്നാൽ തങ്ങളുടെ സുഖക്കേടിനെപ്പററി പൂർണ്ണമായും അന്ധരുമാണ്. ആ തരം സുഖക്കേടിൻെറ മൂടിവയ്ക്കൽമനുഷ്യസമുദായത്തിനു വൻപിച്ച ആപത്താണു്. കമ്മ്യൂണിസത്തിൻെറ നിഷ്ഠൂരവും ഭീകരവുമായ മർദ്ദനങ്ങളെയും അവികസിത രാജ്യങ്ങളിൽ അതിൻെറ സാമ്പത്തികലക്ഷ്യങ്ങളുടെ ഭീമമായ പരാജയത്തെയും അതു പ്രതിനിധാനം ചെയ്യുന്ന മൃഗീയമായനിഷ്ഠൂരതയുടെയും നേരെ മൗനമായിരുന്നിട്ടാവശ്യമില്ല. അതുപോലെതന്നെ വിനാശത്തിൻെറയും തകർച്ചയുടെയും യാഥാസ്ഥിതികത്വത്തിൻെറയും പ്രാതിനിധ്യം വഹിച്ചുകൊണ്ടു ലോകത്തിൻെറ പോലീസുകാരനും ഉപദേശകനും ആയിട്ടു പ്രവൎത്തിക്കുവാനുള്ള അററലാൻറിക്ക്ചേരിയുടെ ശ്രമത്തിൻെറയും ലോകമൊട്ടാകെ കടിഞ്ഞാണ് പിടിക്കുന്നതിനുള്ള അവരുടെ യത്നത്തിൻെറയും ആധുനിക പരിഷ്ക്കാരത്തെ ഭ്രാന്താലയമാക്കുവാനുള്ള അവരുടെ വെമ്പലിൻെറയും നേരെ ശാന്തമായിരിപ്പാൻ സാദ്ധ്യമല്ല. ജനാധിപത്യത്തിൽ മാററത്തിനുള്ള സാദ്ധ്യതകൾ സ്വേഛാധിപത്യത്തേക്കാൾ ഉള്ളതുകൊണ്ടു് അതു് സ്വീകാര്യമാണെന്നു പറയാറുണ്ടു്. എന്നാൽ ആ തരത്തിലുള്ള സാദ്ധ്യതകൾ ഏറെക്കുറെ താത്വികം മാത്രമാണു്. സ്വത്തുടമയിലുള്ള

ബന്ധങ്ങൾ പോലും മാററുക ഏറെക്കുറെ വിഷമമാണ്. എന്നാൽ ഒരു പരിഷ്ക്കാരവും അതിൻെറ ഉദ്ദേശങ്ങളെയും വ്യക്തമായ പ്രേരകാശക്തികളെയും മാററുന്നതിന്ന അതിൻെറ ചട്ടക്കൂട്ടിൽനിന്നും സ്വതേ സ്വാതന്ത്ര്യമായിട്ടുള്ളതായി ഇന്നുവരെ അറിവില്ല. ജീവിക്കുന്ന ഒരു പരിഷ്ക്കാരം ഒന്നുകിൽ വളരുന്നു അല്ലെങ്കിൽ പിൻതള്ളപ്പെട്ടുന്നു. ഭ്രഷ്ടാക്കപ്പെട്ടുത്തി അതു സ്വയം പരിവത്തനം ചെയ്യുന്നില്ല. മനുഷ്യബുദ്ധിയുടെ അസാധാരണമായ ഈ പ്രകാശനം ഉണ്ടാകുകയാണെങ്കിൽപ്പോലും അതുനേടുന്നവർ അന്നുവരെ തുല്യ അപ്രസക്തതയുടെ സിദ്ധാന്തം ശരിയായിരുന്നുവെന്നു മനസ്സിലാക്കും. വിവിധരാജ്യങ്ങളിൽ ജീവിക്കുന്ന ഒരേതരത്തിൽ ചിന്തിക്കുന്നവക്കു സ്വാതന്ത്ര്യമായ സംഭാഷണവും വാദപ്രതിവാദവും പരസ്പരധാരണ പുലത്താൻ സഹായിക്കുന്നു എന്നുള്ളതു് വാസ്തവവും സന്തോഷകരവും ആണു്. കമ്മ്യൂണിസത്തിൽ ഒരു സായുധസൈന്യം നേടുന്നതു് ജനാധിപത്യത്തിൽ സംഭവങ്ങളുടെയും വഴക്കങ്ങളുടെയും സമ്മർദ്ദംകൊണ്ടുണ്ടാകുന്നു പലപ്പോഴും ഒരു സ്വാതന്ത്ര്യചിന്തകനെ അതു പിൻതള്ളിയേക്കാം. ഇന്നു നിലവിലിരിക്കുന്ന പരിഷ്ക്കാരത്തിൻെറ ചട്ടക്കൂട്ടിനുള്ളിൽതന്നെ നിന്നുകൊണ്ടു മാററത്തിനുള്ള സാദ്ധ്യതകൾ കമ്മ്യൂണിസത്തിന് ഒട്ടും ഇല്ലാതില്ല. മുന്നറിയിപ്പു ഇല്ലാതെയും വാദപ്രതിവാദങ്ങളില്ലാതെയും അവയുണ്ടാകുന്നു.

യൂഗോസ്ലേവിയാ ഒററതിരിഞ്ഞുള്ള ഒരു സംഭവമായിരിക്കാം. പക്ഷേ അതു് ഒരിക്കൽ സംഭവിച്ചു. കമ്മ്യൂണിസത്തെ വെറുക്കുന്ന പല സോഷ്യലിസ്റ്റുകൾക്കും പല രാജ്യങ്ങളിലേയും സോഷ്യലിസ്റ്റ്പാർട്ടികളെക്കാൾ യൂഗോസ്ലേവിയായോടു അടുപ്പവും ബന്ധവും അനുഭവപ്പെടുന്നു. അന്തർദേശീയ കമ്മ്യൂണിസവുമായുള്ള തെററിപ്പിരിയലിനുശേഷം യൂഗോസ്ലേവ്യൻ കമ്മ്യൂണിസ്റ്റുകൾ ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി അടങ്ങാത്ത ദാഹത്തോടെ, രണ്ടു ചേരികളിൽനിന്നും വിട്ടുമാറിയ ഒരു നൂതനശക്തിയോടെ, വികേന്ദ്രീകരണത്തിനു അഭിവാഞ്ഛയോടെ,സോഷ്യലിസത്തിലേക്കു പുരോഗമിക്കുകയാണു്.

എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾക്കു പ്രിയംകരങ്ങളായ സ്വഭാവവിശേഷങ്ങളുണ്ടു്. പുതിയ പരിഷ്ക്കാരത്തിനു അവരെല്ലാം ഒരുപോലെ അനുയോജ്യരാണു്. ആധുനികപരിഷ്ക്കാരത്തിൻെറ രണ്ടു രൂപങ്ങളും മുതലാളിത്തവും കമ്മ്യൂണിസവും ഒരു പുതിയ സൃഷ്ടിക്കു ഒരുപോലെ അപ്രാപ്തങ്ങളാണു്; എന്നാൽ അവയുടെ കീഴിൽ ജീവിക്കുന്ന ജനങ്ങൾ അപ്രകാരമല്ല. അമേരിക്കൻ ജനതയുടെ ചൊറുചൊറുപ്പും, ഉത്സാഹപ്രസരിപ്പും, ജർമ്മൻ ജനതയുടെ അടുക്കും പൂർണ്ണതയും, ഇംഗ്ലീഷ്ജനതയുടെ പ്രൗഢതയും മാധുര്യം നിറഞ്ഞ പെരുമാററങ്ങളും ആരെയാണു് ആകർഷിക്കാതിരിക്കുക.

വല്ലപ്പോഴുമൊരിക്കൽ പരിചയപ്പെടുവാൻ ഇടവരുന്ന ചൈനാക്കാരനും സ്ളാവുവർഗ്ഗക്കാരനും അവരുമായി സന്തത സഹചാരിത്വത്തിനുള്ള ആഗ്രഹത്തിനു മൂർച്ചകൂട്ടുകയും റഷ്യയിലെയും ചൈനയിലെയും ജനതയുമായി കൂടുതൽ പരിചയപ്പെടുവാൻ കഴിയാത്തതിൽ നമ്മിൽ സങ്കടം ജനിപ്പിക്കുകയും ചെയ്യുന്നു. കമ്മ്യൂണിസ്റ്റ് ഗവൺമെൻറുകൾ അവരുടെ ജനതയും ബാഹ്യലോകവും ആയി മൂന്നു പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ഈ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റല്ലാതെ ആരുമില്ല അതുകൊണ്ടു് ഒരുവൻ കമ്മ്യൂണിസ്റ്റാകുന്നില്ലെങ്കിൽ ഈ രാജ്യങ്ങളിൽഒരേ തരത്തിൽ ചിന്തിക്കുന്നവരുമായി സമ്പർക്കം സാദ്ധ്യമല്ല. ഇന്ത്യയിലെ ഒരു സോഷ്യലിസ്റ്റ്കാരനു ബർമ്മായിലെയോ, യൂഗോസ്ളേവിയായിലെയോ, ആഫ്രിക്കയിലെയോ, അമേരിക്കയിലെയോ, ജർമ്മനിയിലെയോ സോഷ്യലിസ്ററുകാരനുമായി ഒരടുപ്പംതോന്നുക സാധാരണയാണു്. എന്നാൽ റഷ്യയിലെയുംചൈനയിലെയും കമ്മ്യൂണിസ്ററുകളുമായിഅതു സാദ്ധ്യമല്ല. കമ്മ്യൂണിസത്തിൻെറ കീഴിൽ മുഴുവൻ ജനതയും അവരുടെ ഗവണ്മെൻറും മററു രാജ്യങ്ങളിലെ കമ്മ്യൂണിസ്ററ് പാർട്ടികളുമായിമാത്രം ബന്ധത്തിൽ ഏർപ്പെടുന്നതുകൊണ്ടു് ജനങ്ങളും ജനങ്ങളും എന്ന രീതിയിലുള്ള ബന്ധം പുലർത്തുക കുറേക്കൂടി വിഷമകരമാണു്. അവസാനമായിട്ടു വാദപ്രതിവാദങ്ങൾക്കു പകരം കള്ളപ്രചര

ങ്ങളാണവർ ഇഷ്ടപ്പെടുന്നതു്. ഇന്ത്യയിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനു അമേരിക്കയും റഷ്യയും ഒരുപോലെതന്നെയാണു്. എന്നാൽ അന്തർദേശീയ കമ്മ്യൂണിസത്തിന്റെ കള്ളപ്രചരണം നുണയുടെ മേൽ നുണ കൂട്ടി, നുണയുടെ കൂമ്പാരം സൃഷ്ടിച്ചു അതിനെ അമേരിക്കൻ ഏജൻറായി ചിത്രീകരിച്ചു. ഒരു പുതിയ പരിഷ്ക്കാരത്തിന്റെ സ്രഷ്ടാക്കൾക്കു അവരുടെ ആത്മവിശ്വാസം നശിക്കുകയില്ല. വിമർശനം അർഹിക്കുന്നിടത്തു അവർ വിമർശിക്കും. അമേരിക്കയെപ്പററിയുള്ള ഓരോ വിമർശനത്തിനും പകരം റഷ്യയെ വിമർശിക്കുകയോ തിരിച്ചോ ചെയ്യാറില്ല. ഒരു വാദപ്രതിവാദം അതിന്റേതായ മാർഗ്ഗത്തിലൂടെ പോകണം. ആത്മവിശ്വാസത്തിന്റെ അഭാവം യുക്തിയെ നശിപ്പിക്കരുതു്. സംഘടിതമായ അക്രമരാഹിത്യത്തിനു കമ്മ്യൂണിസത്തെയും മുതലാളിത്തത്തെയും അതിന്റെ മുഖവിലക്കു്, അനുഭാവത്തോടെ എന്നാൽ ചാഞ്ചല്യമില്ലാതെ, ദ്വേഷത്തോടെ എന്നാൽ വിദ്വേഷമില്ലാതെ കാണുവാൻ കഴിയണം, ശത്രുത മങ്ങിപ്പോകാം.

## പുനരുദ്ധാരണത്തിന്റെ സേനകൾ.

ഇന്നത്തെ പരിഷ്ക്കാരത്തിലെ എതിരാളികൾ ഒരുപക്ഷേ അവരുടെ മത്സരത്തിന്റെയും ശീതയുദ്ധത്തിന്റെയും കാഠിന്യം കുറക്കുവാൻ നേ

രിയതും വിദൂരവുമായ സാദ്ധ്യതകളുണ്ട്. ലോകമെങ്ങുമുള്ള വിഭവങ്ങൾ സ്വരുമിപ്പിക്കുന്നതിനുള്ള അന്തർദേശീയ സംഘടനയുടെയും പുനരുദ്ധാരണത്തിനുവേണ്ടിയുള്ള അന്തർദേശീയ സേനകളുടെയും സ്ഥാപനത്തിനുള്ള നിർദ്ദേശങ്ങൾ ശ്രദ്ധിക്കുന്നതിനു ഒരു പക്ഷേ അവർ സമ്മതിച്ചേക്കും. അന്തർദേശീയ വിഭവങ്ങളെ സ്വരുമിപ്പിക്കുന്ന സംഘടന അവികസിത പ്രദേശങ്ങൾക്കു സ്വന്തമായി നേടുന്നതിൽ വേഗത്തിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു സഹായിക്കും. അവികസിതപ്രദേശങ്ങളെ സഹായിക്കുകയാണെങ്കിൽ വികസിതപ്രദേശങ്ങൾ സൃഷ്ടിച്ചതു നിലനിറുത്തുന്നതിനു അതു് അവരെയും സഹായിക്കും. നിർമ്മാണവും നിലനിറുത്തലും ഒരുമിപ്പിക്കുവാൻ കഴിയും, പുനർനിർമ്മാണത്തിന്റെ അന്തർദേശീയ സേനകൾ എല്ലാ രാജ്യങ്ങളിലെയും സ്ത്രീ പുരുഷന്മാരെ പുനർ നിർമ്മാണത്തിനും സമാധാനത്തിനും വേണ്ടിയുള്ള ഒരു പൊതു പരിശ്രമത്തിൽ ഒരുമിപ്പിക്കും. ദേശീയ സ്വഭാവങ്ങൾ പരസ്പരം ഉരുകിച്ചേരുകയും ഉത്കടമായുള്ളവ പരിഹരിക്കപ്പെടുകയും ചെയ്യും. വെള്ളക്കാരന്റെ ലോകത്തിലെ പ്രവർത്തനങ്ങളിൽനിന്നു അതിന്റെ മാത്സര്യവും കറുത്ത വർഗ്ഗക്കാരന്റെ പ്രവർത്തനത്തിൽനിന്നു അതിന്റെ ഉദാസീനതയും പൊയ്പ്പോകാം. പ്രവർത്തനവും ഗാംഭീര്യവുമായി ഒരുമിക്കാം. ആദ്യമായിട്ടു മനുഷ്യസമുദായത്തിന്റെ ശാരീരിക

വും സംസ്ക്കാരികവുമായ സമീപിക്കലും ഒരിമിക്കലും ഉണ്ടാകാം. ആഫ്രിക്കയിലെയും ചൈനയിലെയും ഇൻഡ്യയിലെയും റഷ്യയിലെയും മററു രാജ്യങ്ങളിലെയും യുവജനങ്ങൾ ഒരുമിച്ചു പുനർനിമ്മാണപദ്ധതികളിൽ പ്രവൎത്തിക്കുകയാണെങ്കിൽ വേദന അനുഭവിക്കുന്ന ഇന്നത്തെ ലോകത്തിനു വിഭാവന ചെയ്യുവാൻപോലും കഴിവില്ലാത്തവിധത്തിൽ അതു സമാധാനത്തിനനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കും. പുനർനിമ്മാണത്തിനുവേണ്ടിയുള്ള അന്തർദേശീയ സേനകളുടെയും പുരോഗതിക്കുവേണ്ടിയുള്ള കമ്മീഷനുകളുടെയും കാര്യം ഐക്യരാഷ്ട്രസഭയിലും അതുപോലുള്ള സംഘടനകളിലും തുടർച്ചയായി കൊണ്ടുവരുവാൻ ചില ഗവണ്മെൻറുകൾ ധൈര്യപ്പെടണം. ഏതായാലും സ്വന്തം രാജ്യങ്ങളിൽനിന്നും ചുററുപാടുകളിൽനിന്നും വേർപിരിയുവാനും അപരിചിതങ്ങളും വിദൂരങ്ങളുമായ ദേശങ്ങളിൽ പണിയെടുക്കുവാനും കഴിവുള്ളിടത്തോളം യുവജനങ്ങളെ പ്രേരിപ്പിക്കുന്നതിനു ജനങ്ങളുടെ സംഘടനകൾ പ്രവൎത്തിക്കണം. തങ്ങളുടെ വിജ്ഞാനം പകരുന്നതിനു മാത്രമല്ല അറിവില്ലാത്തതു പഠിക്കുന്നതിനുകൂടി തയ്യാറാകണം. ഇരുണ്ട ലോകം അതിൻെറ മന്ദതയും വെളുത്ത ലോകം അതിൻെറ മാത്സര്യവും ഉപേക്ഷിച്ചേക്കാം. ഇങ്ങനെ വിഭിന്നവൎഗ്ഗങ്ങളുടെ സാംസ്ക്കാരികമായ ഈ ഒരുമിച്ചുചേരൽ ശാശ്വത സമാധാനം നേടുന്നതിനുള്ള

മാർഗ്ഗമാകാം. പരസ്പരം വിഭിന്നവും വിരുദ്ധവും ശത്രുതയിലുള്ളതുമായ സമ്പ്രദായങ്ങളുടെ സഹവത്തിത്വം നിമിഷനേരത്തേക്കുമാത്രമുള്ളതും അയഥാർത്ഥവുമാണ്. എന്നാൽ ഉന്നതമായിട്ടുള്ള ഒരു ലോകമനസ്സിനാൽ നിർബന്ധിതവും പരസ്പരം സമീപിക്കലിൽ അധിഷ്ഠിതമായിട്ടുള്ളതും ആയ സഹവത്തിത്തം ഒരുമിച്ചു ജീവിക്കുവാനും ആധിക്യങ്ങൾ പരിഹരിക്കുവാനും ഒരുമിക്കുവാനും സഹായിക്കും.

## പുറന്തള്ളപ്പെടുന്നവർ പിൻഗാമികൾ.

ആധുനിക പരിഷ്ക്കാരത്തിന്റെ രണ്ടു ഭാഗങ്ങൾ മാത്രമാണ് മുതലാളിത്തവും കമ്മ്യൂണിസവും ഇതിനുമുൻപും ഒരേ പരിഷ്ക്കാരം അതിനെ പുനർജ്ജീവിപ്പിക്കുന്നതിനുവേണ്ടി പരസ്പരം യുദ്ധം ചെയ്യുന്ന രണ്ടു ഭാഗങ്ങളായിട്ടു മാറിയിട്ടുണ്ട്. അവരുടെ മത്സരത്തിന്റെ ഭയാനകമായ ശബ്ദം പുതിയ പരിഷ്ക്കാരത്തിന്റെ മൃദുലശബ്ദം കേൾക്കാതിരിക്കുവാൻവേണ്ടി ലോകമെങ്ങും മുഴങ്ങുകയാണ്. മനുഷ്യപരിഷ്ക്കാരത്തെപ്പറ്റിയുള്ള കമ്മ്യൂണിസ്റ്റ് സിദ്ധാന്തം മുഴുവൻ തലതിരിഞ്ഞതാണ്. ജമ്മനിക്കു ഒരു കാലത്തു എത്തുവാൻ കഴിഞ്ഞ ചരിത്രത്തിലെ പരമമായ ഔന്നത്യം മനുഷ്യപുരോഗതിയുടെ സാക്ഷാത്ക്കാരമാണെന്നു വിശ്വസിച്ച ഒരു ആദർശം ഒരു കാലത്തു അവരെ സ്വാധീനപ്പെട്ട

ത്തിയിരുന്നുവെങ്കിൽ പടിഞ്ഞാറൻ യൂറോപ്പിനു നേടുവാൻ കഴിഞ്ഞ ഔന്നത്യം ശാശ്വതമായ തേജസ്സായി മരവിപ്പിക്കുവാനാണു കമ്മ്യൂണിസ്റ്റ് സിദ്ധാന്തം ആഗ്രഹിക്കുന്നതു്. എന്നാൽ ചരിത്രം ഒരു പരിഷ്ക്കാരത്തിനകത്തു മാത്രം സഞ്ചരിക്കുന്നില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഒരു പരിഷ്ക്കാരവും ഒരു കാലത്തും നശിക്കുകയോ പിൻ തള്ളപ്പെടുകയോ ചെയ്യപ്പെടുമായിരുന്നില്ല. അതുപോലെ തന്നെ ലോകത്തിലെ ഒരു ഭാഗത്തിൽനിന്നും മററൊരു ഭാഗത്തേക്കു അധികാരം മാറുകയുമില്ലായിരുന്നു. ഒരു പരിഷ്ക്കാരത്തിൻെറ ദീപ്തി മങ്ങുമ്പോൾ അതിൻെറ ജ്വാല അതു പുറം തള്ളിയിരിക്കുന്നവരുടെ കൈകളിലേക്കു മാറുന്നു. ഇന്നത്തെ പരിഷ്ക്കാരം പുറംതള്ളിയിരിക്കുന്നവർ ലോകത്തിലെ മൂന്നിൽ രണ്ടുഭാഗം വരുന്ന അവികസിത പ്രദേശങ്ങളാണു്. എന്നാൽ പരിഷ്ക്കാരത്തിൻെറ തീപന്തം വാങ്ങിപ്പിടിക്കുവാൻ അവർ അർഹരാകണമെങ്കിൽ പഴമയുമായിട്ടു വേർപിരിയുവാൻ അവർ തയ്യാറാവുകയും ചിന്തയുടെയും ജീവിതത്തിൻെറയും അവരുടേതായ മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യണം. ഒരുപക്ഷേ മനുഷ്യചരിത്രത്തിൽ ആദ്യമായിട്ടു സംഭവിക്കാവുന്നതു ഈ പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടിയുള്ള മനുഷ്യവർഗ്ഗത്തിൻെറ ഏകോപിച്ചുള്ള പരിശ്രമമാണു്. അനന്യസാധാരണമായ ബുദ്ധിയും അങ്ങേ അററം ആദര

പൂർവം ആഗ്രഹിക്കത്തക്ക സിദ്ധിയും ആയിരിക്കും അതു്. പരിഷ്ക്കാരത്തിൻെറ തുടർച്ചയായുള്ള ഈ മാററങ്ങൾ ആരാണു് ഇഷ്ടപ്പെടുന്നതു്. തീർച്ചയായും ഏഷ്യൻ ജനത അതു് ഇഷ്ടപ്പെടു ന്നില്ല. ഭൂതകാല ചരിത്രത്തിൻെറ ഔന്നത്യത്തി ൽ ആരോഹണം ചെയ്യുകയും പിന്നീടു അത്യഗാധ തയിലേക്കു പുറം തള്ളപ്പെടുകയും ചെയ്യപ്പെട്ട അവർ അതു ഇഷ്ടപ്പെടുന്നില്ല

പുതിയ ഒഴുക്കുകൾ.

മനുഷ്യ പരിഷ്ക്കാരത്തിൻെറ മാററത്തി ൻെറ മഹത്തായ നാടകത്തോടു തങ്ങളുടെ ചിന്താ സരണിയേയും പ്രവത്തനപരിപാടികളെയും ബ ന്ധപ്പെടുത്തുവാൻ യൂറോപ്യൻ രാജ്യങ്ങളിലെയും അമേരിക്കയിലെയും സോഷ്യലിസ്റ്റ് പാർട്ടികൾ ശ്രമിക്കുകയാണെങ്കിൽ നന്നായിരിക്കും. ഇന്നേവരെ തങ്ങളുടെ ജനങ്ങളെ എന്നും എന്നും ഉയന്നുയന്നുവ രുന്ന ഒരു ജീവിതത്തോതിനുള്ള ആശയിലാണു് അ വർ വളർത്തിയതു്. ഈ മാർഗ്ഗത്തിലുള്ള അവരുടെ പ്രവത്തനം തങ്ങളുടെ രാജ്യാതൃത്തികൾക്കുള്ളിൽ പരിമിതപ്പെടുത്തിയിരിക്കുകയുമായിരുന്നു. ഇന്നു അവർ ധൈര്യപൂർവം ലോകത്തിലെല്ലായിടത്തുമു ള്ള ജനങ്ങൾക്കു ഇന്നത്തേതിൽനിന്നും മെച്ചമായ ഒരു ജിവിതത്തോതു് നേടുന്നതിനു, തങ്ങളുടെ സുഖ സൗകര്യങ്ങൾ സ്വല്പം ബലികഴിച്ചാൽപോലും

സഹായിക്കുന്നതിനു തങ്ങളുടെ ജനങ്ങളോടു ധൈര്യപൂർവം ആവശ്യപ്പെടണം. അവരുടെ ജനങ്ങൾക്കു അതു മനസ്സിലാക്കുവാൻ കഴിയും. അവരുടെ ജീവിതത്തോതിലുള്ള ദേശീയ പുരോഗതിക്കുവേണ്ടി യുദ്ധത്തിൻെറ ക്രൂരമായ വില അവർ ക്രമമായി കൊടുത്തുവരികയാണു് ലോകമാകമാനമുള്ള ജീവിതത്തോതിൻെറ പുരോഗതിക്കുവേണ്ടി തങ്ങൾക്കുള്ളതിൽ സ്വല്പം മററുള്ളവക്കു നൽകുന്നതിൻെറ പ്രതിഫലം സമാധാനമാണു്. തങ്ങളുടെ രാജ്യാതിർത്തിക്കുള്ളിൽ മാത്രം ഒതുങ്ങുന്ന ജീവിതത്തോതിൻെറ അനസ്യൂതമായ ഉയർച്ചയെപ്പററി പഠിപ്പിക്കുന്നതു അടിസ്ഥാനപരമായി തെററു തന്നെയാണു്. ഇംഗ്ളണ്ടിലെപ്പോലെ അതു നേടുവാൻ കഴിവില്ലാതെവരുമ്പോൾ നിരാശയിലേക്കു നയിക്കുന്നു അതിൻെറ ആകർഷകത്വം അമേരിക്കയിൽ മുതലാളിമാർ കവരുന്നേടുക്കുകയും മാനസികസമാധാനത്തിനുവേണ്ടിയുള്ള അമേരിക്കാക്കാരൻെറ വെമ്പലിനെ അതിനു സംതൃപ്തിപ്പെടുത്തുവാൻ കഴിയാതെയും വന്നിരിക്കുന്നു. പട്ടിണിയിലും കഷ്ടപ്പാടിലും മാത്രമല്ല സൗഭാഗ്യത്തിലും ജീവിത സൗകര്യങ്ങളുള്ള ചുററുപാടുകളിലും വളരുവാൻ കഴിവുള്ള ഒരു സിദ്ധാന്തമായിരിക്കണം സോഷ്യലിസം. സാങ്കേതികസമ്പ്രദായത്തിലും രാഷ്ട്രീയാധികാരത്തിലും വികേന്ദ്രീകരണം നടപ്പിലാക്കുന്നതു പടിഞ്ഞാറൻയൂറോപ്പിലും അമേ

രിക്കയിലും വളരെ വിഷമകരമാണെങ്കിൽപ്പോലും അവരുടെ സോഷ്യലിസം മാത്സര്യക്കുറവിൻെറയും ഗാംഭീര്യത്തിൻെറയും സമാധാനത്തിൻെറയും ആയ ജീവിതത്തിനുവേണ്ടിയുള്ള ആവശ്യകത തങ്ങളുടെ പതാകകളിൽ എഴുതിച്ചേർക്കണം. ആ നാഷനൽ ഹെൽത്ത് സർവീസുകൾക്കുവേണ്ടിയും അനീതികൾക്കെതിരായ നിയമനിഷേധ പ്രസ്ഥാനങ്ങൾക്കുവേണ്ടിയും ഇംഗ്ളണ്ടിലെപ്പോലെ ദേശസാൽക്കരണത്തിനും അമേരിക്കയിലെപ്പോലെ ഉറപ്പുനൽകപ്പെട്ട വാർഷികവരുമാനത്തിനും വേണ്ടി നിൽക്കുകതന്നെ വേണം മനുഷ്യസമുദായത്തിനാകമാനമുള്ള ഉന്നതമായ ജീവിതത്തോടു്; യൂറോപ്പിലെയും അമേരിക്കയിലെയും മാത്രം ജനങ്ങളുടെ ഭൗതികമായ ഉന്നമനത്തിനുവേണ്ടിയുള്ള അടങ്ങാത്ത ആവേശം ഉപേക്ഷിച്ചിട്ട് സമാധാനത്തിൻെറയും ഗാംഭീര്യത്തിൻെറയും മാത്സര്യക്കുറവിൻെറയും ആയ ജീവിതം എന്നീ രണ്ടു ലക്ഷ്യങ്ങൾ ലോകസോഷ്യലിസത്തിനു പുതുതായ പ്രേരകശക്തികൾ നൽകുന്നതോടൊപ്പംതന്നെ ലോകത്തിലെ ഏററവും ചെറിയ രാഷ്ട്രത്തിൻെറ സ്വാതന്ത്ര്യം സുരക്ഷിതമാക്കുന്നതിനും യുദ്ധമവസാനിപ്പിക്കുന്നതിനും ഒരു ലോകപാർലിമെൻറും ലോകനിയമവും അന്വേഷിക്കുകയുംവേണം. കൂടാതെ യൂറോപ്യൻ സോഷ്യലിസം അററ്ലാൻറിക്ക് ചേരിയുടെ ഭാഗമായിത്തീരുവാൻ നിർബന്ധിതമായി. തങ്ങളുടെ പ്രതിരൂപ

ത്തിൽ ലോകസോഷ്യലിസത്തിന്ന രൂപം കൊടുക്കു വാനും തങ്ങളുടെ വിദേശനയങ്ങൾ ഏഷ്യൻ സോഷ്യലിസ്റ്റ്കളെകൊണ്ടു അംഗീകരിപ്പിക്കുന്നതിന്ന ശ്രമിക്കുന്നതിന്നും പകരം ഒരു പുതിയ പരിഷ്ക്കാരത്തിൻെറ സ്രഷ്ടാവാകത്തക്കവണ്ണം സോഷ്യലിസത്തിൻെറ പ്രത്യേകതകൾ വാർത്തെടുക്കുവാനുള്ള ഏഷ്യൻ സോഷ്യലിസത്തിൻെറ ശ്രമത്തിന്ന ശക്തിയും വിജയവും ആശംസിക്കുകയുമാണ് ചെയ്യേണ്ടതു്. ആധുനികപരിഷ്ക്കാരത്തിൻെറ രണ്ടു ഭാഗങ്ങളിൽനിന്നും രണ്ടു ചേരികളിൽനിന്നും അകന്നുനിൽക്കുവാനുള്ള നിരന്തര ശ്രമങ്ങളിലും സോഷ്യലിസത്തിന്ന അതിൻെറ പ്രത്യേകതകൾ നൽകുന്നതിന്നും ഉള്ള യത്നത്തിലും ഏഷ്യയിലെ സോഷ്യലിസ്ററുകൾ ഒരിക്കലും തളരാതിരിക്കണം. അതോടൊപ്പം യൂറോപ്പിലെ സോഷ്യലിസ്ററുകളെ സഹാനുഭൂതിയോടുകൂടിവീക്ഷിക്കണം. കഴിഞ്ഞകാല സംഭവങ്ങളുടെയും ചരിത്രത്തിൻെറയും കുന്നുകൂടിയ അനുഭവങ്ങൾ പലപ്പോഴും ഒരു തിരുത്തലിന്ന അവരെ സഹായിക്കുന്നു.

## വഴിക്കുള്ള അവകാശം.

സാമ്പത്തികവും പൊതുവായും ഉള്ള ലക്ഷ്യങ്ങളുടെ മുൻനടത്തിയ പരിശോധന അവയ്ക്കു രണ്ടിന്നും സ്വന്തമായ നിലനിൽപ്പ ഉണ്ടെന്നും എന്നാൽ അവ രണ്ടും കൂടി സംയോജിതമായ ഒരു

KOTTAYAM PUBLIC LIBRARY KOTTAYAM.

സിദ്ധാന്തം സാദ്ധ്യമാണെന്നും വ്യക്തമാക്കുന്ന ഈ സംയോജനം സോഷ്യലിസത്തിന്റെ സിദ്ധാന്തപരമായ അടിസ്ഥാനവും നൽകുന്നു. മുതലാളിത്തവും കമ്മ്യൂണിസവും ഉയർത്തിപ്പിടിക്കുന്ന പാപ്പരത്വം നിറഞ്ഞ ആ സിദ്ധാന്തം—ഏതാനും സാമ്പത്തിക ലക്ഷ്യങ്ങൾ നിറവേറിക്കഴിഞ്ഞാൽ പൊതുലക്ഷ്യങ്ങൾ താനെ ലഭ്യമായിക്കൊള്ളുമെന്നു ആ സിദ്ധാന്തം മുതലാളിത്തത്തിന്റെയും കമ്മ്യൂണിസത്തിന്റെയും സാമ്പത്തികലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുക സാദ്ധ്യമല്ല എന്നൊരു ഒററക്കാരണം കൊണ്ടുമാത്രമെങ്കിലും, നിരാകരിക്കപ്പെടണം. ഏതെങ്കിലും കുറേ പൊതുലക്ഷ്യങ്ങൾ മനുഷ്യന്റെ ശ്രമത്താൽ കുറേ സാമ്പത്തിക ലക്ഷ്യങ്ങളുടെ മേൽ കെട്ടിയേല്പിക്കാമെന്നുള്ള സിദ്ധാന്തം കുറേക്കൂടി വഞ്ചനാപരമാണു്. ഈ സിദ്ധാന്തം രണ്ടുതരം ലക്ഷ്യങ്ങൾക്കും അവയ്ക്കില്ലാത്ത സ്വാതന്ത്ര്യം അനുവദിക്കുകയാണു്. അവരണ്ടിനെയുംകൂടി മാധുര്യമേറിയ ഒരു സ്വരമായി കോർത്തിണക്കുവാൻ കഴിവുള്ളിടത്തോളം മാത്രമേ അവയുടെ സ്വതന്ത്രമായ നിലനിൽപ്പുകൾക്കു വിലയുള്ളു. അല്ലെങ്കിൽ ഒന്നു മറെറാന്നിനു വഴിമാറിക്കൊടുക്കണം ഈ രണ്ടു ലക്ഷ്യങ്ങളുടെയും സമ്മോഹനമായ ഏകീകരണം സാദ്ധ്യമാകുന്നില്ലെങ്കിൽ, സമ്പത്തികലക്ഷ്യങ്ങളായിരിക്കും, അതിന്റെ അനന്തരഫലം വിനാശകരമാണെങ്കിൽത്തന്നെയും, പ്രാമാണ്യം നേടുന്നതു്. ജനാ

ധിപത്യത്തിൻെറയും ലിബറലിസത്തിൻെറയും സംഘടിതമായ അക്രമരാഹിത്യത്തിൻെറയും വിശപാസപ്രമാണങ്ങൾ, ഒരു സമുദായം അതിൻേറതായി അംഗീകരിക്കുന്ന സാമ്പത്തികലക്ഷ്യങ്ങൾക്കു വേണ്ടി വഴിമാറികൊടുക്കണം ഒരു പക്ഷെ പ്രാർത്ഥനാവേളകളിലോ, അതുപോലെയുള്ള സന്ദർഭങ്ങളിലോ, അല്ലെങ്കിൽ ഒരു മനുഷ്യൻ ചിന്താധീനനാകുന്ന അപൂർവം അവസരങ്ങളിലോ അവ സ്മരിക്കപ്പെട്ടാം. അങ്ങെ അററം വ്യക്തിതപത്തിനു നിറപ്പകിട്ടു നൽകിയേക്കാം. അല്ലെങ്കിൽ ജീവിതത്തിൻെറ പ്രധാന അരുവിയെ ശുദ്ധീകരിക്കുവാൻ സഹായിക്കാം. പക്ഷെ അതിൻെറ ഗതിവിഗതികളെ മാററുവാൻ അശക്തമായിരിക്കും.

അന്തർദേശീയ സോഷ്യലിസം പ്രവർത്തിക്കുന്നതു പ്ളാനിംഗിൻെറയും വൻ തോതിലുള്ള ഉൽപ്പാദനത്തിൻെറയും ഉയന്ന ജീവിതത്തോതിൻെറയും അടിസ്ഥാനത്തിലുള്ള സാമ്പത്തിക ജീവിതത്തിൽ സമൂഹത്തിൻെറ പൊതുലക്ഷ്യങ്ങൾ മാനസികമായ യത്നത്തിലൂടെ ഒട്ടിച്ചേക്കാമെന്നുള്ള ധാരണയിലാണ്. ആകപ്പാടെ ആവശ്യമായിട്ടുള്ളതു് മാനുഷികാവകാശങ്ങളുടെ അംഗീകരിക്കലും ജനാധിപത്യപരമായ പ്രാതിനിദ്ധ്യവും തൊഴിലാളികളുടെ നിയന്ത്രണവും പൊതുവെ മനുഷ്യൻെറ

വ്യക്തിത്തത്തിനു വിലകൊടുക്കുകയും മാത്രമാണെന്നു അവർ കരുതുന്നു. ഈ തരം വാദഗതി എത്രമാത്രം അബദ്ധജഡിലമാണെന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അന്തർദേശീയ സോഷ്യലിസത്തിൻെറ മററു ചില രൂപങ്ങൾ ഏഷ്യായിലും കാണപ്പെടുന്നുണ്ടു്. ഉദാഹരണമായി ബർമ്മായിലെ സോഷ്യലിസ്ററുകൾ, മാർക്സിസവും ബുദ്ധമതവും സമാന്തരസിദ്ധാന്തങ്ങളാണെന്നും മാർക്സിസം മനുഷ്യൻെറ ഭൗതികവും ബുദ്ധമതം ആത്മികവും ആയ ആവശ്യങ്ങൾക്കു പ്രതിവിധിയാണെന്നും അവ രണ്ടിനും ഒരുമിച്ചുപോകാമെന്നും പോകണമെന്നും കരുതുന്നു. ആ തരം ഒരു ധാരണ അടിസ്ഥാനപരമായും യുക്തിരഹിതവും അസ്വീകാര്യവുമാണു്. ചില പരിതസ്ഥിതികളിൽ ഈ തരം ധാരണകൾ പ്രയോജനകരമാവുകയും ശരിയായ സിദ്ധാന്തത്തിലേക്കു നയിക്കുകയും ചെയ്യാം. ബർമ്മയിലെ സോഷ്യലിസ്ററുകൾ മർക്സിസമോ ബുദ്ധമതമോ ഏതെങ്കിലും ഒന്നു കീഴടങ്ങുവാൻ സമ്മതിക്കേണ്ട സന്ദർഭങ്ങൾ അഭിമുഖീകരിക്കേണ്ടതായിവരും എന്നാൽ അവ രണ്ടിനോടും അവർക്കു ഒരുപോലെ ആത്മാർത്ഥതയുണ്ടെങ്കിൽ സമൂഹത്തിൻെറ പൊതുവും സാമ്പത്തികവും ആയ ലക്ഷ്യങ്ങളുടെ ഏകീകരണം നേടുവാൻ അവർ നിർബ്ബന്ധിതരായിത്തീരും.

## പ്രവത്തനരീതികൾ.

സോഷ്യലിസ്റ്റ് സിദ്ധാന്തത്തിന്ന സുദൃഢമായ ഒരടിസ്ഥാനം നൽകേണ്ടതു ആവശ്യമായിരിക്കുന്നതിനോടൊപ്പം ആ സിദ്ധാന്തം സാക്ഷാത്കരിക്കുന്നതിനാവശ്യമായ പ്രവർത്തനപരിപാടികൾ ആവിഷ്ക്കരിക്കുകയും വേണം. നിർഭാഗ്യവശാൽ രണ്ടുതരത്തിലുള്ള പ്രവത്തനരീതികൾക്കു, തെരഞ്ഞെടുപ്പിന്നും സായുധ വിപ്ളവത്തിന്നും, അമിതമായ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു. അവ തമ്മിൽ വൈരുദ്ധ്യം വർദ്ധിക്കുവാൻ അനുവദിക്കുകയും ചെയ്തിരിക്കുന്നു. പരാജിതരാകുമ്പോൾ ജനാധിപത്യരീതികളിലൂടെയുള്ള വോട്ടിംഗ് സമ്പ്രദായം പരിത്യജിക്കുവാൻ സോഷ്യലിസ്ററുകൾ പ്രേരിതരാവുകയും പ്രസംഗത്തിലെങ്കിലും സായുധ വിപ്ളവത്തിൻെറ പരിപാടികളംഗീകരിക്കുവാൻ തയ്യാറാവുകയും ചെയ്യാറുണ്ട്. വോട്ടുപെട്ടിയും വെടിയുണ്ടയുമായുള്ള ഈ വിടവും വൈരുദ്ധ്യവും വ്യക്തമാക്കേണ്ടിയിരിക്കുന്നു.

എല്ലാ പ്രവത്തനങ്ങളും ജനതയുടെ മനസ്സ് പ്രതിഫലിപ്പിക്കുവാനും സംഘടിപ്പിക്കുവാനും ദേശിയജീവിതം കഴിയുന്ന രീതിയിലെങ്കിലും പുനർനിർമ്മിക്കുവാനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവ ആയിരിക്കണം. ഓരോ പ്രവൃത്തിയും അതിൽത്തന്നെ 'നന്മ'ചെയ്യുന്നതോടൊപ്പം മുതലാളിത്തത്തെ പരാ

ജയപ്പെടുത്തുന്നതിന സോഷ്യലിസത്തിന്ന കഴിവു നൽകത്തക്കവണ്ണവും ഉള്ളതുകൂടി ആയിരിക്കണം. ജനതയുടെ മനസ്സിനെ സംഘടിപ്പിക്കുകയാണ് ഏററവും പ്രധാനമായിട്ടുള്ളതു്. വോട്ടിംഗിലൂടെയൊ, വിപ്ളവത്തിലൂടെയോ, മററു അനുയോജ്യമായ മാർഗ്ഗത്തിലൂടെയോ അതു പ്രകടിപ്പിക്കുന്നതിന്ന നൈമിഷികമായ പ്രാധാന്യമേയുള്ളു. സോഷ്യലിസത്തിൻെറ കക്ഷിക്കു ഓരോ കാലഘട്ടത്തിനും അനുയോജ്യമായ രീതിയിൽ അവയെ ഉപയോഗിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും ഉള്ള ശക്തിയും സംഘടനയും ഉണ്ടായിരിക്കണം. ആ തരം ശക്തിയും സംഘടനയും സമാജ്ജിക്കുന്നതിനും സോഷ്യലിസത്തിൻെറ പാർട്ടി ജനതയുടെ വക്താവാകുന്നതിനും ജനതയുടെ മനസ്സ് വാർത്തെടുത്തു അതിന്ന രൂപം നൽകുന്നതിനും അനീതിയെ എതിക്കുന്നവനും പുനർന്നിമ്മാണത്തിൻെറ ശില്പിയും ആകുവാനും നിരന്തരം പരിശ്രമിക്കണം എല്ലായ്പ്പോഴും നിമ്മാണപരമായ പ്രവർത്തനത്തിൽ പങ്കുകൊള്ളുവാനും ജനങ്ങൾക്കു വെളിച്ചം നൽകുവാനും അവരിൽനിന്നും വെളിച്ചം പ്രാപിക്കുവാനും അനീതിയെ എതിക്കുവാൻ തയ്യാറുള്ളവനും ആകണം. തൂമ്പയും വോട്ടും ജയിലുമാണ് അവൻെറ മൂന്നുതരത്തിലുള്ള പ്രവത്തനങ്ങളെ പ്രതിനിധികരിക്കേണ്ടതു്.

സംഘടന രണ്ടാമത്ത്.

സോഷ്യലിസ്ററ്പാർട്ടി അതിൻെറ അനുഭവങ്ങളിൽനിന്നു അംഗങ്ങളെ ചേക്കുന്നതുകൊണ്ടുമാത്രം ഒരു സംഘടന ഉണ്ടാവുകയില്ലെന്നു പഠിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ ഒരു സന്നദ്ധസംഘത്തിനോ, യുവജനപ്രസ്ഥാനത്തിനോ വേണ്ടിയുള്ള അതിൻെറ പരിശ്രമങ്ങൾ ഫലപ്രദമാവുകയില്ല. വിദ്വേഷത്തിലോ ഭയത്തിലോ കഴിഞ്ഞുകൂട്ടുന്ന മററു രാഷ്ട്രീയകക്ഷികൾക്കു വെറും ഡ്റില്ലുകൊണ്ടും പരേഡുകൊണ്ടും അക്രമപ്രവൎത്തനങ്ങൾകൊണ്ടും സന്നദ്ധസംഘത്തെ രൂപീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടാകാം എന്നാൽ സോഷ്യലിസ്റ്റ് പാർട്ടിയും അതിൻെറ സഹപ്രസ്ഥാനങ്ങളും പ്രവൎത്തനത്തിലൂടെ മാത്രമേ സംഘടന വളരുകയുള്ളൂ എന്നും സംഘടന അതിൽത്തന്നെ ഒരു ലക്ഷ്യമായി നേടേണ്ടതല്ല എന്നും മനസ്സിലാക്കണം. അതിൻെറ അംഗങ്ങളും പ്രവൎത്തകരും ചെയ്യുന്ന കാണപ്പെടാവുന്ന പ്രവൎത്തനങ്ങളിലൂടെ മാത്രമേ സംഘടനയുളവാകുകയുള്ളൂ. സംഘടന അതിൽത്തന്നെ ഒരു ലക്ഷ്യമായി സ്വീകരിക്കുകയാണെങ്കിൽ നിരാശരാകേണ്ടിവരും. എന്നാൽ വ്യക്തമായ പുനർനിൎമ്മാണം ലക്ഷ്യമാക്കുകയാണെങ്കിൽ സംഘടന നൈസൎഗ്ഗികമായി അതിൽനിന്നും രൂപമെടുക്കും. രാഷ്ട്രീയവിദ്യാഭ്യാസത്തിൻെറ പ്രശ്നങ്ങളും ഇതുപോലെ തന്നെ പരിഹരിക്കപ്പെടാം. രാഷ്ട്രീ

യവിദ്യാഭ്യാസത്തിൻെറ പ്രധാനമായ രണ്ടുമാർഗ്ഗങ്ങ ൾപ്രചരണമീററിംഗുകളും പഠനക്കളരികളുമാണു്. സോഷ്യലിസ്റ്റ് പാർട്ടി പഠനക്കളരികളിൽ പിന്നോക്കമാണു്. അതിനുവേണ്ടി തുടർച്ചയായ പരിശ്രമങ്ങൾ നടത്തിയില്ല, എന്നതിനപ്പുറമായി അതിൻെറ പരാജയത്തിനു പ്രധാന കാരണം വ്യക്തതയുടെ അഭാവവും അടിസ്ഥാനമില്ലായ്മയുമാണു് നിർമ്മാണപ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾക്കു ചുററുമായിഒട്ടുവളരെ പഠനക്കളരികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

നിർമ്മാണ പ്രവർത്തനത്തിൻെറയും പഠനത്തിൻേറതുമായ കേന്ദ്രം സംഘടിപ്പിക്കുന്ന ഗ്രാമമോ, ഘടകമോ, ഒരേ പ്രവർത്തനത്തിൻെറ രണ്ടുവശങ്ങൾ ഒരുമിച്ചു നേടുന്നു. ഉരുവിട്ടു പുതുമ നശിച്ച എത്രമാത്രം അപശ്രദ്ധനങ്ങൾ പറയുവാൻ കഴിഞ്ഞാൽതന്നെയും രാഷ്ട്രീയപ്രവർത്തകർ ഏതു രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെങ്കിൽകൂടിയും അതതു പ്രദേശങ്ങളെപ്പററിയുള്ള അറിവിൽ വളരെ പിന്നോക്കമാണു്. അതുകൊണ്ടാണു് ജനാധിപത്യത്തിൻെറ മേൽ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം നടത്തുന്ന കൈയ്യേററങ്ങളെ ചെറുക്കുവാൻ അവർക്കു കഴിവില്ലാതെവരുന്നതു്. ജനാധിപത്യത്തിനും അധികാരത്തിൻെറ പരിപൂർണ്ണമായ വികേന്ദ്രീകരണത്തിനും ജനങ്ങളുടെ സജീവമായ സഹകരണം നേടുന്നതിനും ഏററവും ചെറിയ കീഴ്ഘടകംവരെയുള്ള

രാഷ്ട്രീയപ്രവത്തകൻ സിദ്ധാന്തപരമായ ജ്ഞാനത്തോടൊപ്പം പ്രദേശപരമായ അറിവും നേടണം. ഗ്രാമത്തിലെ രാഷ്ട്രീയപ്രവർത്തകൻഅഖിലേന്ത്യാപ്രവർത്തകനോടൊപ്പംതന്നെ അവരുടെ പ്രവർത്തനമണ്ഡലങ്ങളെ മററുള്ളവരിൽനിന്നും അകററിനിറുത്തുവാൻ ശ്രമിക്കുകയാണു്. അതു പ്രദേശപരമായ ജ്ഞാനത്താലല്ല, ഇടുങ്ങിയ പ്രാദേശികവികാരങ്ങളുടെ തട്ടിയുണത്തലലാണു് സാധിക്കുന്നതു്. നിർമ്മാണ കേന്ദ്രത്തോടൊപ്പമുള്ള പഠനകേന്ദ്രം രാഷ്ട്രീയപ്രവത്തകക്കു സിദ്ധാന്തപരമായ ജ്ഞാനത്തോടൊപ്പം പ്രദേശപരമായ ജ്ഞാനവും നൽകും. വായനയോടു ഇന്നത്തെ സോഷ്യലിസ്റ്റ്കാർക്കുള്ള എതിർപ്പിനെ അവർ അതിജീവിക്കണം.

ലോകത്തിലേക്കും ദുഃഖിതരായ ജനവിഭാഗം ഇന്ത്യയിലാണുള്ളതെന്നും ആഹ്ളാദത്തിനുള്ള മനോഭാവം അവരിലും അവരുടെ രാഷ്ട്രീയ പ്രവത്തകരിലും കുറവാണെന്നുള്ളതും വിസ്മരിക്കപ്പെട്ടരുതു്. വിദ്വേഷം, വിരുദ്ധങ്ങളായ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള പ്രവത്തനം, ക്ലിക്കുകളും ശ്രദ്ധാലോചനകളും ഇവയെല്ലാമണു് ഇന്ത്യയിലെ രാഷ്ട്രീയപ്രവർത്തനത്തിൻെറ പ്രധാനമായ വൈകല്യങ്ങൾ. മററുള്ള രാജ്യങ്ങളിൽ പരാജയവും എതിർപ്പും ഇത്രമാത്രം ഗൗരവമായി എടുക്കുകയില്ല. അവർ ആഹ്ളാദിക്കുവാൻ ആഗ്രഹിക്കുന്നു. ഇന്ത്യയിലെ

രാഷ്ട്രീയപ്രവത്തകൻെറ വൈരാഗ്യം പലപ്പോഴും ഗൂഢാലോചനയായി മാറുന്നു. ഇതും അവൻ ഉന്നതമായി കരുതുന്ന ആദർശങ്ങൾക്കുവേണ്ടിയാണു പോലും. ദുഃഖത്തെ ദൂരീകരിക്കുവാനും സന്തോഷിക്കുവാനുമുള്ള ജന്മാഭിലാഷത്തിനു രൂപം നൽകുന്നവയുമായുള്ളതെല്ലാം ഏററവും ശരിയായതരത്തിലുള്ള നിർമ്മാണപ്രവർത്തനമായി അംഗീകരിക്കപ്പെടണം

## അനീതിയോടുള്ള എതിർപ്പ്.

നിർമ്മാണപ്രവത്തനം അനീതിയോടുള്ള എതിർപ്പിനാൽ മുഴമിപ്പിക്കപ്പെടണം. എല്ലായിടത്തും പ്രത്യേകിച്ചും അവികസിത രാജ്യങ്ങളിൽ ഒരു സിദ്ധാന്തവും ഒരു പാർട്ടിയും അതു എന്തിനുവേണ്ടി നിലകൊള്ളുന്നു എന്നുള്ളതുകൊണ്ടു മാത്രമല്ല അതിൻെറ പ്രഖ്യാപിത ആദർശങ്ങൾക്കുവേണ്ടി എത്രമാത്രം സമരം ചെയ്യുവാനും സഹിക്കുവാനും കഴിവുണ്ടോ എന്നുള്ളതിൻെറ അടിസ്ഥാനത്തിലാണു വിധിക്കപ്പെടുന്നതു്. കഷ്ടപ്പെടുവാനും ത്യാഗങ്ങൾ അനുഭവിക്കുവാനും സന്നദ്ധതയുള്ള ഒരു വിശ്വാസപ്രമാണത്തിലേക്കു ആളുകൾ ആകർഷിക്കപ്പെടുന്നു. ഒരു സമരത്തിൻെറ രാഷ്ട്രീയനേട്ടങ്ങളെക്കാൾ അപ്പുറമായി ഒരു യഥാർത്ഥ സിദ്ധാന്തത്തിനു അനീതിയുടെ മുൻപിൽ എങ്ങനെ നിർന്നിമേഷമായി നിലകൊള്ളുവാൻ കഴിയും എന്നതാണു അറി

യേണ്ടതു്. ഒരു സിദ്ധാന്തം അനീതിയുടെ മുൻപിൽ അങ്ങനെ നിശ്ചലമായിത്തീരുകയാണെങ്കിൽ അടിസ്ഥാനപരമായി അതിൽ ചില തകരാറുകളുണ്ടു്. അനീതിക്കെതിരായുള്ള പ്രക്ഷോഭണം അതു വെറും പ്രചരണം, മാത്രമല്ലെങ്കിൽ എതിർപ്പിലേക്കു നയിക്കണം.

കഴിഞ്ഞകാലങ്ങളിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനം ഒരു തെററിദ്ധാരണക്കു വിധേയമായിരുന്നു സോഷ്യലിസത്തിനു അനുകൂലമായി ജനങ്ങളുടെ വിധിയെഴുത്തലിനെ രൂപപ്പെടുത്തുന്നതിനുള്ള വെമ്പലിൽ അതിൻെറ പ്രവത്തകർ സമരങ്ങളിൽ ഏർപ്പെട്ടു തങ്ങളുടെ കഴിവുകൾ നഷ്ടപ്പെടുത്തരുതെന്നു കരുതി. സംഘടനയെപ്പററിയുള്ള ഇത്തരം ധാരണകൾ തെററാണു്. സോഷ്യലിസം ഈ തെററുകൾ വീണ്ടും ആവത്തിക്കയുമരുതു്. നേരെമറിച്ചു അനീതിക്കെതിരായി സോഷ്യലിസ്ററുകാർ സമരംചെയ്തു പ്രദേശങ്ങളിൽനിന്നും കൂടുതൽ മെമ്പറന്മാരെ നിയമസഭകളിലേക്കയച്ചിട്ടുണ്ടു്. എത്രനാൾ അവർ ജയിലിലായിരുന്നുവെന്നും സംഘടന ഛിന്നഭിന്നമായി എന്നുള്ളതും സാരമില്ല. തുമ്പയും വോട്ടും ജയിലും പരസ്പരബന്ധിതമാണു്. അതിൽ ഏതു പ്രവത്തനമാണു് ജനങ്ങളുടെ ഹൃദയത്തെ കൂടുതൽ സ്വാധീനപ്പെടുത്തുന്നതു് അതിൻെറ പ്രത്യാഘാതങ്ങൾ മററു മണ്ഡലങ്ങളിലും അനുഭവപ്പെട്ടും

സമരത്തിൻെറ സ്വതന്ത്രമായ പ്രവൎത്തനത്തെ മറെറാരു തെററിദ്ധാരണയും തടസ്സപ്പെടുത്തുന്നുണ്ട്. അനീതിക്കെതിരായ സമരത്തിനുവേണ്ടിയുള്ള നിൎദ്ദേശം ഉപരി കമ്മററികളിൽനിന്നും ലഭിക്കണമെന്നും അതിനുശേഷം മാത്രമേ കീഴ്ഘടകങ്ങളും അംഗങ്ങളും അതിൽ പങ്കെടുക്കാവൂ എന്നും ഒരു ധാരണയുണ്ട്. നിശ്ചയമായിട്ടും രാജ്യം ഒന്നടങ്കം അതിൻെറ വിശ്വാസപ്രമാണങ്ങൾക്കവേണ്ടി നിലകൊള്ളുവാനും അനീതിക്കെതിരായിട്ടു സമരം ചെയ്യേണ്ടതുമായ സന്ദൎഭങ്ങൾ വരും. എന്നാൽ ആ തരത്തിലുള്ള ആഹ്വാനങ്ങൾ പുറപ്പെടുവിക്കുവാൻ നിൎവാഹമില്ലാത്ത ഒട്ടുവളരെ സന്ദൎഭങ്ങൾ ഉണ്ട്. അപ്പോൾ പ്രാഥമിക ഘടകങ്ങളും വ്യക്തികൾ തന്നെയും അനീതിക്കെതിരായിട്ടുള്ള സമരത്തിൻെറ ഉത്തരവാദിത്വം ഏറെറടുക്കേണ്ടതായിവരും. പ്രക്ഷോഭണത്തിൻെറ മററു മാൎഗ്ഗങ്ങൾ ഇല്ലാതിരുന്നിട്ടായാലും അടഞ്ഞുകഴിഞ്ഞിട്ടായാലും അനീതിക്കെതിരായി സമരം ചെയ്യുവാൻ മടിക്കുന്ന ഏതൊരാളും അതിനു പങ്കാളിയായിത്തീരുന്നു ഒരു രാജ്യത്തു സമരം ചെയ്യുവാൻ കഴിവുള്ള സത്യാഗ്രഹികൾ വൎദ്ധിക്കുന്നിടത്തോളം ആ രാജ്യം സ്വതന്ത്രമാണ്. സ്വാതന്ത്ര്യത്തിൻെറ ആദ്യത്തെ രക്ഷാകവചം അനീതിയെ എതിക്കുന്നതിനുള്ള വ്യക്തികളുടെയും സംഘടനയിലെ കീഴ്ഘടങ്ങളുടെയും കഴിവാണു്. നിയമനിഷേധത്തി

ൻേറതായ രണ്ടു മാർഗ്ഗങ്ങളിൽ ഒരു ഉന്നതകമ്മററിയുടെ തീരുമാനപ്രകാരം ഉള്ളതിനേക്കാരം ഒരു പ്രാഥമികഘടകമോ വ്യക്തിയോ നടത്തുന്നതിനാണ് ജനാധിപത്യത്തിൻെറ കൂടുതൽ ബോധപൂർവ്വമായ ജ്ഞാനം ആവശ്യമായിട്ടുള്ളതു്.

ഒരു സമുദായവും അനീതിയിൽനിന്നും പൂർണ്ണമായി വിമോചിതമല്ല. എന്നാൽ ഇന്ത്യയും മററു അവികസിത പ്രദേശങ്ങളും കഷ്ടതയിലും മർദ്ദനത്തിലും മുന്നിട്ടുനിൽക്കുന്നു. അന്തമില്ലാത്ത ദാരിദ്ര്യം ഒടുങ്ങാത്ത പട്ടിണി, ക്ഷാമം, ഭൂവുടമസമ്പ്രദായം, വിലക്കൂടുതൽ, പിരിച്ചുവിടില്ലകരം, തൊഴിലില്ലായ്മ, മരുന്നുകരംക്കും വിദ്യാഭ്യാസത്തിനും വേണ്ടിയുള്ള വർദ്ധിച്ച ചെലവു്, ഇതിനെല്ലാം ഉപരിയായി പോലീസ്മർദ്ദനം ഇവയെല്ലാം അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ഇൻഡ്യ നിരന്തരമായ സത്യാഗ്രഹത്തിൻെറ ഒരു വിസ്തൃതരംഗമായിത്തീരാം അനീതിയെ എതിർക്കുന്നതിനും ഒരു പുതിയ വ്യവസ്ഥിതി നേടുന്നതിനും വേണ്ടി രാജ്യം മുഴവനും അനീതിക്കെതിരായി സമരം ചെയ്യപ്പെടേണ്ട ഒരു ദിവസം വരാം.

## സത്യാഗ്രഹവും വർഗ്ഗസമരവും.

സത്യാഗ്രഹവും വർഗ്ഗസമരവും തമ്മിൽ ഭാവനാമാത്രമായ ഒരു എതിർപ്പു വളരുവാൻ അനുവദിക്കപ്പെട്ടിരിക്കുകയാണു്. എന്നാൽ ആ തരമൊരു

വൈരുദ്ധ്യം യഥാർത്ഥത്തിലില്ല ശരിയായ വർഗ്ഗസമരം സിവിലാജ്ഞാലംഘനം കൂടിയാണ്. സത്യാഗ്രഹത്തിന്റെ പ്രേരകശക്തി എതിരാളിയുടെ മനംമാററമാണെന്നു പരക്കെ വിശ്വസിക്കപ്പെട്ടപ്പോൾ വർഗ്ഗസമരത്തിന്റെ സിദ്ധാന്തം ഒരു വർഗ്ഗത്തിനു ആ തരം മനം മാററം സാദ്ധ്യമല്ലെന്നും ഇന്നു നിലവിലിരിക്കുന്ന വ്യവസ്ഥിതി മറിച്ചിടേണ്ടതു ആവശ്യമാണെന്നും കരുതുന്നു. സിവിലാജ്ഞാലംഘനം എതിരാളിയുടെ മനസ്സു മാററുന്നതിനുള്ള ഒരു മാർഗ്ഗം ആണെങ്കിൽ അതിൽക്കൂടുതലായി അയാളുടെ ശക്തി കുറയ്ക്കുവാനും നല്ല സിദ്ധാന്തത്തിന്റെ ശക്തി വർദ്ധിപ്പിക്കുവാനും വേണ്ടിയുള്ളതാണ്. തിന്മയുടെ ബലം കുറയ്ക്കുവാനും നന്മയുടെ ബലം വർദ്ധിപ്പിക്കുവാനും ഉള്ള ശക്തിയുടെ ഒരേ പ്രയോഗത്തിന്റെ രണ്ടു രൂപങ്ങൾ, രണ്ടു പേരുകൾ മാത്രമാണ് സത്യാഗ്രഹവും വർഗ്ഗസമരവും. മനോഭാവത്തിൽ ഒരു വ്യത്യാസം ഉണ്ടാകുന്നു എന്നുള്ളതു വ്യക്തമാണ്. അതു കൂടുതലായും ആ നല്ല സിദ്ധാന്തം പ്രചരിപ്പിക്കുന്നവരുടെ ഇടയിലാണ്. അവർക്ക് പ്രവൎത്തനത്തിനു കൂടുതൽ നിശ്ചയവും സംഘടനയും കഴിവും ലഭിക്കുന്നു. എതിരാളികളിലും ചിലരിൽ മാററം ഉണ്ടാവുകയും അവർ സ്ഥാപിതതാൽപ്പര്യക്കാരുടെ ചേരിയിൽനിന്നു വഴുതുകയും ചെയ്യുന്നു. വീണ്ടും എടുത്തുപറയേണ്ടതായിരിക്കുന്നതു സത്യാഗ്രഹത്തിന്റേതോ വർഗ്ഗസമരത്തിന്റേതോ ആയ

പ്രവൃത്തി അത്യാവശ്യകതയുടെ മാനദണ്ഡത്തിൽ വിജയിക്കണം. കളവും വഞ്ചനയും അക്രമവും അവലംബിക്കരുത്. അപരിഷ്കൃതമായ പ്രവർത്തന രീതികൾ ഉപേക്ഷിക്കപ്പെടണം.

സായുധവിപ്ളവത്തിന്റെ കാര്യം എല്ലാ സോഷ്യലിസ്റ്റ് വാദപ്രതിവാദങ്ങളിലും ഒട്ടുവളരെ പ്രാധാന്യം അർഹിക്കുന്നു. ആത്യന്തികമായി ഇന്നത്തെ വ്യവസ്ഥിതിയെ മാററിമറിക്കുവാൻ സായുധവിപ്ളവത്തിനുമാത്രമേ കഴിയൂ എന്നു പല സോഷ്യലിസ്റ്റുകളും വിശ്വസിക്കുന്നു ഈ ചിന്താഗതി സോഷ്യലിസ്ററു് സിദ്ധാന്തത്തിന്റെയും പ്രസ്ഥാനത്തിന്റെയും വളർച്ചക്കു അപകടകരമായിട്ടാണു കണ്ടിട്ടുള്ളതു്. ഒരു പ്രസ്ഥാനത്തെ പ്രത്യേകമായി വേർതിരിക്കേണ്ടതു് അതു് അക്രമം പഠിപ്പിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലായിരിക്കണം അല്ലാതെ ആത്യന്തികമായി അക്രമം ഉപയോഗിക്കുന്നുവോ എന്നുള്ളതല്ല അതിന്റെ മാനദണ്ഡം ഒരു ജനതയുടെ ജീവിതത്തിൽ ഇന്നത്തെ വ്യവസ്ഥിതി ബയനററുകളിൽ മാത്രം ആശ്രയിച്ചിരിക്കുന്നു എന്നൊരു ഘട്ടം വരാം. ഈ ബയനററുകൾതന്നെ ദുർബ്ബലമല്ല വൻപിച്ച ജനവിഭാഗം ഒരു പുതിയ വ്യവസ്ഥിതിക്കുവേണ്ടി മുന്നേറുകയാണു്. ഇത്തരമൊരവസരത്തിൽ ജനത പഴയതിന്റെ വേദന അവസാനിപ്പിക്കുന്നതിനും പുതിയതിനു പിറവി നൽകുന്നതിനുമായി അവരുടെ പരമാധികാരം ഉപ

യോഗിക്കുന്നതിനു തീരുമാനിക്കാം. ഇതു ചുരുക്കം നിമിഷങ്ങളിലേക്കുള്ള ജനതയുടെ സ്വാഭാവികമായുള്ള ശക്തി പ്രയോഗമാണു്. ഇതുപോലും ആവശ്യമല്ല എന്നു ഒരുവൻ ആശിക്കാം. ഏതായാലും ആത്തരം ഒരു നിമിഷനേരത്തേക്കുള്ള അക്രമം ഒരു സംഘടനയുടെ സിദ്ധാന്തത്തിൻെറ അടിസ്ഥാനമാകുവാൻ പോകുന്നില്ല

ഒരു മനുഷ്യൻെറ അധഃപതനത്തിൻെറ അളവു് അവൻ തെരുവുപ്രസംഗങ്ങളിലൂടെ അക്രമത്തിനു പ്രേരിപ്പിക്കുന്നിടംവരെ, അല്ലെങ്കിൽ അക്രമത്തിനുള്ള ആഹ്വാനത്തിനു ശ്രദ്ധിക്കുന്നിടംവരെയാണു്. അതു മനുഷ്യൻെറ ബുദ്ധിശക്തിയുടെ നിരാകാരവും ഒരു ദിവസം മനുഷ്യർ മാനംമര്യാദയായുള്ള ജീവിതം കെട്ടിപ്പണിയുന്നതിനുള്ള അടിസ്ഥാനത്തിൻെറ നശിപ്പിക്കലുമാണു് അക്രമങ്ങളെ വാഴ്ത്തിപ്പുകഴ്ത്തുന്ന ഒരു തത്വസംഹിതക്കു വർഗ്ഗരഹിതവും വർണ്ണരഹിതവും ആയ ഒരു സമുദായത്തെ സൃഷ്ടിക്കുവാൻ കഴിവില്ല. ഈ തരം സിദ്ധാന്തങ്ങളിൽനിന്നുംനിശ്ചയമായും സമ്പൂർണ്ണമായി വേർതിരിയുന്നതിനും അകന്നുമാറുന്നതിനും സോഷ്യലിസത്തിനു കഴിവുണ്ടാകണം. അക്രമത്തിൻെറ പ്രചരണത്തെയും സംഘടിപ്പിക്കലിനെയും സോഷ്യലിസം എന്നും എതിർക്കുകയും സമാധാനപരമായ സമരങ്ങൾ അതിൻെറ അടിസ്ഥാനമാകുന്നതിനു ശ്രദ്ധിക്കുകയും വേണം, അതു് വ്യക്തികൾക്കു പ്രവത്തനസ്വാതന്ത്ര്യ

വും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുകയും ചെയ്യും. അക്രമത്തിന്റെ സംഘടിപ്പിക്കൽ അധികാര കേന്ദ്രീകരണത്തിലേക്കു നയിക്കും. ഇന്നു ലോകത്തെ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണു് അക്രമത്തിന്റെ പ്രയോഗം. നല്ലകാര്യങ്ങൾക്കു വേണ്ടിയാണെങ്കിൽ പോലും അക്രമം പ്രയോഗിക്കുന്നതു ചീത്തയാണെന്നു കൂടുതൽ കൂടുതൽ ആളുകൾ മനസ്സിലാക്കിവരുന്നുണ്ടു്.

## അക്രമത്തോടുള്ള വെല്ലുവിളി.

അക്രമം രണ്ടു തരത്തിലാണു്. ഒന്നാമതായി രണ്ടോ അതിലധികമോ രാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തിലും യുദ്ധത്തിലും പ്രകടമാകുന്ന അക്രമം മററതു ഒരു രാജ്യത്തിന്റെ ആഭ്യന്തര രാഷ്ട്രീയത്തിൽ കൊലപാതകത്തിലും അട്ടിമറിയിലും സായുധവിപ്ലവത്തിലും പ്രകടമാകുന്ന അക്രമം. യുദ്ധത്തിലൂടെയുള്ള അക്രമത്തിനെതിരായി സമാധാനപരമായ സമരത്തിന്റെ മാർഗ്ഗം രൂപീകരിക്കപ്പെട്ടിട്ടില്ല. ബലഹീനമെങ്കിലും സ്തുത്യർഹമായ ചില ശ്രമങ്ങൾ നടന്നുവരുന്നു. എന്നാൽ ഒരു രാജ്യത്തിന്റെ ആഭ്യന്തരരാഷ്ട്രീയം സംഘടിതമായ അക്രമപ്രവർത്തനത്താൽ വഷളാക്കപ്പെടേണ്ടതില്ല. സമാധാനപരമായ സമരത്തിന്റെ മാർഗ്ഗങ്ങൾ ഇന്നു സാദ്ധ്യമാണു്. സംഘടിതമായ അക്രമത്തിനെതിരായുള്ള സംഘടിതമായ സമാധാനപരമായ

സമരത്തിന്റെ വെല്ലുവിളി ലോകത്തിൽ അങ്ങോളം ഇങ്ങോളം പ്രചരിപ്പിക്കുകയും അക്രമത്തെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന സിദ്ധാന്തത്തിനുള്ള ആകർഷകത്വം ഇല്ലാതാക്കുകയും വേണം

മനുഷ്യന്റെ മുന്നേററത്തിലെ ഈ നാടകത്തിന്റെ രംഗത്തിനു ഏററവും അനുയോജ്യമായ ഭൂഖണ്ഡം ആഫ്രിക്കയാണു്. ദേശീയ സ്വാതന്ത്ര്യത്തിന്റെയും നിറത്തിന്റെയും വർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനെ മനുഷ്യനിൽ നിന്നും അകററിനിറുത്തുന്ന വർണ്ണ. വിവേചനത്തിന്റെ പ്രശ്നങ്ങൾ മുന്നോട്ടു വന്നിരിക്കുകയാണു് ഈ പ്രശ്നങ്ങൾ സംഘടിതമായ അക്രമത്താലോ സംഘടിതമായ അക്രമരാഹിത്യത്താലോ തീരുമാനിക്കപ്പെടേണ്ടതു്? സത്യാഗ്രഹം നടത്തുന്നതിനു വേണ്ടിയുള്ള തെക്കേ ആഫ്രിക്കൻ ജനതയുടെ തീരുമാനം നമ്മുടെ കാലത്തെ ഒരു വലിയ സംഭവമാണു്. ആഫ്രിക്കയുടെ മററു ഭാഗങ്ങളും ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി മുന്നേറുകയാണു്. കഴിഞ്ഞകാലങ്ങളിൽ യുദ്ധങ്ങളിൽ പങ്കെടുക്കുന്നതിനു വേണ്ടി അന്തർദേശീയ സേനകൾ രൂപീകരിക്കപ്പെട്ടിരുന്നു ആഫ്രിക്കൻ ജനതയുടെ സമാധാനപരമായ സമരത്തിൽ പങ്കെടുക്കുന്നതിനു ലോകത്തിൽ അങ്ങോളമിങ്ങോളം തെരഞ്ഞെടുക്കപ്പെട്ടുന്ന ഒരു സേന ഉണ്ടാകേണ്ടിയിരിക്കുന്നു. പടി

ഞ്ഞാറൻ യൂറോപ്പിലെ സോഷ്യലിസ്റ്റ് പാർട്ടിക
ൾക്ക ആ തരം അന്തർദേശീയ സേനകൾ രൂപീക
രിക്കുവാൻ വിഷമമാണെങ്കിൽ സോഷ്യലിസ്റ്റ് യുവ
ജനങ്ങൾ അതു ചെയ്യും ഈ തരം സംരംഭങ്ങളിൽ
സഹായിക്കുന്നതിന്ന സന്മനസ്സുള്ള ഒട്ടുവളരെ പുരോ
ഗമനവാദികളും സമാധാനകാംക്ഷികളും ജനാധി
പത്യവാദികളും മതവിശ്വാസികളും ലോകത്തിൽ
ഉണ്ട്. അമേരിക്കൻ ഐക്യനാടുകളിൽ വെള്ള
ക്കാരുടെ നീഗ്രോ വർഗ്ഗക്കാരോടുള്ള വർഗ്ഗവിവേചന
ത്തിന്നെതിരായും പൗരാവകാശങ്ങൾക്കുംവേണ്ടിയും
സമരം ചെയ്യുന്നതിന്നുള്ള സാദ്ധ്യതകൾ ഒട്ടുവളരെ
യുണ്ട്. ഇന്ത്യയിലും ജാതിസമ്പ്രദായത്തിന്നെതിരാ
യും പൗരാവകാശങ്ങൾക്ക വേണ്ടിയും സമരംചെ
യ്യുന്നതിന്നുള്ള സാദ്ധ്യതകൾ ഉണ്ട്. ലോകത്തിലെ
നിരവധി രാജ്യങ്ങളിലെ സമാധാനപരമായ സമ
രവും സത്യാഗ്രഹവും കമ്മ്യൂണിസത്തിൻെറ കീഴിൽ
ജീവിക്കുന്നവരിൽ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു
ദിവസം വരാതിരിക്കയില്ല. അക്രമത്തെ സംഘടി
പ്പിക്കുന്നതിൽനിന്നും അതിന്നുവേണ്ടി വാദിക്കുന്നതി
ൽനിന്നും ലോകത്തെ വിമോചിപ്പിക്കേണ്ടിയിരി
ക്കുന്നു. മൃഗീയതയും നിഷ്ഠൂരതയും ഗവണ്മെൻറി
ൻെറ ഭാഗത്തു നിന്നായാലും ജനങ്ങളുടെ ഭാഗത്തുനി
ന്നായാലുംപോയേ മതിയാവൂ. അതിന്ന അക്രമത്തെ
വെറുപ്പോടെ കരുതുകയും എന്നാൽ അതേസമയം
തന്നെ അനീതിയെ സമാധാനപരമായി എതിർക്കു
വാൻ കഴിവുള്ളതുമായ ഒരു ലോകമനസ്സുണ്ടാകണം.

സമരത്തിൻെറയും നിർമ്മാണത്തിൻെറയും പരിപാടികൾ തുടർച്ചയായി അനാവരണം ചെയ്യുവാൻ സോഷ്യലിസത്തിന്ന കഴിവുണ്ടായാൽ വോട്ടുകൾ താനെ വന്നുകൊള്ളും വോട്ടിൻെറ പ്രാധാന്യം വിസ്മരിക്കരുത്. അതു ജനങ്ങളുടെ മനസ്സിൻെറ ഗംഭീര പ്രകടനം ആണ്. ഈ പ്രകടനം ചിലപ്പോൾ സോഷ്യലിസത്തിൻെറ സിദ്ധാന്തങ്ങൾക്കും പരിപാടികൾക്കും വിരുദ്ധമായിട്ടുവരാം അതുകൊണ്ടു ജനങ്ങളെ കുററം പറയുന്നതോ വോട്ടിനെ പരിഹസിക്കുന്നതോ പാർട്ടിക്കു നന്നല്ല അത്തരമൊരു കാര്യത്തിൽ പാർട്ടിയും ജനങ്ങളും ഒരുപോലെ കുററക്കാരാണ്. ജനങ്ങളെ വേണ്ടവണ്ണം കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിയുന്നില്ലെങ്കിൽ പാർട്ടി പകപ്രതാപിച്ചിട്ടില്ല സോഷ്യലിസ്റ്റ് പ്രക്ഷോഭകാരികൾക്കുള്ള ഒരു പ്രധാന തകരാറു അവർ തങ്ങളെത്തന്നെ ജനങ്ങളുടെ അദ്ധ്യാപകരായി കാണുന്നു എന്നതാണ്. അവർ വിദ്യാർത്ഥികളും കൂടിയാണെന്നുള്ളതു് ഓർമ്മയിലുണ്ടായിരിക്കണം. ജനങ്ങളും പാർട്ടിയുമായി പരസ്പരം അദ്ധ്യാപകരും വിദ്യാർത്ഥികളും ആയുള്ള ഒരു ദ്വിവിധ ബന്ധം ഉടലെടുക്കണം. ആ തരമൊരു ബന്ധത്തെപ്പററി ബോദ്ധ്യമുള്ള ഏതൊരാളും തെരഞ്ഞെടുപ്പിലെ പരാജയം പാർട്ടിയെ നന്നാക്കുന്നതിന്നുള്ള പരിശ്രമങ്ങൾക്കു വേഗതകൂട്ടുവാനും ജനങ്ങളെ കുറേക്കൂടി കാര്യങ്ങൾ മനസ്സിലാക്കുന്നതിന്ന ശ്രമിക്കുവാനുമാണ്

നോക്കേണ്ടതു് വോട്ടിൻെറ ഗാംഭീര്യവും മഹത്വ
വും ഒരിക്കലും അപഹസിക്കപ്പെടരുതു്. അതല്ലാ
തെ വേറെ യാതൊരു മാർഗ്ഗവും ഇല്ല. മററൊരു
മണ്ഡലത്തിൽ തെരഞ്ഞെടുക്കുവാനുള്ളതു അനീതി
ക്കെതിരായുള്ള സമാധാനപരമായ സമരവും അക്ര
മത്തിൻെറ ഒരുക്ക ക്കൂട്ടലുമായിട്ടാണു്; സമാധാന
പരമായ വിപ്ളവവും സായുധലഹളയുമായിട്ടാ
ണു്. വോട്ടുപെട്ടി അല്ലെങ്കിൽ വെടിയുണ്ട എന്നു
ള്ളതു മുതലാളിത്തവും കമ്മ്യൂണിസവും പ്രചരിപ്പി
ക്കുന്ന തെററായ രീതിയാണു് വേർതിരിക്കേണ്ട
തു് സത്യാഗ്രഹവും വെടിയുണ്ടയുമായിട്ടാണു്

ഇന്നുവരെയുള്ളതിൽ കുറേക്കൂടി വിപുലമായ
ഒരു പരിപാടിയോടുകൂടി ജനങ്ങളെ സമീപിക്കു
വാൻ പഠിക്കണം. കർഷകരുടെയും തൊഴിലാളി
കളുടെയും പ്രസ്ഥാനങ്ങളിലുള്ള പ്രാധാന്യം തുടരു
ന്നതോടൊപ്പംതന്നെ ജനതയുടെ മററു ഭാഗങ്ങളി
ലേക്കു. ഇടത്തരക്കാരോടും കൈത്തൊഴിൽക്കാരോടും,
കുറേക്കൂടി വൈവിദ്ധ്യം നിറഞ്ഞ ഒരു സമീപനം
ആവശ്യമാണു് കൂടാതെ പൊതുപ്രശ്നങ്ങളിൽ
പാർട്ടി കുറേക്കൂടെ ജാഗ്രത പ്രകടിപ്പിക്കുകയും. മുഴുവ
ൻ ജനതയേയും അവരുടെ ഉന്നമനത്തിനുള്ള മുന്നേ
റങ്ങളിലേക്കു ആകർഷിക്കുവാനും കഴിയണം.
ഭക്ഷണത്തിൻെറയും അഴിമതിയുടെയും കാര്യത്തി
ൽ മുഴുവൻ ജനതയേയും അണിനിരത്തുവാൻ കഴി
യും. ഗവണ്മെൻറു് എല്ലാ പ്രധാന രാഷ്ട്രീയ

കക്ഷികളിൽ ഉൾപ്പെട്ടവരെയും ചേർത്തു ഉന്നതാധികാര കമ്മീഷനെ നിയമിക്കുവാൻ നിർബന്ധിതരായിത്തീരും. അതോടൊപ്പം പൊതുപ്രസ്ഥാനങ്ങളിലും സാംസ്ക്കാരിക രംഗങ്ങളിലുമുള്ള പ്രധാന്യം വിസ്മരിക്കയുമരുതു്. ലോകപാർലമെൻറും ലോകസമാധാനവും ഏഷ്യയിലെയും ലോകത്തിലെയും സോഷ്യലിസ്റ്റുകളുടെ ഐക്യവും പുനർനിർമ്മാണത്തിനും സമാധാനപരമായ സമരങ്ങൾക്കും ഉള്ള അന്തർദേശീയ സേനകളും ആ തരം പൊതുവിഷയങ്ങളാണു്. ഒരു രാഷ്ട്രീയമേധാവിത്വം കെട്ടിയേൽപ്പിക്കുവാൻ ശ്രമിക്കാതെ സാംസ്ക്കാരികവും കലാപരവും ആയ രംഗങ്ങളിൽ പാർട്ടി നിർണ്ണായകമായി പങ്കെടുക്കണം.

## സാമൂഹ്യപരിഷ്ക്കാരങ്ങൾ.

ജാതിയും സ്ത്രീകളുടെ അവകാശങ്ങളും ഉൾക്കൊള്ളുന്ന പ്രശ്നങ്ങളിൽ സോഷ്യലിസം കുറേക്കൂടി സുശക്തമായി പ്രവർത്തിക്കണം. ഇന്ത്യയിലെയും മററു പിന്നോക്കം നിൽക്കുന്ന രാജ്യങ്ങളിലെയും സോഷ്യലിസത്തിൻെറ കക്ഷികൾ ജാതിസമ്പ്രദായത്തെയും സ്ത്രീകളുടെ അടിമത്വത്തെയും നശിപ്പിക്കുന്നതിനു അടിയുറച്ചു ശ്രമിക്കണം. എന്നാൽ ഈ തരം കാര്യങ്ങളിൽ പൊതുവേ ഒരു അലസതയാണു കാണാറുള്ളതു്. മററുള്ളവരുടെ വിരോധത്തെ ഭയന്നിട്ടു ചില സോഷ്യലിസ്റ്റുകൾ

ഈ പ്രശ്നങ്ങളുടെ സമീപനത്തിൽ ഉദാസീനരാണെങ്കിൽ മററുചിലർ ഒരു സോഷ്യലിസ്ററ് ഗവണ്മെൻറിൻെറ സ്ഥാപനത്തോടെ ഇതെല്ലാം താനേ പരിഹരിക്കപ്പെട്ടുകൊള്ളും എന്നു കരുതുന്നു ചിലർ സ്ത്രീകളോടു പ്രത്യേകം ഒരു സമീപനം ആവശ്യമില്ലെന്നും അവർ പുരുഷന്മാരോടൊപ്പം പൊയ്ക്കൊള്ളുമെന്നും കരുതുന്നു. ഈ ധാരണകളെല്ലാം അബദ്ധജടിലമാണ്. അവ സോഷ്യലിസത്തിലേക്കു വരേണ്ട ഒട്ടേറെ വോട്ടുകൾ നശിപ്പിക്കുന്നു എന്നുമാത്രമല്ല ഈ അതിപ്രധാന കാര്യങ്ങളിൽ വേണ്ടതു ചെയ്യുവാൻ പാർട്ടിയെ തടയുകയും ചെയ്യുന്നു. ജനതയുടെ ഇടയിൽ നിലനിൽക്കുന്ന സാമൂഹ്യ ദൂഷ്യങ്ങളെ മുഴുവൻ തുറന്നുകാണിച്ചു അവയെ എതിൎക്കുന്നതിനുള്ള ധൈര്യം സോഷ്യലിസത്തിൻെറ പാർട്ടിക്കുണ്ടായിരിക്കണം കുറേക്കാലത്തേക്കു ജനങ്ങളുടെ പിൻതുണ നഷ്ടപ്പെട്ടു എന്നു തോന്നിയാൽപ്പോലും കാർമേഘങ്ങൾ നീങ്ങുമ്പോൾ ജനങ്ങൾ കൂട്ടതലായി തങ്ങളുടെ കൂടെ വരുമെന്നുള്ള വിശ്വാസത്തോടുകൂടി പ്രവൎത്തനങ്ങൾ തുടരണം ശരിയായിട്ടുള്ള കാരണങ്ങൾക്കുവേണ്ടി താൽക്കാലികമായി ജനങ്ങളുടെ വിസമ്മതിയെ നേരിടുവാൻ കഴിവില്ലെങ്കിൽ പാർട്ടിക്കു വിജയിക്കുവാൻ കരുത്തില്ല. നിയമസഭകളിലെ സോഷ്യലിസ്റ്റ് അംഗങ്ങൾ ഈ തരം സാമൂഹ്യദൂഷ്യങ്ങളെ, ജാതിസമ്പ്രദായത്തെയും വിവാഹച്ചെലവിനെയും, എതി

ക്കുവാനും കുടുംബസംവിധാനത്തിനും ജനനനിയന്ത്രണത്തിനും ഉള്ള മാർഗ്ഗങ്ങളെപ്പററി പ്രതിപാദിക്കുവാനും ഉള്ള അവസരങ്ങൾ ഉണ്ടാക്കണം. ജാതിസമ്പ്രദായത്തിലും ഇന്നത്തെ വിവാഹരീതിയിലും ഉള്ള നാശം സ്വതന്ത്രമായ സാമൂഹ്യബന്ധത്തിൽ താൽക്കാലികമായുണ്ടാകാവുന്ന അധികപ്പററുകളേക്കാൾ ദൂഷ്യമേറിയതാണെന്ന് സോഷ്യലിസ്ററുകൾ പറയണം. സ്ത്രീകളുടെ സജീവമായ സഹകരണമില്ലാതെയുള്ള ഒരു സോഷ്യലിസ്ററ് പ്രസ്ഥാനം വധുവില്ലാതെയുള്ള വിവാഹത്തോടൊപ്പമായിരിക്കും. ഇന്നു ഓരോ പത്തു പുരുഷന്മാരിൽ ആറുപേരും, ഓരോ പത്തു സ്ത്രീകളിൽ ഏഴുപേരും വേണ്ടവണ്ണം ഭക്ഷണം ലഭിക്കാത്തവരാണ്. ഇന്ത്യയിലെ സോഷ്യലിസ്ററ് പ്രസ്ഥാനവും സ്ത്രീകളും ആയി കൂടുതൽ സമ്പക്കം പുലത്തേണ്ടതിനെപ്പററി ആലോചിക്കണം.

<u>മണ്ണിൻെറ മക്കൾ.</u>

ഓരോ സോഷ്യലിസ്ററു പ്രവർത്തകനും തൻെറ സ്ഥലത്തെ ജീവിതത്തിലെയും മരണത്തിലെയും പങ്കാളിയാകുവാൻ ശ്രമിക്കണം. ഒരു ഉത്സവവും അയാളില്ലാതെ പൂർണ്ണമാകാതിരിക്കത്തക്കവണ്ണം സൗഹൃദവും ഫലിതവും അയാൾക്കുണ്ടായിരിക്കണം. ചില്ലറ പരാതികൾ ദൂരീകരിക്കുവാനുള്ള കഴിവു ഉണ്ടായിരിക്കണം. അനീതിയെ അങ്ങേയററം വെറുക്കണം. ആ സ്ഥലത്തു

നിർമ്മാണപ്രവർത്തനത്തിനുള്ള സാദ്ധ്യതകൾ എത്ര
മാത്രം ഉണ്ട് എന്നു പൂർണ്ണമായി അറിഞ്ഞിരിക്ക
ണം. അവയുടെ മുഴുമിക്കലിനുവേണ്ടി പ്രവർത്തിക്ക
ണം. ആവേശത്തിൻെറയും ശിക്ഷണത്തിൻെറയും
അഭാവത്തെപ്പററി സ്വയം പരിതാപം പ്രകടിപ്പി
ക്കുന്ന ദുഃഖകരമായ ഒരു മനോഭാവം സോഷ്യലിസ്റ്റ്
കാരിൽ ഉണ്ടായിട്ടുണ്ട്. ഒരു വർഗ്ഗീയവാദിയുടെ
യോ കമ്മ്യൂണിസ്റ്റ് പിൻതിരിപ്പൻെറയോ ഹാലി
ളക്കം ഒരു സോഷ്യലിസ്ററിനുണ്ടായിക്കൂടാ അ
ത്തരം ഹാലിളക്കം ഇല്ലാത്തതിൽ നാം സന്തുഷ്ടരായി
രിക്കണം എന്നാൽ ഹൃദയത്തിൻെറ അടിയിൽ അ
ടിഞ്ഞുകിടക്കുന്നവിശ്വസ്ഥതയും വിശ്വാസവുംസോ
ഷ്യലിസ്റ്റ്കാരൻ ചിലപ്പോൾ പ്രകടിപ്പിച്ചിട്ടുണ്ട്.
അവൻ ആവേശം കൊള്ളുമ്പോൾ ത്യാഗത്തിൻെറ
ഉന്നതവേദിയിലേക്കുയരുകയും എല്ലുനുറുങ്ങി പണി
യെടുക്കുകയും ചെയ്യും. എന്നാൽ പലപ്പോഴും അ
വൻ മടിപിടിച്ചിരിക്കും. ഇടവിടാതെ പ്രവർത്തി
ക്കുന്നതിനു കഴിവില്ലാതെ വരുന്നുണ്ട്. ചിലപ്പോ
ൾ അവൻ പിണങ്ങാറുണ്ട് സോഷ്യലിസ്ററ് പാ
ർട്ടിയുടെ നട്ടെല്ലായ ആ വളർന്നുവരുന്ന തലമുറ
അതുല്യരാണ്. അങ്ങിങ്ങായി പിടിച്ചിരിക്കുന്ന
അഴുക്കുകൾ തുടച്ചുമാററപ്പെടണം. അങ്ങനെ കറ
കളഞ്ഞ സ്വർണ്ണമായി അതിനെ മാററിയെടു
ക്കണം.

വിദ്യാഭ്യാസപരമായ പ്രവൎത്തനങ്ങളും പരിശീലനപരിപാടികളുമാണു് ഏററവും ആവശ്യം പാർട്ടിയുടെ ആ പ്രവൎത്തനസരണി ഇന്നയോളം ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണു്. സോഷ്യലിസത്തിൻെറ സിദ്ധാന്തപരമായ അടിസ്ഥാനത്തിലുള്ള പരിശീലനത്തിൻെറ അഭാവത്തിൽ, അതിൻെറ ഫലമായുള്ള വിദ്വേഷത്തിൻെറയും അനുകമ്പയുടെയും സംയോജിത പ്രകാശനത്തിൻെറ അഭാവത്തിൽ, ചുററുപാടുകളോടുള്ള വെറുപ്പ് അവനിലും ഉണ്ടാകുന്നു. അതു പ്രകടിപ്പിക്കുവാൻ പാർട്ടിയുടെ പരിപാടികൾ മതിയാകാതെ വരുമ്പോൾ അവൻ നിരാശനാകുന്നു. സോഷ്യലിസ്ററുകാരൻ സമൂഹത്തിൻെറ പൊതുലക്ഷ്യങ്ങളും സാമ്പത്തികലക്ഷ്യങ്ങളും കോൎത്തിണക്കുവാൻ പഠിക്കണം. പൊതുജീവിതത്തെയും സ്വകാര്യജീവിതത്തെയും പരസ്പരം വേർതിരിക്കുന്ന, വൈരുദ്ധ്യത്തിൻെറയും അകൽച്ചയുടേതുമായ, സിദ്ധാന്തം. അവൻ വലിച്ചു്ദൂരെയെറിയണം നിഷ്ഠൂരവും അന്ധവുമായ വൈരാഗ്യം അവൻ ഉപേക്ഷിക്കണം. അതോടൊപ്പം പൊങ്ങച്ചവും വ്യക്തിപരമായ കുതന്ത്രങ്ങളും ജനാധിപത്യവിരുദ്ധപ്രവൎത്തനങ്ങളും അവൻ അനുവദിക്കരുതു്. വ്യത്തികേടുകളിലേക്കു് കടക്കാതെ എവിടംവരെ ചെല്ലാമെന്നുള്ളതു ഓരോ സോഷ്യലിസ്റ്റ് കാരനും തീരുമാനിച്ചു അതിൻേറതായ പരിധി നിർണ്ണയിക്കണം. ഒരു സോഷ്യലിസ്റ്റ് സ്വഭാവക്രൂ

മം താനേ ഉണ്ടാകുകയും വേണം. സോഷ്യലിസ്റ്റ് ആശ്രമങ്ങളും ആവശ്യമാണ്. ഒരു സ്റ്റേററിൽ ഒന്നെങ്കിലും ഉണ്ടാകണം. മാനസികമായ അന്വേഷണത്തിൻെറ അവസരങ്ങളിൽ പാർട്ടിയിലെ അംഗങ്ങൾക്കു അവിടെ വിശ്രമിക്കാം അവ നിർമ്മാണപ്രവൎത്തനങ്ങളുടെയും സന്തോഷകരമായ വിശ്രമത്തിൻെറയും സങ്കേതങ്ങളാകണം. ഈതരം ആശ്രമങ്ങൾ തങ്ങളുടെ കൃഷിയും തൊഴിലുകളും കൊണ്ടും ഉണ്ടാക്കാവുന്ന സാധനങ്ങളെക്കൊണ്ടു സ്വയം പര്യാപ്തമായിരിക്കണം. മനസ്സിൻെറ പരിശീലനത്തിനും ഒരു സിദ്ധാന്തത്തിൻെറ പ്രചരണത്തിനും വേണ്ടി ആശ്രമങ്ങൾ സൃഷ്ടിക്കുകയെന്നതു ഇൻഡ്യൻ പാരമ്പര്യത്തിനനുയോജ്യമാണ്. ലോകത്തിലെ എല്ലാ പ്രസ്ഥാനങ്ങളും ഏതെങ്കിലും പേരിൽ അതിൻേറതായ കേന്ദ്രങ്ങളെ സൃഷ്ടിച്ചിട്ടുണ്ടു്. ശരിയായ ഒരു സിദ്ധാന്തവും അതിനുവേണ്ടിയുള്ള പരിശീലനവും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനു ആത്മികമായ ഉയർച്ച നൽകുന്നതാണ്. അങ്ങനെ ദ്വേഷത്തിൻെറയും സഹാനുഭൂതിയുടെയും ആയ അതിൻെറ പ്രവൎത്തനങ്ങൾ ഒരു ജ്വാലെ ആവേശം നിറഞ്ഞതായിത്തീരുന്നതിനു സഹായിക്കുകയും ചെയ്യും. അപ്പോൾ അതിനെ സ്പർശിക്കുന്ന യാതൊരാളുടെയും ഹൃദയം അതുമായി ഒന്നു ചേൎന്നു എന്നുമല്ല, സന്തോഷത്താൽ നിറഞ്ഞു കവിയും.

## മുന്നിട്ടുള്ള പ്രവർത്തനവും ശിക്ഷണവും.

സംഘടിപ്പിക്കുന്നതിന്റെ ചില പ്രമാണങ്ങളും സോഷ്യലിസ്റ്റ് പാർട്ടി അംഗീകരിക്കണം കേന്ദ്രീകൃതമായ മുൻകയ്യെടുത്തുള്ള പ്രവർത്തനത്തിന്റെയും വികേന്ദ്രീകൃതമായ ശിക്ഷണത്തിന്റെയും ഇന്നത്തെ വഴിപിഴച്ച സമ്പ്രദായം മാറിയിട്ടു മുൻകയ്യെടുത്തുള്ള പ്രവർത്തനത്തിന്റെ വികേന്ദ്രീകരണവും ശിക്ഷണത്തിന്റെ കേന്ദ്രീകരണവും ആണ് ആവശ്യം. ശിക്ഷണം ഏറെക്കുറെ ഒരു വ്യക്തിയുടെ സ്വഭാവത്തെയും സിദ്ധാന്തത്തിലുള്ള വിശ്വാസത്തെയും പരിശീലനത്തെയുമാണ് ആശ്രയിച്ചിരിക്കുന്നതു്. ചിലപ്പോൾ അതു പുറമേനിന്നും നിർബന്ധിതമാക്കപ്പെടുന്നുമുണ്ടു്. ശിക്ഷണനടപടികൾ കഴിവതും കുറവു ആയിരിക്കണം. എന്നാൽ അതു് വേഗവും നിർഭയമായും മുഖം നോക്കാതെയും നടത്തപ്പെടണം. പാർട്ടിയുടെ വിവിധ അവയവങ്ങൾ പരസ്പരം സഹായിക്കുവാൻ പരിശീലിപ്പിക്കപ്പെടണം അവയുടെ കേന്ദ്രങ്ങളും പാർട്ടിയും ഒരു സിരാചക്രമായി രൂപാന്തരപ്പെടണം. ശിക്ഷണമുള്ള ഒരു പാർട്ടിയുടെ രൂപീകരണത്തിനു വികേന്ദ്രീകൃതമായ പ്രവർത്തനമായിരിക്കും ഏററവും പ്രധാനമായിട്ടുള്ളതു്. പ്രവർത്തനങ്ങൾ സംയോജിപ്പിക്കുവാനും അവയുക്കു തമ്മിൽ മുൻഗണന കൊടുക്കുവാനും പഠിക്കണം. പാർട്ടിയുടെ നേതാക്കന്മാരെന്നു പറയാറുള്ളവരുടെ പ്രസംഗങ്ങളിലെ അ

ഭിപ്രായന്തരങ്ങളെപ്പററി ഒട്ടുവളരെ കേൾക്കാറു ണ്ടു്. എന്നാൽ പ്രത്യേകം തെരഞ്ഞെടുത്തിട്ടുള്ള ലക്ഷ്യങ്ങൾക്കവേണ്ടിയുള്ള പ്രവൎത്തനങ്ങളും മുദ്രാവാക്യ ററങ്ങളുമുണ്ടായിരുന്നുവെങ്കിൽ പ്രസംഗങ്ങളിലെ അന്തരം സുന്ദരമായ ഒരു വീണാനാദമായി മാറി യേനെ. എന്നാൽ രാജ്യത്തിന്റെ വൈപുല്യത്താലും മററു കാരണങ്ങളാലും ആത്തരമൊരു ഏകീകരണം സാദ്ധ്യമല്ലാതെ വന്നു ഏതായാലും അതിന്നുവേ ണ്ടി ശ്രമിക്കേണ്ടിയിരിക്കുന്നു. നേതാക്കന്മാർക്കു വളരെ ബന്ധങ്ങളാൽ വിമ്മിഷ്ടപ്പെടുന്നവരാണു്. അതു പലപ്പോഴും മറെറാരു സഹചാരിത്വത്തെ അസാദ്ധ്യമാക്കിത്തീർക്കുന്നു.

പാർട്ടിയിലേക്കു പുതിയ ആളുകൾ വരും. ബുദ്ധിജീവികൾ പാർട്ടിയിലേക്കു താൽപ്പര്യം പ്രക ടിപ്പിച്ചുകൊണ്ടിരിക്കുകയാണു ഇന്നത്തെ ശിഥി ലീകരണവും മുരടിക്കലും അവരുടെ ഉത്തരവാദിത്വ ത്തെ വർദ്ധിപ്പിച്ചിരിക്കുകയാണു്. പുതുതായിട്ടു വരുന്നവരെ സന്തോഷത്തോടുകൂടി സ്വീകരിക്ക ണം. എന്നാൽ ഉടൻതന്നെ അവർ പാർട്ടിയിലെ ഉദ്യോഗങ്ങൾ ആഗ്രഹിക്കരുതു്. മററുള്ളവർ അ വരെ സംശയിക്കുന്നതിന്നു അതു ഇടയാക്കും. അതി ന്നു അവരെ യോഗ്യന്മാരാക്കുന്നതിന്നും സ്നേഹിത ന്മാരെ സമ്പാദിക്കുന്നതിന്നും കുറേ സമയം ആവശ്യ മാണു് പാർട്ടി പ്രവൎത്തനത്തിന്റെ ക്രമപ്പെടുത്ത ലും പഠിക്കണം. ഓരോ ആളും എല്ലാ പ്രവൎത്തി

യും ചെയ്യുമെന്നാശിക്കരുതു്. പുതുതായിട്ടുവരുന്ന വരും പഴയ പ്രവർത്തകരും തമ്മിൽ വിടവുണ്ടാക്കുന്നതിനുള്ള ശ്രമങ്ങളെ നിന്ദാപൂർവം തിരസ്കരിക്കണം. അതു പാർട്ടിയുടെ വളർച്ചയെ തടയുന്നതിനും നേതൃത്വത്തിൽ ഭിന്നതയുണ്ടാക്കുന്നതിനുമാണു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. എതിരാളികളുടെ ഒരു വൃത്തികെട്ട പ്രവർത്തനരീതി പാർട്ടിയിലെ പ്രവർത്തകരെ വേർതിരിക്കുകയും ചിലരെ പുകഴ്ത്തുകയും മററു ചിലരെ അധിക്ഷേപിക്കുകയുമാണു്.

## വിരമിക്കലും തിരിച്ചുവരവും.

പിൻവാങ്ങലിന്റെ സിദ്ധാന്തത്തെ മാനിക്കുവാൻ സോഷ്യലിസ്റ്റ്കാർ പഠിക്കണം പിൻവാങ്ങൽ ശാശ്വതമായിരിക്കണമെന്നില്ല. ഒരാൾ പ്രവർത്തനത്തിൽ വേണ്ടത്ര വിജയം വരിച്ചില്ല എന്നതുകൊണ്ടോ, അല്ലെങ്കിൽ ചില രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനു വിഷമം ഉള്ളതുകൊണ്ടോ അല്ലെങ്കിൽ ഒട്ടുവളരെ നാൾ പ്രവർത്തിച്ചതുകൊണ്ടോ അല്ലെങ്കിൽ നയങ്ങളിലുള്ള വ്യക്തതക്കുവേണ്ടിയോ ഉദ്യോഗങ്ങളിൽനിന്നും കമ്മററികളിൽനിന്നും പിൻവാങ്ങാം. അങ്ങനെ താൽക്കാലികമായി പിൻമാറുന്നതു ദുഃഖത്തിനോ പ്രത്യേക പ്രസ്താവനകൾക്കോ ഇടയാക്കരുതു്. സേനാനായകനായിട്ടോ പടയാളിയായിട്ടോ ഉള്ള അയാളുടെ പ്രവർത്തനത്തെ അതു

കുറയുകയില്ല. ഈ രാജ്യത്തിലെ രാഷ്ട്രീയപ്രവർത്തകർ മരണത്തോടുകൂടിമാത്രമാണ് വിരമിക്കാറുള്ളത്. ഒന്നുകിൽ അവർ അനിർവാര്യരാണ്; അല്ലെങ്കിൽ അധികാരക്കൊതിയരാണ്. ഇവതമ്മിൽ വേർതിരിക്കുന്ന രേഖവരച്ചുകാണിക്കുവാൻ വിഷമമാണ്. താൽക്കാലികമായി വിരമിക്കുന്നതു പിന്നീട്ട പ്രവർത്തനങ്ങൾക്കു പുതുമയും ഊർജ്ജസ്വലതയും നൽകും. പുതിയ ആളുകൾ പരിശീലിക്കപ്പെടും. അവർ സ്വവരുടെ ആവേശം പ്രകടിപ്പിക്കുകയും ഉത്തരവാദിത്തമുള്ളവരാവുകയും ചെയ്യും. സംഘടനാപരമായി കമ്മററികളിലേക്കുള്ള പേരുകളെപ്പററിയുള്ള തർക്കങ്ങൾ ആദർശപരമായ വ്യത്യാസങ്ങളായി മാററാതിരിക്കുവാനും അതു സഹായിക്കും. സംഘടനാപരമായ സംഘട്ടനം ആദർശപരമായ സംഘട്ടനമാണെന്നു ധരിച്ചു ആ നിഴൽ യുദ്ധം ചെയ്യാതിരിക്കും. പാർട്ടിയുടെ നേതൃത്വം ഗ്രാമം മുതൽ കേന്ദ്രംവരെ പാർട്ടിയുടെ നയങ്ങളുടെയും പരിപാടിയുടെയും മുഴുമിക്കലിനുവേണ്ടി ശ്രമിക്കുകയും എല്ലാ രംഗങ്ങളിലും മുൻകയ്യെടുത്തു പ്രവർത്തിക്കുകയും വേണം. ശിക്ഷണത്തിൻെറ അതിർവരമ്പുകൾക്കുള്ളിൽ സംഘടന ജനാധിപത്യപരമായ അതിൻെറ പ്രവാഹം തുടരട്ടെ. ആ ഒഴുക്കു സുഖകരമായി തോന്നുന്നില്ലെങ്കിൽപോലും ഒഴുകട്ടെ.

തീരുമാനങ്ങൾ എടുക്കേണ്ടതും അഭിപ്രായങ്ങൾ തമ്മിൽ അന്തരം ഉള്ളതും ആയ സന്ദർഭങ്ങൾ ഉണ്ടാകും വാദപ്രതിവാദത്തിന്റേതും ഭൂരിപക്ഷതീരുമാനത്തിന്റേതുമായിട്ടുള്ളതല്ലാതെ മററു മാർഗ്ഗങ്ങൾ ജനാധിപത്യത്തിലില്ല. ആ തീരുമാനങ്ങൾ ശരിയായിരിക്കണമെന്നില്ല. എന്നാൽ അഭിപ്രായാന്തരമുള്ളവർ ആ തീരുമാനങ്ങളുടെ പിന്നിലുള്ള കടന്നുചെന്നു ആ തീരുമാനങ്ങളിലെ തെററുകൾ മററുദ്ദേശങ്ങൾ നൽകേണ്ടതായിട്ടില്ല എല്ലാ. അഭിപ്രായാന്തരങ്ങളും സിദ്ധാന്തപരമായ അന്തരങ്ങളാക്കിത്തീക്കരുതു്. ഒരു പാർട്ടിക്കും ശാശ്വതമായ പ്രതിസന്ധിഘട്ടത്തിൽ കഴിഞ്ഞുകൂടുവാൻ സാദ്ധ്യമല്ല. എന്നാൽ അതേ സമയം തീരുമാനങ്ങൾ എടുക്കേണ്ടതു അംഗീകൃതമായ ആദർശങ്ങളുടെയും കൂലങ്കഷമായ ചിന്തയുടെയും അടിസ്ഥാനത്തിൽ ആയിരിക്കണം. നേരെമറിച്ചു ആവശ്യമോ ഭയമോ ആയിരിക്കരുതു് അതിന്റെ അടിസ്ഥാനം സ്വാതന്ത്ര്യാധികാരത്തിന്റെയും നിർബന്ധത്തിന്റെയും ലാഞ്ചനപോലും ഉണ്ടാകരുതു്. ഔദ്യോഗികമായും അനൗദ്യോഗികമായും ദിവസംപ്രതി തീരുമാനങ്ങൾ എടുക്കുകയാണു്. അവ ചിലർക്കു പൂർണ്ണമായും ശരിയും മററുചിലർക്കു അപ്പാടെ തെററായും തോന്നാം. വാശിയേറിയ വാദപ്രതിവാദങ്ങളുണ്ടാകാം. എന്നാൽ അവയൊന്നും പ്രതിസന്ധിഘട്ടങ്ങളാകരുതു്.

## തെററായ ധ്രുവവൽക്കരണം.

പൊതുതെരഞ്ഞെടുപ്പിന്റെ ഫലമായിട്ടു കോൺഗ്രസ്സും കമ്മ്യൂണിസ്ററു് പാർട്ടിയും തമ്മിൽ തെററായ ഒരു ധ്രുവവൽക്കരണത്തിൽ എത്തിച്ചേർന്നിരിക്കുകയാണു്. ഈ വിഷബീജം ആപത്തു് നിബിഡമായ ഫലം കായ്ക്കുന്നതിനുമുൻപുതന്നെ രാജ്യത്തിന്റെ മനസ്സിനെയും പ്രവർത്തനത്തെയും സ്തംഭിപ്പിക്കുന്നതിനു മുൻപുതന്നെ നശിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു ഈധ്രുവവൽക്കരണം താൽക്കാലികമാണെന്നും ഇൻഡ്യയിലെ സോഷ്യലിസ്റ്റുകൾക്കു പ്രവർത്തിക്കുവാനുള്ള ഒരു മുന്നറിയിപ്പാണെന്നും കരുതണം. കമ്മ്യൂണിസ്ററു് പാർട്ടിയുടെ നേട്ടങ്ങൾ അതിന്റെ പരിപാടികളുടെ അംഗീകരിക്കലാണെന്നും കഷ്ടപ്പാടുകൾ കമ്മ്യൂണിസത്തെ വളർത്തുകയും ചെയ്യുന്നു. എന്നുള്ള നിഗമനത്തിൽ എത്തിച്ചേരുന്നതു തെററാണു്. കഷ്ടപ്പാടുകൾ ഗുണവും ദോഷവും വളർത്താം. അടിയുറച്ച വിശ്വാസവും നിരന്തരമായ പ്രവർത്തനവും അതിനെ സോഷ്യലിസത്തിലേക്കു നയിക്കുകയില്ലെന്നു കരുതുവാൻ കാരണമില്ല. കമ്മ്യൂണിസ്ററു് നേതാക്കളുടെ കാരണങ്ങൾ പ്രധാനമായും രണ്ടാണു്. ഒന്നു കമ്മ്യൂണിസ്ററു് പാർട്ടി പ്രവർത്തിക്കുവാൻ തയ്യാറായിരുന്നു. തെററായിരുന്നാൽതന്നെയും. അവർ കൊള്ളയും കൊലപാതകവും നടത്തിയിട്ടുള്ളിടത്തുതന്നെയാണു് തെരഞ്ഞെടുപ്പുകളിൽ വിജയവും നേടിയത്തു്.

കമ്മ്യൂണിസ്ററുകളുടെ ഭീകരപ്രവൎത്തനത്തിന്റെ പ്രദേശങ്ങളിലുള്ള വിജയം അപകടകരമായ ഒട്ടുവളരെ സാദ്ധ്യതകൾ ഉൾക്കൊള്ളുന്നു. വിജയം ആസ്വദിച്ച അവർ ആ ഭീകരപ്രവൎത്തനങ്ങൾ മററുള്ള പ്രദേശങ്ങളിലും ആവൎത്തിക്കുവാൻ ഇടയുണ്ട്. നിയമവിധേയമായ പ്രവൎത്തനങ്ങൾ അവസാനിക്കുമ്പോൾ ഭീകരപ്രവൎത്തനങ്ങൾ വീണ്ടും ആരംഭിക്കും അതു് അവൎക്കു് ഭൂരിപക്ഷം നേടിക്കൊടുക്കുകയില്ല. എന്നാൽ നാലിലൊരുഭാഗം ജനങ്ങളിൽ അവരെ പ്രതിഷ്ഠിക്കുന്നതിനു അതു് സഹായിക്കും അവിടെനിന്നും അവർ അവരുടെ വിമോചനസൈന്യത്തെ, പിന്നീടു ഒരു സാധാരണസൈന്യമാക്കുന്നതിനുവേണ്ടി ഉയൎത്തും. ഇൻഡ്യയിലെ വിശ്വസ്ഥതയേറിയ പട്ടാളക്കാരനിലേക്കു്, വെടിവെയ്പുരാഷ്ട്രീയത്തിൽ പങ്കെടുക്കുവാൻ മടികാണിക്കുന്ന ഇൻഡ്യൻ പട്ടാളക്കാരനിലേക്കു്, സോഷ്യലിസ്ററു് പാർട്ടി അതിന്റെ ശ്രദ്ധ തിരിക്കണം. ഇന്നത്തെ ലോകത്തെയും അതിലെ ശക്തികളെയും അവനെ മനസ്സിലാക്കുന്നതോടൊപ്പം ഒരു യുദ്ധത്തിനുശേഷം നിരാശ്രയനായ അവനു ലഭിക്കുന്ന പതിനഞ്ചുമുതൽ മുപ്പതു രൂപാവരെ മാത്രമുള്ള പ്രതിമാസ പെൻഷനെപ്പററിയും അവനെ അനുസ്മരിപ്പിക്കണം. ഇതിലും പ്രധാനമായി ഭീകരപ്രവർത്തനങ്ങളിലേക്കു രാജ്യത്തെ നയിക്കാതെ രാജ്യമൊട്ടാകെ നിൎമ്മാണാത്മകവും സമാധാനപരവുമായ സമരങ്ങൾ നയി

ക്കണം. കമ്മ്യൂണിസ്ററ് വിജയത്തിൻെറ മറെറാ
രു കാരണം അവർ പടുത്തുയർത്തിയിരിക്കുന്ന അന്ത
ർദ്ദേശീയ ആരാധനയുടെ ദിവ്യക്ഷേത്രങ്ങൾ, ചൈ
നയും റഷ്യയും, ആണ്. ഒരിക്കൽ ആരാധന
ആരംഭിച്ചുകഴിഞ്ഞാൽ, പിന്നീടു ശരിയോ തെ
റേറാ എന്നുള്ള പ്രശ്നങ്ങൾ ഉദിക്കുന്നില്ല. എല്ലാ
തെററുകളും ക്ഷേത്രത്തിൻെറ കൂടുതൽ കൂടുതൽ
മഹിമയ്ക്കുവേണ്ടിയാണ്. അവരുടെ ആരാധനയു
ടെ യഥാർത്ഥ സ്വഭാവത്തെ തുറന്നുകാണിക്കാതെ,
അവരുടെ മാററംമറിച്ചിലുകളെയും ഓരോ നാലുകൊ
ല്ലത്തിനുശേഷം കഴിഞ്ഞകാലങ്ങളിൽ തെററിപ്പോ
യി എന്നുള്ള ഏററുപറച്ചിലിനെയും തുറന്നുകാ
ണിക്കുന്നതുകൊണ്ടുമാത്രം പ്രയോജനം ഇല്ല. സോ
വിയററു ക്ഷേത്രങ്ങൾ മനുഷ്യരാശിയുടെ രക്ഷാ
സങ്കേതങ്ങളാണെന്നും അവ വളർന്നുകൊണ്ടിരിക്കു
ന്നുവെന്നും വിശ്വസിച്ചുകഴിഞ്ഞാൽ കമ്മ്യൂണിസ്
ററ്പാർട്ടി മുതലാളിത്തത്തിൻെറയോ, ഗവണ്മെ
ൻറിൻെറയോ, കൂടെ കൂട്ടുചേർന്നാലും ജനാധിപ
ത്യമോ ഏകാധിപത്യമോ പ്രസംഗിച്ചാലും സാരമി
ല്ല എല്ലാം തന്ത്രങ്ങൾ മാത്രമാണ്. ഇൻഡ്യയിൽ
ഗവണ്മെൻറും ബുദ്ധിജീവികളും അടുത്തകാലത്ത്
ഈ ആരാധനയെ പ്രോത്സാഹിപ്പിക്കുകയാണ്.

നശിക്കുമോ? ഇല്ല

ഇൻഡ്യയിലെ സോഷ്യലിസ്ററുകൾ തങ്ങളു
ടെ പരാജയകാരണങ്ങൾ പരിഹരിക്കപ്പെടാവുന്ന

താണെന്നു മനസ്സിലാക്കണം. രാജ്യത്തിലേക്കു ചെറുപ്പക്കാരായ സ്ഥാനാത്ഥികഠം സോഷ്യലിസ്ററുകളായിരുന്ന സോഷ്യലിസ്ററു സിദ്ധാന്തം വേണ്ടത്ര അടിയുറച്ചിരുന്നില്ല. പാർട്ടി ചിലപ്പോഴൊക്കെ രണ്ടുതരത്തിലുള്ള നയം സ്വീകരിച്ചിട്ടുണ്ടു്. നിമ്മാണപ്രവത്തനത്തിൻെറയും അതിൻെറ അടുത്തകാലത്തുള്ള അനുഭവങ്ങഠം അത്രമാത്രം ആകഷകമായിരുന്നില്ല. അതു് ഒരു വോട്ടിനു നാലണ ചെലവാക്കിയപ്പോഠം കോൺഗ്രസ്സും കമ്മ്യൂണിസ്ററുകളും ഒരു രൂപയും ഒന്നര രൂപയും വീതം ചെലവിട്ടു. പണത്തിൻെറ അഭാവം ഒഴിച്ചു മററുള്ളവയെല്ലാം പരിഹരിക്കപ്പെടാവുന്നതാണ് എന്നാൽ കൊള്ളയിലൂടെയോ വിദേശസഹായത്താലോ മുതലാളിമാരിൽനിന്നോ പാർട്ടിക്കു പണംലഭിക്കുവാൻ സാദ്ധ്യമല്ല. പണക്കാരിൽനിന്നും ഉള്ള സഹായത്തിൻെറ അഭാവം പാർട്ടിക്കു ആത്യന്തികമായി നല്ലതായിരിക്കും. പാർട്ടിയുടെ നല്ല പ്രവത്തനങ്ങഠം പണത്തിൻെറ അഭാവംമൂലം നടക്കുന്നില്ലായെന്നു ഇന്ത്യൻജനത ഒരു ദിവസം മനസ്സിലാക്കും പൊതു തെരഞ്ഞെടുപ്പിൽ അതു പ്രതീക്ഷിച്ച സ്ഥാനങ്ങഠം ലഭിച്ചില്ല എന്നുള്ളതും അതിൻെറ അനന്തരഫലമായി കുറേയൊക്കെ തളന്നുപോയി എന്നുള്ളതും മറയ്ക്കുന്നതിനുവേണ്ടി യാതൊരു ശ്രമവും നടത്തരുതു്. അതോടൊപ്പം സോഷ്യലിസത്തിൽ വിശ്വാസം അർപ്പിച്ച നൂററിഇരുപത്തു ലക്ഷത്തിൽ പരം

ജനങ്ങളെ അധിക്ഷേപിക്കുകയും അരുതു്. ഭാവി പ്രവത്തനത്തിനു അതു നമ്മുടെ അടിസ്ഥാനമായിരിക്കും. കമ്മ്യൂണിസ്ററുകാർക്കു സോഷ്യലിസ്റ്റ് പാർട്ടിയോടൊപ്പം സ്ഥാനാത്ഥികളെ നിറുത്തി മത്സരിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽപോലും ഇത്രയധികം വോട്ടുകൾകിട്ടുമായിരുന്നില്ല യു. പി യിലും ബീഹാറിലും ഒരൊററ കമ്മ്യൂണിസ്റ്റു സ്ഥാനാത്ഥി പോലും ജയിക്കാതെ പരാജയമടഞ്ഞതിൽ നിന്നും ഇതു വ്യക്തമാണു്.

അതുപോലെ തന്നെ സോഷ്യലിസ്റ്റു പാർട്ടി അതിൻെറ സിദ്ധാന്തങ്ങളിലും പരിപാടികളിലുമുള്ള അവ്യക്തത അവസാനിപ്പിക്കണം അതു കോൺഗ്രസ്സിൻെറ ഒരു രണ്ടാം നിരയായിട്ടു മാറരുതു് അതോടൊപ്പം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തുപ്പുകാരും വിറകുവെട്ടുകാരുമായിത്തീരുകയും അരുതു്. ദേശീയമായും അന്തർദേശീയമായും സോഷ്യലിസവും കമ്മ്യൂണിസവും തമ്മിലുള്ള യുദ്ധം അത്രമാത്രം ഭയാനകമാണു്. സോഷ്യലിസത്തെ നശിപ്പിക്കേണ്ട ഒന്നാണെന്നു കോൺഗ്രസ്സും കമ്മ്യൂണിസ്ററും കരുതുന്നു. എന്നാൽ സോഷ്യലിസ്റ്റ് പാർട്ടി കോൺഗ്രസ്സിനും കമ്മ്യൂണിസത്തിനും മാറി മാറി സേവനം അനുഷ്ഠിക്കുന്നു എന്നുപറയുന്നതിൽ കുറേയൊക്കെ വാസ്തവമുണ്ടു്.

## വ്യാപകമായ ഒരു ശക്തി

സോഷ്യലിസത്തിന്റെ താത്വികമായ അടിസ്ഥാനം സുരക്ഷിതമാകുന്നതുവരെ ജനാധിപത്യത്തിന്റെയും ദേശീയ ഐക്യത്തിന്റെയും കക്ഷിയെന്ന പേരിൽ കോൺഗ്രസ്സിന്റെയും മാററത്തിന്റെയും പുരോഗമനത്തിന്റെയും കക്ഷിയെന്നു തോന്നാവുന്ന കമ്മ്യൂണിസത്തിന്റെയും മദ്ധ്യത്തിൽ അതു് ശിഥിലീകൃതമാകും. ഇടതുപക്ഷം വലതുപക്ഷം തുടങ്ങിയ പേരുകൾ മാറി മാറി ഉപയോഗിക്കുന്നതു ഇന്നത്തെ ചിന്താക്കുഴപ്പം വർദ്ധിപ്പിക്കുകയും ചെയ്യും. സോഷ്യലിസ്റ്റ് പാർട്ടി അപകടങ്ങൾ അഭിമുഖീകരിക്കുവാൻ തയ്യാറാവണം. അതു ദേശീയ ഐക്യത്തിന്റെയും പുരോഗമനത്തിന്റെയും പ്രതീകമായിത്തീരണം. താല്ക്കാലികമായ പ്രത്യാഘാതങ്ങളെ കണക്കാക്കാതെ പ്രവർത്തിക്കുവാൻ അതു തയ്യാറാകണം. കമ്മ്യൂണിസ്റ്റ് പാർട്ടിയും കോൺഗ്രസ്സ് പാർട്ടിയും ഉച്ചാരിയാവുന്ന ദുഷ്പ്രചരണങ്ങൾ എന്തുതന്നെ ആയിരുന്നാലും താൽക്കാലികമായി നശിച്ചുപോയാൽ തന്നെയും അതു ശരിയായിട്ടുള്ളതു മാത്രം പ്രവർത്തിക്കണം.

കോൺഗ്രസ്സ് കക്ഷിക്കു ദേശീയസ്വാതന്ത്ര്യവും ജനാധിപത്യവും കമ്മ്യൂണിസ്റ്റ് കക്ഷിയുടെമേൽ ചില മേന്മകൾ നൽകുന്നുണ്ട്. ആത്യന്തികമായി ജനാധിപത്യപരമായും ദേശീയ സ്വാതന്ത്ര്യത്തെ മുൻനിറു

ത്തിയും പ്രവർത്തിക്കുമെന്നുള്ളതു് കമ്മ്യൂണിസ്റ്റ് കക്ഷിയേക്കാൾ കോൺഗ്രസ്സിനുള്ള ഒരു മെച്ചമാണു്. എന്നാൽ കോൺഗ്രസ്സ് പട്ടിണിയുടെയും അഴിമതിയുടെയും പ്രധാനമായ മുതലാളിത്തത്തിന്റെയും കക്ഷിയാണു് ആത്തരമൊരു കക്ഷിക്കു സോഷ്യലിസ്റ്റ് പാർട്ടി പിൻതുണ നൽകുകയാണെങ്കിൽ ഏതു ഉദ്ദേശത്തിനുവേണ്ടി അതു നൽകപ്പെടുന്നുവോ ആ ഉദ്ദേശം തന്നെ പരാജയപ്പെടും. പിൻതുണയുടേതായ ആത്തരം ഒരു നയം ജനകീയശക്തി സംഘടിപ്പിക്കുന്നതിനും അനീതിക്കെതിരായി സമരം ചെയ്യുന്നതിനും അതിനു കഴിവില്ലാതാക്കിത്തീർക്കും. അതിന്റെ ഫലമായി ജനതയിൽ ഒരു പങ്കു നിരാശയിൽ ആണ്ടു കമ്മ്യൂണിസത്തിലേക്കു തിരിയും. കോൺഗ്രസ്സ് ഒരു പരിധിവരെ യാഥാസ്ഥിതികരുടെയും പുരോഗമനാശയക്കാരുടെയും ഒരു സങ്കലിത കക്ഷിയാണു്. സാധാരണ ധാരണക്കു വിപരീതമായി ഈ സങ്കലിത സ്വഭാവം ഗുണത്തിനു പകരം ദോഷമാണു് ചെയ്യുന്നതു്. പുരോഗമനാഭിപ്രായങ്ങളെയും ശക്തികളെയും പററി അതു ജനതയിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നു കോൺഗ്രസ്സിലെ പുരോഗമനവാദികൾ അതിലെ പിൻതിരിപ്പന്മാരെക്കാൾ കൂടുതൽ ഉപദ്രവം ചെയ്യുന്നു. സോഷ്യലിസ്റ്റ് പാർട്ടി അവരെ സഹാനുഭൂതിയോടുകൂടി കരുതുകയും അങ്ങനെ വശികരിക്കുവാൻ ശ്രമി

ക്കുകയും ചെയ്യുക എന്നൊരു പ്രശ്നമേനില്ല. കോൺഗ്രസ്സ് പാർട്ടിയിലെ കൂട്ടുചേരിയിൽ ഒരു ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ അതു സംഭവവികാസങ്ങളുടെ പ്രത്യാഘാതമായിട്ടു ആയിരിക്കും. ഈ സംഭവവികാസങ്ങളുടെ വേഗത സോഷ്യലിസ്റ്റ് പാർട്ടിക്കു അതിന്റെ നിർമ്മാണ പ്രവത്തനങ്ങളും സമാധാനപരമായ സമരങ്ങളും വൻതോതിലുള്ള രാഷ്ട്രീയനീക്കങ്ങളും മൂലം വർദ്ധിപ്പിക്കുവാൻ കഴിയും. കോൺഗ്രസ്സു പാർട്ടിയെ ക്രമിതാങ്ങമായി താരതമ്യപ്പെടുത്തുവാനും കോൺഗ്രസ്സ് ഗവണ്മെന്റു അതിന്റെ ഗതികൾ മാററുന്നില്ല എങ്കിൽ രക്തപങ്കിലമായ ഒരു വിപ്ളവത്തെയും ആത്യന്തികമായ കമ്മ്യൂണിസ്റ്റ് വിജയത്തെയും പററി പ്രവചിക്കുവാനുമുള്ള വാസന സോഷ്യലിസ്റ്റ്കാർ അവസാനിപ്പിക്കണം. അതു് ഒരു കമ്മ്യൂണിസ്റ്റ് ഗവണ്മെൻറു കോൺഗ്രസ്സ് ഗവണ്മെൻറിനേക്കാൾ നല്ലതായ രീതിയിൽ പ്രവത്തിക്കും എന്ന തെററായധാരണ സൃഷ്ടിക്കും. അതിലും വിനാശകരമായിട്ടുള്ളതു് സോഷ്യലിസ്റ്റ് പാർട്ടിയെ നിസ്സഹായനായ ഒരു കാഴ്ചക്കാരനും ഉപദേശകനും ആയിട്ടു ജനങ്ങൾ കരുതുന്നതിനിടയാക്കും. കോൺഗ്രസ്സ് പാർട്ടിയുടെ നിശ്ചലതക്കും കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ താറുമാറിനും കലക്കത്തിനും മദ്ധ്യേ സോഷ്യലിസ്റ്റ് പാർട്ടി എന്നും എന്നും ദേശീയ ഐക്യത്തിന്റെയും മററത്തിന്റെയും ശക്തിയായി വളരണം.

സോഷ്യലിസ്ററു പ്രസംഗങ്ങളും പ്രവൎത്തനങ്ങളും പലപ്പോഴും കമ്മ്യൂണിസ്ററ് താൽപ്പൎയ്യങ്ങൾക്കു സഹായകമായിട്ടാണു് തീരാറുള്ളതു്. അതിൻെറ കാരണം സോഷ്യലിസ്ററും കമ്മ്യൂസ്ററും പ്രസംഗങ്ങൾ തമ്മിൽ വേർതിരിക്കുക വിഷമമായതുകൊണ്ടാണു് രണ്ടു പാർട്ടികളുടെയും സാമ്പത്തിക പരിപാടികൾ ഒന്നാണെന്നുള്ള തെററായ ധാരണ മാററണം. എങ്കിൽ മാത്രമേ കമ്മ്യൂണിസത്തെ വെറുക്കത്തക്കവണ്ണം ജനശക്തി സംഘടിപ്പിക്കുവാൻ സോഷ്യലിസ്ററ് പാർട്ടിക്കു കഴിയൂ അല്ലെങ്കിൽ തങ്ങളുടെ പ്രവൎത്തനങ്ങളുടെ ഫലം കമ്മ്യൂണിസ്ററുകൾ അനുഭവിക്കുകയെന്ന നിർഭാഗ്യം സോഷ്യലിസ്ററുകൾ തുടർച്ചയായി അനുഭവിക്കേണ്ടിവരും. തങ്ങളുടെ പ്രസംഗങ്ങളിലൂടെ സോഷ്യലിസ്ററുകൾ വിദ്വേഷം ജനിപ്പിക്കുകയും അതു തങ്ങളുടെ പ്രവൎത്തനങ്ങളിലൂടെ പ്രകടിപ്പിക്കുവാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ കമ്മ്യൂണിസ്ററ് പാർട്ടിയുടെ ശക്തി വർദ്ധിക്കുകയെന്നതാണു് അതിൻെറ സ്വാഭാവിക ഫലം.

## കക്ഷികൾക്കതീതമായ ഐക്യം.

ദേശീയ ജീവിതത്തിലെ ചില ഐക്യങ്ങൾ കക്ഷികൾക്കതീതമാണു്. ദേശീയ പതാകയോടും ദേശീയ ഗാനത്തോടും സമ്പൂർണ്ണമായ ബഹുമാനം പ്രകടിപ്പിക്കണം. വസ്ത്രത്തിലും സ്വഭാവരീ

തികളിലും പഞ്ചാംഗം തുടങ്ങിയവയിലുമുള്ള ഐക്യം വളരണം. ഒരു വിദേശാക്രമണം ഉണ്ടാവുകയാണെങ്കിൽ രാജ്യത്തിനുവേണ്ടി അടരാടുവാൻ സാർവത്രികമായി മുഴുവൻ ജനതയും തയ്യാറാവണം. രാജ്യത്തിന്റെ അഭ്യന്തര രാഷ്ട്രീയത്തിൽനിന്നും അക്രമത്തിന്റെ എല്ലാ ലാഞ്ഛനകളും സമ്പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെടണം. പടിഞ്ഞാറൻ യൂറോപ്പിൽ ഉണ്ടായതുപോലെ അക്രമത്തെ വെറുക്കുന്ന ഒരു മനോഭാവം ഇൻഡ്യയിൽ വളരുകയാണെങ്കിൽ കമ്മ്യൂണിസ്റ്റുകാർ പോലും പരിതസ്ഥിതികളുടെ സമ്മർദ്ദം മൂലം ജനാധിപത്യ രീതികളവലംബിക്കുന്നതായിരിക്കും. ആദായകരമെന്നു മനസ്സിലാക്കും. സോഷ്യലിസ്റ്റ്പാർട്ടി അക്രമത്തോടുള്ള വെറുപ്പ് ഉദ്ദീപിപ്പിക്കണം. അതു് കേവലം തത്വസംഹിതകളെപ്പററിയുള്ള പ്രസംഗങ്ങൾകൊണ്ടല്ല നേരെമറിച്ചു അനീതിക്കെതിരായി അക്രമരഹിതമായ സമരത്തിന്റെ നിരന്തരമായ സംഘടിപ്പിക്കൽകൊണ്ടാണു് സാധിക്കേണ്ടതു്.

*

പൊതുതെരഞ്ഞെടുപ്പു താൽക്കാലികമായിട്ടു പൊതുജീവിതത്തിന്റെ ശിഥിലീകരണത്തിനിടയാക്കി. ഒട്ടുവളരെ പാർട്ടികളും ഗ്രൂപ്പുകളും രാഷ്ട്രീയ രംഗത്തു സ്ഥാനം പിടിച്ചിട്ടുണ്ടു്. കോൺഗ്രസ്സിനെതിരായി നിലനിൽപ്പിന്റെയും മാററത്തിന്റെയും ആയ ഒരേ ഒരു കക്ഷിയെന്ന നിലയിൽ

വളരുവാനുള്ള സോഷ്യലിസ്ററ് പാർട്ടിയുടെ കഴിവുകേട് ജനങ്ങളുടെയും സോഷ്യലിസ്ററുകളുടെയും മനസ്സിൽ ചില കുറുക്കുവഴികൾക്കു പ്രേരിപ്പിക്കുന്നു. ഈ തരം അവസരങ്ങളിൽ ബലിയാടുകളെ തേടുവാനും പരാജയത്തിൻെറ യഥാർത്ഥ കാരണങ്ങൾ പഠിക്കാതിരിക്കുവാനുമുള്ള വാസന സാധാരണയാണു് ഈ തരം പരീക്ഷകളെ സോഷ്യലിസ്ററുകൾ നിശ്ചയ ദാർഢ്യത്തോടുകൂടി അതിജീവിക്കണം പരസ്പരം ദ്വേഷ്യപ്പെടുന്നതുകൊണ്ടും കുററപ്പെടുത്തുന്നതുകൊണ്ടും കുററം പറയുന്നതുകൊണ്ടും പ്രയോജനമില്ല. നാം ഓരോരുത്തരും കുററക്കാരാണു്. നിയന്ത്രിതമായ അംഗത്വത്തിലേക്കു് മടങ്ങിപ്പോകുവാനുള്ള വാസനയെ എതിർക്കണം സംഘടന കൂടുതൽ വിപുലമാക്കുവാനും അതിൻെറ കുററങ്ങൾ ഇല്ലാതാക്കുവാനും ശ്രമിക്കണം. മറെറാരു കുറുക്കുവഴി ഐക്യമുന്നണികളാണു് ചുമതലയുടെ നിർവഹണത്തിൽനിന്നും രക്ഷപെടുവാൻ സാദ്ധ്യമല്ല. ഒററപ്പെട്ടുമെന്നുള്ളതിൽ ഭയപ്പെടുവാനും ഇല്ല ഐക്യമുന്നണികൾക്കും കൂട്ടുചേരലുകൾക്കും വേണ്ടിയുള്ള ഈ അഭിവാഞ്ഛ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാനും ഇന്നത്തെ കുറവുകൾ നികത്തുവാൻ കഠിനപ്രയത്നം ചെയ്യുവാനുമുള്ള മനസ്സുകേടാണു്. കുറുക്കുവഴികൾ അന്വേഷിക്കുകയും പുനർജ്ജീവിക്കുന്നതിനു പ്രയത്നങ്ങളിൽനിന്നു രക്ഷപെടുവാൻ ശ്രമിക്കുകയും

ആണെങ്കിൽ സോഷ്യലിസ്ററ്പാർട്ടി എന്നോക്കം ശപിക്കപ്പെട്ടും.

കോൺഗ്രസ്സുമായുള്ള കൂട്ടുചേരലും കമ്മ്യൂണിസ്റ്റ്മായുള്ള ഐക്യമുന്നണിയും സോഷ്യലിസ്ററുപാർട്ടിയെ തളത്തുമെന്നുള്ളതു ഇനിയും പറഞ്ഞിട്ടാവശ്യമില്ല. അതു പൊതുജീവിതത്തിൽ അസത്യത്തിലേക്കും രാഷട്രീയജീവിതത്തിൻെറ ശിഥിലീകരണത്തിലേക്കും നയിക്കും ഐക്യമുന്നണിപ്രചാരകന്മാരുടെ ന്യായം താൽക്കാലിക ബന്ധുക്കളുടെ യഥാൎത്ഥസ്വഭാവം തെളിയിച്ചു കൊടുക്കുന്നതിനു സഹായിക്കും എന്നതാണു്. തങ്ങളുടെതന്നെ ബന്ധുക്കളുടെ തൊലിയുരിച്ചുകാണിക്കുന്ന മനോഭാവം അടിസ്ഥാനപരമായും അസത്യമാണു്. കമ്മ്യൂണിസ്ററുകൾ താൽക്കാലികമായി ഇടതുപക്ഷ ഐക്യത്തിൻെറയും ദേശീയ ജനാധിപത്യ ഐക്യത്തിൻെറയും വിഭിന്നമായ രണ്ടു സ്വരമാണു് ഉരുവിടുന്നതു്. റഷ്യയിലും ചൈനയിലും അവർ സൃഷ്ടിച്ചിട്ടുള്ള രണ്ടു് ആരാധനാ കേന്ദ്രങ്ങളുടെ പശ്ചാത്തലത്തിൽ അവൎക്കു അതു് ചെയ്യുവാൻ കഴിയും ആ തരം ആരാധനാകേന്ദ്രങ്ങൾ ഇല്ലാത്തതും ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നില്ലാത്തതുമായ രാഷ്ട്രീയ കക്ഷികൾ ഈ തരം കബളിപ്പിക്കലുകൾ ഉപയോഗിക്കരുതു്. രാഷ്ട്രീയജീവിതത്തിൻെറ ശിഥിലീകരണം എന്ന വസ്തുതയെ സോഷ്യലിസ്ററുപാർട്ടി അഭിമുഖീകരിക്കുകയും രാജ്യത്തിൻെറ ഏകീകര

ണത്തിൻതകുന്ന സത്യസന്ധതയുള്ള ഒരു പരിപാടി തുടരുകയും വേണം. അതിൻെറ യഥാർത്ഥ ചുമതല അതിൻെറതന്നെ പുനർജ്ജീവിപ്പിക്കലും, അതിൻെറ നിർമ്മാണപ്രവർത്തനങ്ങളും സമരങ്ങളും വളർത്തുകയും ആണ്. അതോടൊപ്പം ഏകീകരണത്തിൻേറതായ ഒരു യഥാർത്ഥ രാഷ്ട്രീയ പരിപാടിയുടെ ചുമതല ഏറെറടുക്കുവാൻ മടിക്കയും അരുത്.

## സർവോദയവും സോഷ്യലിസവും

അടുത്തകാലത്തുണ്ടായിട്ടുള്ള ഒരു പ്രധാനപ്പെട്ട പ്രസ്ഥാനമാണ് സർവോദയം. അത് ഒരു രാഷ്ട്രീയപ്പാർട്ടിയല്ല, ആകുവാൻ ആഗ്രഹിക്കുന്നുമില്ല. എന്നിരുന്നാലും ഭൂമിയുടെ പുനർവിതരണത്തിൻെറ അടിസ്ഥാനത്തിൽ ഒട്ടുവളരെ ദേശീയ ശക്തിയെ അഴിച്ചുവിടുവാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ട്. സൽമനസ്സാലെയുള്ള ഭൂമിയുടെ പുനർവിതരണം ആദ്യമായി സോഷ്യലിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ ലക്നോവിൽവച്ച് സോഷ്യലിസ്റ്റ് മുഹമ്മദുസുഫാർ ആണ് നടത്തിയതെന്നു അനുസ്മരിക്കണം. ഭൂമിയുടെ പുനർവിതരണത്തിനു ആവേശവും തുടർച്ചയും നൽകുവാൻ സർവോദയത്തിനു കഴിഞ്ഞിട്ടുണ്ട്. ഒട്ടുവളരെ പാവപ്പെട്ട കർഷകർ അവരെക്കാൾ പാവപ്പെട്ടവരും ഭൂമി ഇല്ലാത്തവരും ആയി ഭൂമിപങ്കുവയ്ക്കുന്നതിനു മുൻപോട്ടു വന്നി

ട്ടുണ്ട്. ഉള്ളതു പങ്കുവയ്ക്കുന്നതിനും നല്ല അയൽക്കാരനാകുന്നതിനും ഉള്ള ആഗ്രഹം ഇന്ത്യൻ ജനതക്കും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനും ഒട്ടുവരെ പ്രയോജനകരമാണു്. എന്നാൽ ആതരം പ്രസ്ഥാനങ്ങളുടെ പരിമിതികൾ മറന്നുപോകരുതു്. ഹൃദയത്തിൻെറ മാററവും നിയമങ്ങൾമൂലമോ സമാധാനപരമായ സമരങ്ങൾമൂലമോ ഉള്ള മാററവും ഒരു നാണയത്തിൻെറ രണ്ടു വശങ്ങൾപോലെ തുല്യ പ്രധാനങ്ങളാണു്. ഈ രണ്ടു രീതികളും തമ്മിൽ സന്ധിക്കേണ്ട ഒരിടമുണ്ടു്. അല്ലെങ്കിൽ ശൂന്യത ആയിരിക്കും അനന്തരഫലം. വിദ്വേഷത്തിൻേറതായ പല വിപ്ലവങ്ങളും ലോകത്തിലുണ്ടായിട്ടുണ്ടു്. എന്നാൽ അവ ഒരു സ്വേച്ഛാധിപത്യത്തിനുപകരം മററൊന്നിനെ പ്രതിഷ്ഠിക്കുകയാണു് ചെയ്തതു്. സ്നേഹത്തിൻേറതായ പല വിപ്ലവങ്ങൾക്കും വേണ്ടി ലോകം കാത്തിരുന്നിട്ടുണ്ടു്. എന്നാൽ ഇവ നിറവേറിയിട്ടില്ല. കമ്മ്യൂണിസം വിദ്വേഷത്തിൻേറതായ ഒരു സിദ്ധാന്തമാണെങ്കിൽ സർവോദയം ഇന്നുവരെയും സ്നേഹത്തിൻെറ അപൂർണ്ണമായ ഒരു സിദ്ധാന്തം മാത്രമാണു്. എന്നാൽ സ്നേഹവും വിദ്വേഷവും, എല്ലാവരോടും ഉള്ള സ്നേഹവും അനീതിക്കെതിരായുള്ള വിദ്വേഷവും, ഒരു വിപ്ലവത്തിലൂ

ടെ ഒരുമിച്ചു പ്രകടിതമാകുമ്പോൾ മാത്രമേ മനുഷ്യസമുദായത്തിനു അതിൻെറ മുന്നേററത്തിലെ അടുത്തപടിയിലേക്കു കടക്കുവാൻ കഴിയൂ.

## നശിക്കുവാൻ കഴിവില്ലാത്ത വിശ്വാസം

സോഷ്യലിസ്റ്റ് പാർട്ടിക്കു താൽക്കാലികമായ ഒരു പരാജയം നേരിട്ടു. എന്നാൽ കൃത്രിമമാർഗ്ഗങ്ങളിൽക്കൂടി ശക്തി ആർജ്ജിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ അതു നങ്കൂരമില്ലാത്ത മററു അനേകം പാർട്ടികളിൽ ഒന്നു മാത്രമായിത്തീരും. പരാജയം അനുഭവിക്കുമ്പോഴാണ് ഒരു പാർട്ടിയുടെ പരീക്ഷണത്തിൻെറ കാലഘട്ടം. അതിനു സോഷ്യലിസ്റ്റ് പാർട്ടിക്കു കഴിവുണ്ടോ. കഴിവുണ്ടെങ്കിൽ നമ്മുടെ സമയത്തിനുവേണ്ടി കാത്തിരിക്കുകയും ഒരുങ്ങുകയും അടിസ്ഥാനപരമായ സിദ്ധാന്തം ഉറപ്പിക്കുകയും മനസ്സിനെ പരിശീലിപ്പിക്കുകയും വേണം. ആവശ്യമുള്ളിടത്തെല്ലാം സമരം ചെയ്യുകയും കഴിവുള്ളിടത്തെല്ലാം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും വേണം. മനുഷ്യൻെറ ഇന്നത്തെ നാഗരികത തകർന്നുകൊണ്ടിരിക്കുകയാണ്. അവനെ ഒരു പുതിയ യുഗത്തിലേക്കു നയിക്കുവാൻ സോഷ്യലിത്തിനല്ലാതെ മറെറാന്നിനും കഴിവില്ല. വിജയം ഒന്നുകിൽ കിരാ

തത്വത്തിന്ന അല്ലെങ്കിൽ സോഷ്യലിസത്തിന്ന, അതിന്നമദ്ധ്യേ ഒരു മാൎഗ്ഗവും ഇല്ല സോഷ്യലിസത്തിന്ന ഇനിയും പല പരാജയങ്ങളും നേരിടേണ്ടിവന്നേക്കാം ഒരു പുതിയ നാഗരികതയെ സൃഷ്ടിക്കുവാൻ ആഗ്രഹിക്കുന്നവർ പരാജയപ്പെട്ടുവാനും സമരം ചെയ്യുവാനും വീണ്ടും പരാജയപ്പെട്ടുവാനും വീണ്ടും സമരം ചെയ്യുവാനും തയ്യാറാകണം. ഈ യുഗത്തിലെ ഭീകരന്മാരായ രണ്ടു രാക്ഷസന്മാരോടുള്ള അഴുക്കു പററാത്തുള്ള അതിൻെറ സമരത്തിൽ സോഷ്യലിസ്റ്റ് പാർട്ടി പലവുരുനശിച്ചേക്കാം സോഷ്യലിസ്റ്റ് പാർട്ടി വീണ്ടും എഴുന്നേൽക്കും! മനുഷ്യൻ ജീവിക്കും എന്നുള്ളതുകൊണ്ടുതന്നെ. <u>വിജയം സോഷ്യലിസത്തിൻേറതായിരിക്കും.</u>

# II.

## ഒരു പുതിയ സമന്വയം.

പാച്ചുമാഹിയിലെ പ്രസംഗത്തിൽ ഇന്നത്തെ ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന വൈരുദ്ധ്യങ്ങളെപ്പററി ആത്മികം, ഭൗതികം, വർത്തമാനം ഭാവി, മതപരം, മതപരമല്ലാത്തതു്, വ്യക്തി, സമൂഹം, ഭക്ഷണം, സംസ്കാരം എന്നിവയിലെ വൈരുദ്ധ്യങ്ങളെപ്പററി പ്രതിപാദിച്ചിരുന്നില്ല അതു് ഈ വൈരുദ്ധ്യങ്ങളെ അഭിമുഖീകരിക്കുകയും അതിനെ വിജയിച്ചുകൊണ്ടുള്ള ഒരു പ്രവർത്തന ഏകീകരണത്തിൽ എത്തിച്ചേരുകയും ചെയ്യുന്ന മനസ്സിൻെറ നിലപാടിനെ വിശദമാക്കുകയും ചെയ്തു. ഒരു രാഷ്ട്രീയ സിദ്ധാന്തത്തിനു ഇതിൽ കൂടുതലിൻെറ ആവശ്യമില്ല, അതിൽ കൂടുതൽ ശ്രമിക്കേണ്ട കാര്യവുമില്ല. എന്നാൽ നിർഭാഗ്യവശാൽ പൂർവകാല സോഷ്യലിസം ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ സിദ്ധാന്തങ്ങളും ഖണ്ഡിതവും അയവില്ലാത്തതുമായ തത്വസംഹിതകളുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ചിന്തയിലും പ്രവർത്തനത്തിലും വിനാശകരങ്ങളായ അനുഭവങ്ങളാണു് അതിൻെറ അനന്തരഫലങ്ങൾ. ഇവയിലൂടെ ഒരു പ്രവർത്തന ഐക്യത്തിനുവേണ്ടി ശ്രമിക്കുന്നതു ഒരു പുതിയ തത്വസംഹിതയെ ആവിഷ്കരിക്കുവാനല്ല, എന്നാൽ ഒരു മതമായി മാററാ

തിരിക്കുന്നതിനുവേണ്ടിയാണ്. ഒരു രാഷ്ട്രീയ സിദ്ധാന്തത്തിനും സംഘടനയ്ക്കും വിവിധങ്ങളായ തത്വങ്ങളെ ഉൾക്കൊള്ളുന്നതിനുള്ള കഴിവുണ്ടായിരിക്കണം. ഇതു സാദ്ധ്യമാകണമെങ്കിൽ ഒരു മതമായി അതു മാറാതിരിക്കണം

## ഭൗതികവും ആത്മീയവും; ഭാവിയും വത്തമാനവും.

ആത്മികവാദികളുടെ മദ്ധ്യത്തിൽ ഭൗതികവാദിയാകുവാനും ഭൗതികവാദികളുടെ മദ്ധ്യത്തിൽ ആത്മീയവാദിയാകുവാനും മിക്കവാറും എല്ലാവരും ആഗ്രഹിക്കുന്ന മനുഷ്യമനസ്സു എത്തിച്ചേന്നിരിക്കുന്ന വിനാശകരമായ അധഃപതനമാണ് ഇതു്. ഇന്നുള്ള എല്ലാ തത്വസംഹിതകളും ചില പ്രത്യേക വശങ്ങൾ മാത്രം പ്രതിപാദിക്കുന്നതിന്റെയും ജീവിത യാഥാർത്ഥ്യങ്ങളെ അടച്ചുപ്പെട്ടിരിക്കുന്ന ധാരണകളുടെ തട്ടുപലകകളിൽ അണിനിരത്തുന്നതിനുള്ള ശ്രമത്തിന്റെയും ഫലമാണ് ഇതു്.

ആത്മികം പല വേഷങ്ങളിലും പ്രത്യക്ഷപ്പെടാറുണ്ടു്. അതിന്റെ ഏററം ബീഭത്സമായ രൂപം ആദായകരമായ അതിശയങ്ങളും മരിച്ചുപോയവരെയുള്ള ഉപാസിക്കലുമാണ്. മറെറാരു വേഷമാണ് നിർദ്ദയവും നിഷ്ഠൂരവും സ്വാർത്ഥപൂർണ്ണവുമായ അരമണിക്കൂർനേരത്തെ ഭക്തി. ആത്മീയതത്വത്തിന്റെ മൂന്നാമത്തെ വേഷമാണ് ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതി നിലനിറുത്തുന്നതിനുവേണ്ടി,

ഇന്നത്തെ ഉടമസമ്പ്രദായം; ധനവാനും ദരിദ്രനുമായുള്ള അന്തരം, ദേശീയവും അന്തർദേശീയവുമായ ജാതിസമ്പ്രദായം; പുരുഷനുമായുള്ള സ്ത്രീയുടെ അധഃസ്ഥിതത്വം; വലിയവരും താണവരും—ഇവ നിലനിറുത്തുന്നതിനുവേണ്ടിയുള്ള നീതീകരണവും അതിനുവേണ്ടിയുള്ള വാദവും. ആത്മീയത്വം ശ്രേഷ്ഠമെങ്കിലും നിഷ്ഫലങ്ങളായ മററുരണ്ടു രൂപങ്ങളിലൂടെയും പ്രത്യക്ഷപ്പെടാറുണ്ട്. ഉപനിഷത്തുകളിലെയും ബൈബിളിലേയും സന്ദേശങ്ങളിലൂടെ; ലാ ആനോസിൻെറയും സോക്രട്ടിസിൻെറയും, ഇറാസ്മാസിൻെറയും ജഫേർസിൻെറയും സന്ദേശങ്ങളിലൂടെ, പ്രത്യക്ഷപ്പെടാറുണ്ട്. ഈ സന്ദേശങ്ങൾ ഭേദഗതികളെന്നതിലപ്പുറമായി അടിസ്ഥാനപരമായ സിദ്ധാന്തങ്ങളായി പ്രത്യക്ഷപ്പെട്ടിട്ടില്ല ജീവിതത്തിൻെറ പ്രധാന ഒഴുക്കിൻെറ ഗതിയെ മാററുവാൻ അവക്കു കഴിഞ്ഞിട്ടില്ല. ജീവിതത്തിൻെറ ഒഴുക്കിൻെറ പ്രധാന ഉറവിടം മററു ചിലയിടംതന്നെ. ആത്മീയത്വത്തിൻെറ അഞ്ചാമത്തെ രൂപം മനസ്സിനെയും ആത്മാവിനെയും അവയുടെ പ്രവർത്തനങ്ങളെയും പററിയുള്ള അന്വേഷണങ്ങളും സഹാനുഭൂതിയുടെയും ധ്യാനത്തിൻേറതുമായ ശിക്ഷണവുമാണ്. അതു് അവനു പ്രപഞ്ചവും അതിലുള്ള എല്ലാ വസ്തുക്കളുമായി താദാത്മ്യം പ്രാപിക്കുവാൻ സഹായിക്കുന്നു. ഈത്തരം ശിക്ഷണങ്ങൾ കാലത്താലും യുഗങ്ങളാലും പരിമിതമല്ല എന്നു കരുതപ്പെടുന്നു. അതിനു സമൂഹത്തിൻെറ ഏതെ

ങ്കിലും പ്രത്യേക രൂപവും ആയി ഒരു ബന്ധവും ഇല്ല. ആത്മീയത്വത്തിൻെറ അഞ്ചു രൂപങ്ങളിൽ ആദ്യത്തേതു മൂന്നും തികച്ചും അതൃപ്തികരം ആ ണെങ്കിൽ ഒടുവിലത്തേതു രണ്ടും അവ കുറേക്കൂടി ഫലവത്താക്കുവാൻ കഴിയാത്തതിൽനിന്നുള്ള സങ്കട വും അകാംക്ഷയും ജനിപ്പിക്കുന്നു. ഭൗതികവാദി കൾതന്നെ ഭൗതികവാദത്തിൻെറ ഒരു രൂപം ഒഴി ച്ചുമററുള്ളതെല്ലാം തിരസ്ക്കരിച്ചിരിക്കുകയാണ്. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം ലോകത്തെയും യാഥാർത്ഥ്യത്തെയും വിശദീകരിക്കുവാൻ ശ്രമിക്കുന്നു. അതു് പദാർത്ഥം മനസ്സാക്ഷിയെ നിർണ്ണയിക്കുന്നു എന്നുള്ള സിദ്ധാന്തത്തിലൂടെ ലോകത്തെയും യാഥാ ർത്ഥ്യത്തെയും വ്യാഖ്യാനിക്കുവാൻ മാത്രമല്ല മാററു വാൻകൂടി ശ്രമിക്കുന്നു. മതം, കവിത, നീതിന്യാ യം, സാമ്പത്തികശാസ്ത്രം തുടങ്ങി എല്ലാത്തിലും ഉള്ള മാനസ്സിക പ്രേരണ അന്നന്നു നിലവിലിരിക്കു ന്ന ഉൽപ്പാദന സമ്പ്രദായത്തിൻെറ അസ്ഥി വാരത്തിൽ കെട്ടി ഉയർത്തിയിരിക്കുന്ന ആദർശസൗ ധങ്ങൾ മാത്രമാണെന്നു ഈ സിദ്ധാന്തം അനുശാസി ക്കുന്നു. അതുകൊണ്ടു ശാശ്വതങ്ങളായ മൂല്യങ്ങ ളും ആത്മീയമായ യാതൊന്നും തന്നെ ഇല്ല എന്നു ഈ സിദ്ധാന്തം കരുതുന്നു. മനസ്സാണോ പദാർത്ഥ മാണോ ആദ്യമായിട്ടുണ്ടായതെന്നുള്ള ചോദ്യത്തി ൻെറ ഉത്തരം ഇന്നും അവയിൽ ഏതാണു പ്രധാന മെന്നുള്ള ചോദ്യത്തിനു മറുപടി ആവുകയില്ല. മനസ്സ് പദാർത്ഥത്തിൻെറ ഒരു സൃഷ്ടിയാണെന്നു

ഏതെന്നെങ്കിലും തെളിയിച്ചുകഴിഞ്ഞാൽപ്പോലും, ഇ ന്നുവരെ അതു് ഉണ്ടായിട്ടില്ല, ഏതാണു് ആദ്യമാ യിട്ടുണ്ടായതെന്നുള്ള പ്രശ്നത്തിനുമാത്രമേ അതു ഉത്തരമാകൂ എന്നാൽ ഏതാണു് പ്രധാനമെന്നു ള്ളതു്, അല്ലെങ്കിൽ തുല്യമാണോ എന്നുള്ള പ്രശ്നം പിന്നെയും അവശേഷിക്കും. മനസ്സും പദാർത്ഥവും ഒരുപോലെതന്നെ പരമാധികാരമു ള്ളവയാണെന്നും; അവ രണ്ടിനെയും ഉൾക്കൊള്ളു ന്ന ഒരു തത്വത്തിനു അതിൻെറ ഉത്ഭവത്തെ ചൂ ണ്ടിക്കാണിക്കാമെന്നും അവയെ അനുക്രമമായി പ്രകടിപ്പിക്കാമെന്നുള്ളതും ഇന്ത്യൻ തത്വചിന്ത യിൽ. പലയിടത്തും പ്രസ്താവിക്കപ്പെട്ടിട്ടുള്ളവ യാണു്.

പദാർത്ഥവും മനസാക്ഷിയുമായുള്ള ബന്ധം, ഉൽപ്പാദനരീതിയും മാനസ്സികബോധത്തിൻെറ പ്രകാശനവുമായുള്ള ബന്ധം വിശദാംശങ്ങളിലേക്കു കടന്നുചെന്നിട്ടോ ആകെക്കൂടിയോ ഇന്നുവരെ ആരും പഠിച്ചിട്ടില്ല ഒരു വസ്തുവിനും, ലോകത്തിനു ഒട്ടാകെ ഒന്നായിരിക്കുന്ന ഒരു് വസ്തുവിനു, പരസ്പരം മനസ്സിലാക്കുവാൻ പാടില്ലാത്ത നിരവധി പേരുക ൾ എന്തുകൊണ്ടാണുണ്ടായതു് എന്നുള്ളതും പ്രസ ക്തമായ ഒരു ചോദ്യമാണു്. കോടാലിയും വിറകു വെട്ടുകാരനും ലോകം ഒട്ടാകെ ഒന്നുതന്നെയാണു് എന്നാൽ നൂറു ഭാഷകളിലായി നൂറുപേരുകളാ ണു് അവയ്ക്കുള്ളതു്. ഈ ചോദ്യത്തിനു അതി ൻെറ ഉത്തരത്തിനുവേണ്ടിയുള്ള അന്വേഷണത്തി

നപ്പുറം തത്വചിന്താപരമായ പ്രാധാന്യം ഇല്ലായിരിക്കാം. മാനസികബോധത്തിൻെറ പ്രകാശനത്തിനു അതിൻേറതായ ഒരു രീതിയും പ്രാധാന്യവും നീണ്ടുനിൽക്കുന്ന സ്വഭാവവും ഉണ്ടായിരിക്കും. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദികളിൽ തന്നെ ഒരു വിഭാഗം തത്വചിന്തയിലെയും സാഹിത്യത്തിലെയും രീതികൾക്കും പാരമ്പര്യങ്ങൾക്കും സ്വതന്ത്രമായ സ്ഥാനം നൽകുകയും സാമൂഹ്യപരിവത്തനത്തിനുള്ള അവയുടെ കഴിവു മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടു്.

<u>ഉള്ളതും ഉണ്ടാകുന്നതും</u>

മനുഷ്യൻ ചരിത്രം സൃഷ്ടിക്കുന്നു എന്നും എന്നാൽ അവൻ ജനിച്ച ചുററുപാടുകളിനുള്ളിൽ നിന്നുകൊണ്ടു മാത്രമാണു് അങ്ങനെ ചെയ്യുന്നതെന്നും മാർക്സ് പറഞ്ഞു. ഇതു് ഒരു ശരിയായ പ്രസ്താവനയാണു്. എന്നാൽ മററെല്ലാ മഹത്വചനങ്ങളെപ്പോലെയും ഇതിൻെറയും അർത്ഥം അനേകന്നു മാറിപ്പോകുന്നതും അവ്യക്തവും ആണു്. ഓരോരുത്തരും അവരവർക്കു ഇഷ്ടപ്പെട്ട അർത്ഥം ഇതിനു നൽകുന്നു. മാനുഷികമായ ഏതൊരു സ്ഥിതിഗതിയിലും വിവിധ അർത്ഥങ്ങൾ സ്വീകരിക്കുവാൻ ഇതു ഇട നൽകുന്നു. എന്നാൽ അർത്ഥങ്ങളുടെ വൈവിദ്ധ്യം ചുററുപാടുകളാൽ നിയന്ത്രിതമാണു്. വാസ്തവത്തിൽ തെരഞ്ഞെടുക്കുവാനുള്ള വൈവിദ്ധ്യം ഉണ്ടോ ഇല്ലയോ

എന്നുള്ളതും മറെറാരു തരത്തിലുള്ള അർത്ഥം സ്വീകരിച്ചിരുന്നുവെങ്കിൽ അതു സംഭവത്തെയും സ്വഭാവത്തെയും മാററുമോ എന്നുള്ളതും ഭാവനയ്ക്കു വിട്ടുകൊടുത്തിരിക്കുകയാണു്. വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദത്തെപ്പററിയുള്ള യാഥാസ്ഥിതിക വ്യാഖ്യാനം തെരഞ്ഞെടുക്കുവാനുള്ള വൈവിദ്ധ്യം അയഥാൎത്ഥമാണെന്നും ഉൽപ്പാദനരീതി വളർച്ചയുടെ ഒരു ഉരുക്കുനിയമം സൃഷ്ടിക്കുന്നുവെന്നും ഒരു മാൎഗ്ഗം മാത്രമേ ശരിയായിരിക്കുകയുള്ളൂവെന്നും മറെറതൊരു മാൎഗ്ഗവും തെററാണെന്നും ആണു്. തെററുവാനുള്ള കാരണംപോലും ഉൽപ്പാദനത്തിൻെറ രീതിയാണു്; ഉടമകളെ നിമ്മാർജ്ജനം ചെയ്യുവാൻ സമയമാകാത്തതുകൊണ്ടാണുപോലും. എല്ലാ വളർച്ചയും ഉൽപ്പാദനത്തിൻെറ രീതിയുടെ ഫലമായിട്ടുണ്ടാകുന്നതു മാത്രമാണു്. മനുഷ്യബുദ്ധിക്കു യാതൊരു പങ്കുമില്ല; പ്രസക്തിയുമില്ല അങ്ങേയററം ചിലപ്പോൾ വേഗതകൂട്ടുവാനോ കുറക്കുവാനോ കഴിയുമായിരിക്കും. അതുപോലും ഉൽപ്പാദനത്തിൻെറ യാഥാർത്ഥ്യത്തെ ആശ്രയിച്ചിരിക്കുന്ന മിഥ്യയാണു്. തെരഞ്ഞെടുക്കുവാനുള്ള വൈവിധ്യം ഒരു കൈകൊണ്ടു നൽകുകയും മററതുകൊണ്ടു നിഷേധിക്കുകയുമാണു്. ഉൽപ്പാദനത്തിൻെറ രീതിയെ അടിസ്ഥാനമാക്കിയുള്ള വളർച്ചയുടെ ഉരുക്കുനിയമം ശരിയായിരുന്നുവെങ്കിൽ ഇതു സാരമില്ലായിരുന്നു. ചരിത്രം എങ്ങനെയാണു ചരിത്രത്തെ സൃഷ്ടിച്ചതു്.

എന്നുള്ളതെങ്കിലും അറിഞ്ഞിരുന്നുവെങ്കിൽ മനുഷ്യൻ ചരിത്രത്തെ സൃഷ്ടിക്കുകയോ സൃഷ്ടിക്കാതിരിക്കുകയോ ചെയ്യു എന്നതു കാര്യമാക്കേണ്ടതില്ലായിരുന്നു കേന്ദ്രീകൃതമായ മൂലധനവും സാമൂഹ്യവൽക്കരിക്കപ്പെട്ട പ്രയത്നശക്തിയും വളന്നു പരിപക്വമായിട്ടുള്ളിടത്തല്ല ചരിത്രം സൃഷ്ടിക്കപ്പെടുന്നതു്. അവിടെ പിടിച്ചെടുത്തവരിൽനിന്നും വീണ്ടും തിരിച്ചെടുക്കപ്പെടുന്നുമില്ല. രണ്ടു പ്രത്യേക ഘടകങ്ങളുടെ, സാമ്പത്തികമാററങ്ങളുടെയും മാനസിക ബോധത്തിൻെറ പ്രകാശനത്തിൻെറയും, ഒരു സമാസമായിട്ടു ചരിത്രത്തെ കരുതിയിരുന്നുവെങ്കിൽ ഒരു പക്ഷേ സാമ്പത്തികവളർച്ചയുടെ നിയമങ്ങൾ കുറേക്കൂടെ നല്ലതുപോലെ മനസ്സിലാക്കപ്പെടുമായിരുന്നു.

സ്വാതന്ത്ര്യമനസ്സിൻെറയും മാനസികവിധേയത്വത്തിൻെറയും ചിന്താഗതികളിൽ ഏതെങ്കിലും ഒന്നു തെരഞ്ഞെടുക്കേണ്ട ആവശ്യമില്ല. ഒരു പക്ഷേ ലോകഗതി മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കാം. എന്നാൽ നമുക്കു അറിയേണ്ടതു് ഈ മുൻകൂട്ടിയുള്ള നിശ്ചയത്തിൻെറ രഹസ്യങ്ങൾ വിശദമാക്കുന്നതിനു മനുഷ്യനു കഴിവുണ്ടോ എന്നുള്ളതാണു്. വിജ്ഞാനത്തിൻെറ മണ്ഡപത്തിലേക്കുള്ള ഏതൊരു മുന്നേററവും അറിവില്ലായ്മയുടെ മണ്ഡലത്തിലേക്കു ഇറങ്ങിച്ചെല്ലുകയുംകൂടിയാണു്. ഇതിൻെറ അർത്ഥം വിജ്ഞാനത്തിലുള്ള വർദ്ധനവു മാനുഷികസ്ഥിതിഗതികളിൽ മാററംവരുത്തുന്നില്ല എന്നല്ല.

എന്നാൽ ജ്ഞാനത്തിൻെറ വർദ്ധനവിലൂടെ വിജ്ഞാനത്തിൻെറ പരിപൂർണ്ണതയിലെത്തിച്ചേരാം എന്നതിനെ നിഷേധിക്കുകയാണ്. മനുഷ്യൻ മററു പരിഹാരമാർഗ്ഗങ്ങൾ അന്വേഷിക്കേണ്ടിയിരിക്കുന്നു മനുഷ്യൻ അവൻെറ എല്ലാ ആശകളും ഒരിക്കലും എത്തിച്ചേരുവാൻ നിർവാഹമില്ലാത്ത സമ്പൂർണ്ണ ജ്ഞാനത്തിൻെറ പിറവിയെടുക്കുവാനുള്ള സുവർണ്ണ കാലത്തിൽ നിക്ഷേപിക്കേണ്ടതില്ല അപൂർണ്ണമായ 'ഇന്നേയി'ൽത്തന്നെ സമാധാനത്തിൻേറതും മാനസിക ശാന്തിയുടേതുമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. 'ഉള്ളതു്' എല്ലാം 'ഉണ്ടാകുന്ന' വയിൽ ഉൾപ്പെടുത്തണ്ടതുതന്നെ എന്നാൽ 'ഉണ്ടാകുന്നവ'യിൽ 'ഉള്ളതിൻെറ' ഒരു മാതൃക അലിഞ്ഞുചേർന്നിട്ടുണ്ടു് ഓരോ നിമിഷവും വലിയ വേലിയേററമാകുന്ന ശൃംഖലയിലെ ഒരു കണ്ണിയാണ്. അതോടൊപ്പം അതിൽത്തന്നെ ശാശ്വതവുമാണ്. ഇന്നത്തെ മനുഷ്യൻ നേട്ടങ്ങൾക്കു ഒട്ടുവളരെ പ്രാധാന്യം കൽപ്പിക്കുന്നു. അതോടൊപ്പം ഉള്ളവയെ പരിഗണിക്കുന്നുമില്ല നിമിഷത്തിൻെറ ദ്വിവിധ സ്വഭാവങ്ങളെ പരിഗണിക്കാതെ, ഭൗതികവും ആത്മീയവുമായ വൈരുദ്ധ്യങ്ങളെ അതുസത്തിക്കാണിക്കുകയാണ്. അതു് ഒരിക്കലും ചെയ്തുകൂടാത്തതായിരുന്നു. മാനുഷികമനസ്സിൻെറ വൻപിച്ച അധഃപതനത്തിലും വഞ്ചനാത്മകമായ സ്വാർത്ഥതയിലും നിഷ്ഠൂരമായ മൃഗീയതയിലും അതു് എത്തിച്ചേർന്നിരിക്കുന്നു.

## നിമിഷം ഒരു വേലിയേററവും നിത്യതയും.

നിമിഷം ഒരു വേലിയേററം എന്നനിലയിൽ അതു ഭൗതികമാണു്; നിത്യതയെന്നനിലയിൽ ആത്മികമാണു്. വളൎന്നുകൊണ്ടിരിക്കുന്ന വിജ്ഞാനവും വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിൻെറ സമീപനവും അതിൻെറ നൈമിഷികസ്വഭാവത്തെ വെളിപ്പെടുത്തുമായിരിക്കാം. ധ്യാനവും ചിന്തയും ആത്മീയതത്വത്തിൻേറതായ രീതി അതിൻെറ നിത്യത വെളിപ്പെടുത്താം. ഈ രണ്ടുരീതികളും പരസ്പരം വിജ്ഞാനം പകരണം: വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം അതിൽത്തന്നെ വൈരുദ്ധ്യാധിഷ്ഠിത ശൂന്യവാദമായി മാറാം. മറിച്ചും ആകാം. കല്പനീയമായ ഒരു നിത്യതാനിയമം ആവിഷ്ക്കരിക്കുന്നതോ, ഭൗതിമായ വേലിയേററത്തിൻെറ നിയമത്തിൻേറതോ ആയ തത്വസംഹിതകൾ, ഒരു മനുഷ്യനെ അവ രണ്ടിൻെറയും കരു മാത്രമാക്കിത്തീൎക്കുന്ന തത്വസംഹിതകൾ, അജ്ഞാനത്തിലേക്കും പരുപരുപ്പിലേക്കും നയിക്കുന്നു. വൎത്തമാനം ഭാവിക്കുവേണ്ടി, ബലിയൎപ്പിക്കപ്പെടുന്നു. നിശ്ചയമായിട്ടും ഭാവിക്കു അതിൻെറ അവകാശങ്ങളുണ്ടു്; അവ സംതൃപ്തമാക്കപ്പെടുകയും വേണം. വൎത്തമാനം അതിൽത്തന്നെ ഉല്ലാസാനുഭോഗവാദത്തിലേക്കു നയിക്കുന്നു. ആഹ്ലാദത്തിനും ഉല്ലാസത്തിനുംവേണ്ടി മാത്രമുള്ള വെമ്പൽ സന്തോഷകരമായ ഒന്നല്ല. എന്നാൽ ഭാവിയും അജ്ഞതയാൽ ആപത്്നിബി

ഢമാണ്. അതു വിജ്ഞാനത്തിന്റെ മരീചിക പോലെ പ്രത്യക്ഷപ്പെടുന്നു. അതിന്റെ ഫലം സത്യമായേക്കാം എന്നു തോന്നാവുന്ന ഒന്നിനുവേണ്ടിയുള്ള നിഷ്ഠുരതയാണ്. മനുഷ്യൻ ഭാവിക്കുവേണ്ടി ജീവിക്കണം. എന്നാൽ അവൻ വർത്തമാനത്തിൽതന്നെ ജീവിക്കണം.

നിമിഷത്തിന്റെ ഈ ദ്വിവിധ സ്വഭാവം ഭൗതികവും ആത്മീകവും ആയുള്ള ബന്ധത്തെ നിജപ്പെടുത്തുന്നു. ഭാവിയെന്നനിലയിലുള്ള നിമിഷം വൈരുദ്ധ്യാധിഷ്ഠിത ഭൗതികലോകത്തിന്റേതാണ്. ആത്മികമെന്ന നിലയിലുള്ള നിമിഷം വർത്തമാനത്തിന്റേതാണ്. ആത്മീകത്താൽ പ്രകാശിതമാകുന്ന വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദം ചരിത്രത്തിന്റെ ചലനങ്ങളെ വെളിപ്പെടുത്തും. വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദത്താൽ പ്രകാശിതമാകുന്ന ആത്മീകത്വം 'ഉള്ളവരുടെ' സൗധത്തെ ഉയർത്തും. മാനുഷികമായ അവസ്ഥാന്തരങ്ങളിലെല്ലാം തെരഞ്ഞെടുക്കുവാനുള്ള അർഥങ്ങൾ പലതാണ്. ഉൽപ്പാദനത്തിന്റെ സ്വഭാവത്തിൽ അടിസ്ഥിതമായ വളർച്ചയുടെ മാർഗ്ഗങ്ങളെപ്പററിയുള്ള ജ്ഞാനം ആത്മികത്വത്തിന്റെ ഉചിതങ്ങളായ രണ്ടു പ്രകാശനരീതികളുമായി ഇണങ്ങിച്ചേരുകയാണെങ്കിൽ തെററുപററുവാനുള്ള സാദ്ധ്യതകൾ കുറയും. അഥവാ തെററു പററുകയാണെങ്കിൽതന്നെ കുഴപ്പങ്ങൾക്കുള്ള കഴിവു കുറയും. ഈ ഭൂമിയിലുള്ള മനു

ഷ്യൻെറ ജീവിതയാത്ര നല്ലതും സന്തോഷപ്രവൃദമാക്കുന്നതിനു ഇന്നുള്ള ഏററവുംനല്ല മാർഗ്ഗം ഇതാണു് എന്നു കരുതേണ്ടിയിരിക്കുന്നു. ഗാന്ധിജി ഒരു 'ഭേദഗതി' മാത്രമാകാവുന്ന സ്ഥിതിഗതികളാണു് ഇന്നു ഇന്ത്യ അഭിമുഖീകരിച്ചിരിക്കുന്നതു് സാമ്പത്തിക വളർച്ചയുടെ പ്രവണതകളാൽ നിയന്ത്രിതമായിട്ടു്, ജീവിതത്തിൻെറ പ്രധാന അരുവി ഗാന്ധിജിയാൽ സ്വാധീനം ചെയ്യപ്പെടാതെ ഒഴുകിയേക്കാം. മുതലാളിത്ത ഉടമസമ്പ്രദായബന്ധങ്ങൾ അവസാനിപ്പിക്കുകയും അനുയോജ്യമായ സാമ്പത്തികമാതൃകകൾ, പുരോഗതിയുടെ ഉരകല്ലിൽ മാററുരച്ചുനോക്കി അംഗീകരിക്കപ്പെടുന്നതും അതോടൊപ്പം ഗാന്ധിജിയുടെ സന്ദേശത്തെ വഹിക്കുന്നതുമായ പുതിയ മാതൃകകൾ കണ്ടുപിടിക്കുകയും ചെയ്യുന്നില്ലെങ്കിൽ മൂല്യവും, ശ്രേഷ്ഠവുമായ ആ സിദ്ധാന്തം 'ജീവിതത്തിൻെറയും 'ഉള്ളതിൻെറയു'മായ സിദ്ധാന്തം, വളക്കൂറുള്ള ഈ മണ്ണിൽത്തന്നെ നടുവാൻ കഴിയുമോ?

മതപരവും മതപരമല്ലാത്തതും.

ഒരു പഴയകാല സോഷ്യലിസം മതത്തെ മനുഷ്യൻെറ 'കറപ്പു്' ആയി നിന്ദിച്ചിരുന്നപ്പോൾ ഇന്നത്തെ മനോഭാവം മതപരമായ കാര്യങ്ങളിൽ ഉദാസീനതയും മതേതരത്തിലുള്ള വിശ്വാസവുമാണു്. ഇതു പൂർണ്ണമായ ഒന്നല്ല. മതം നാലു വിഭിന്നരീതികളിലാണു് പ്രത്യക്ഷപ്പെടുന്നതു്. അതു

ചിലപ്പോൾ മതങ്ങൾ തമ്മിലുള്ള ലഹളകളായി, രക്തപങ്കിലമായ ലഹളകളായി പ്രത്യക്ഷപ്പെടാറുണ്ട്. അതു ഇന്നത്തെ വസ്തു ഉടമസമ്പ്രദായം, ജാതി, സ്ത്രീകളുടെ അടിമത്വം എന്നിവയോടുകൂടിയ ഇന്നത്തെ വ്യവസ്ഥിതിയെ നീതീകരിക്കുകയും നിലനിറുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു. അതു നല്ല സ്വഭാവത്തിനുള്ള സാന്മാർഗ്ഗികവും സാമൂഹ്യവും ആയ പരിശീലനമാണു്. അവസാനമായി അതിന്റെ ഏററവും നല്ല രൂപത്തിൽ മതം ധ്യാനവും ദീനാനുകമ്പയുമായി പ്രത്യക്ഷപ്പെടുന്നു.

മതത്തിന്റെ ആദ്യത്തെ രീതിയിലുള്ള പ്രകടനം ജനങ്ങൾക്കു കറപ്പുതന്നെയാണു്. രാഷ്ട്രീയത്തെ മതപരമാക്കുകയും അങ്ങനെ അധികാരത്തിന്റെ ഏററവുമുട്ടലുകളെയും വടംവലികളെയും മയപ്പെടുത്തുന്നതിനുപകരം മതം രാഷ്ട്രീയമാവുകയും അധികാരതന്ത്രങ്ങളോടു മതഭ്രാന്തു കൂടിച്ചേരുകയും ചെയ്യുന്നു. ആ തരത്തിലുള്ള മതം അവഹേളിക്കപ്പെടുകയും ചെയ്യണം. എന്നാൽ മതത്തിന്റെ മററു രണ്ടുതരത്തിലുള്ള പ്രകാശനങ്ങൾ രാഷ്ട്രീയത്തിനോ സോഷ്യലിസത്തിനോ അവഗണിക്കുവാൻ പാടില്ല.

ഒരു സോഷ്യലിസ്റ്റ് മതവിശ്വാസിയോ നിരീശ്വരനോ, അജ്ഞേയവാദിയോ ആയിരുന്നാൽതന്നെയും അവനു മതത്തെപ്പററി തികച്ചും ഉദാസീനനായിരിക്കുവാൻ കഴിയുകയില്ല. മതത്തെപ്പററിയു

ള്ള അവൻെറ അഭിപ്രായങ്ങൾ അന്വേഷണാത്മക മായിരിക്കണം; വെറും തക്കത്തിനുവേണ്ടിയുള്ള തായിരിക്കരുതു്. മതപരവും മതപരമല്ലാത്തതും തമ്മിലുള്ള ഭാവനാത്മകമായ ഇന്നത്തെ വൈരുദ്ധ്യം അവസാനിപ്പിക്കണം. മതം അതിൻെറ മുരുമുരുപ്പിനും ഇന്നത്തെ വ്യവസ്ഥിതിയുടെ ന്യായീകരണത്തിനും വിരാമമിടണം. ഇന്നു എല്ലാ മതങ്ങളുടെയും മൗലികമായ ഐക്യത്തെപ്പററിയുള്ള ചിന്താഗതിയിൽ എത്തിച്ചേർന്നിട്ടുണ്ടു്. എല്ലാ മതങ്ങളുടെയും മൗലികമായ അപര്യാപ്തതയെക്കുറിച്ചുള്ള ചിന്താഗതിയെപ്പററി കൂടിയാലോചിക്കണം. സോഷ്യസ്ററുകൾ മതത്തിൻെറ ധ്യാനനിരതമായ ശിക്ഷണത്തോടും സാന്മാർഗ്ഗികമായ പരിശീലനത്തോടും കുറേക്കൂടെ വിനയത്തോടും അനുഭാവത്തോടും സമീപിക്കണം.

## വ്യക്തിയും സമൂഹവും.

വ്യക്തിയും സമൂഹവും തമ്മിലുള്ള വൈരുദ്ധ്യം നിമിഷത്തിൻെറ രണ്ടുതരത്തിലുള്ള സ്വഭാവങ്ങൾ മനസ്സിൽ പതിഞ്ഞാൽ അവസാനിക്കും. നിമിഷം ഭൂതകാലവുമായുള്ള കണ്ണിയും ഭാവിയുടെ പ്രകാശനവുമെന്നനിലയിൽ വ്യക്തി ചുററുപാടുകടെ സൃഷ്ടിയും അതിൻെറ മാററത്തിൻെറ ആയുധവുമാണു്. നിമിഷം വത്തമാനത്തിൻെറ പ്രകാശനം എന്ന നിലയിൽ വ്യക്തി അവൻെറ വിധിയുടെ

നിർവാഹകനും ചുററുപാടുകളുടെ സ്രഷ്ടാവുമാണ്. വ്യക്തി, ലക്ഷ്യവും മാർഗ്ഗവും, രണ്ടുമാണ്. ഒരു ലക്ഷ്യമെന്നനിലയിൽ അവൻ എല്ലാവർക്കും സ്നേഹം പകരുന്നു. ഒരു മാർഗ്ഗമെന്നനിലയിൽ നിഷ്ഠൂരതക്കെതിരായുള്ള വിപ്ളവകരമായ വിദ്വേഷത്തിൻെറ ആയുധമാണ്. വ്യക്തിയുടെയും സമൂഹത്തിൻെറയും ലക്ഷ്യങ്ങളുടെയും മാർഗ്ഗങ്ങളുടെയും എല്ലാ പ്രശ്നങ്ങളും അവയുടെ ശരിയായ കാഴ്ചപ്പാടിൽവരുന്നു. 'നല്ല മാർഗ്ഗങ്ങൾ' വിപ്ലവത്തിൻെറ പിറവിവരെ നീട്ടിക്കൊണ്ടുപോകരുത്. എല്ലാ മനുഷ്യരും 'നല്ലവരാ'കുന്നതുവരെ വിപ്ലവവും നീട്ടിക്കൊണ്ടുപോകരുത്.

## അപ്പവും സംസ്ക്കാരവും.

പന്നികളെ അടച്ചിടുന്ന നിലവറകളെപ്പോലെ വിസ്താരമില്ലാത്ത വീടുകൾ ഉള്ള ഒരു രാജ്യത്തു, വിശപ്പിൻെറ വേദന മനുഷ്യനെ മൃഗങ്ങളാക്കിത്തീർത്തിരിക്കുന്ന ഒരു രാജ്യത്ത്, ജീവിതവൃത്തി നേടുന്നതിനു കള്ളംപറയുകയും പ്രവർത്തിക്കുകയും ആവശ്യമായിരിക്കുന്ന ഒരു രാജ്യത്തു, സംസ്ക്കാരത്തെപ്പററിയുള്ള എല്ലാ സംസാരവും നിഷ്ഠൂരമാണ്; അല്ലെങ്കിൽ അയഥാർത്ഥമാണ്. എല്ലാ മൃഗങ്ങളും ഭക്ഷണത്തിനുവേണ്ടി ജീവിക്കുന്നു എന്നു പഠിപ്പിക്കുകയും മനുഷ്യൻ മാത്രം സംസ്ക്കാരത്തിനുവേണ്ടി ജീവിക്കുകയുംചെയ്യുന്നു എന്നു അവനോടു ബുദ്ധി ഉപദേശിക്കുന്നതു

നിഷ്ഠൂരമണ്. ദൈവത്തെപ്പോലെതന്നെ ഭക്ഷണവും അത്രമാത്രം വിദൂരവും ദുർല്ലഭവുമായിരിക്കുന്നവരോടു വ്യക്തിസ്വാതന്ത്ര്യത്തിൻെറയും മാനുഷികാവകാശങ്ങളുടെയും പ്രാതിനിദ്ധ്യജനാധിപത്യത്തിൻെറയും സംശയാതീതമായ ഗുണഗണങ്ങളെപ്പററി പറയുന്നതു ഒരു വിരോധാഭാസമാണ്.

സംസ്ക്കാരത്തോടുള്ള ഈ നിഷ്ഠൂരവും യുക്തിരഹിതവുമായ സമീപനത്തോടൊപ്പംതന്നെ സംസ്ക്കാരത്തെ നിറഞ്ഞ വയറിൻെറ സ്തുതിഗീതങ്ങളായി കാണുന്നതും ഭൗതികാവശ്യങ്ങളെല്ലാം നിറവേറുന്നതുവരെ സംസ്ക്കാരം കാത്തുനിൽക്കണമെന്നു വാദിക്കുന്നതും തെററാണ്. അറവ്ലാററിക്കും സോവ്യററും ചേരികൾതമ്മിലുള്ള ഭീമമായ സംഘട്ടനം ഭക്ഷണവും സംസ്ക്കാരവും തമ്മിലുള്ള സംഘർഷണത്തിനു മൂർച്ചകൂട്ടിയിട്ടുണ്ട്. ഈ സംഘട്ടനത്തിൽ സോവ്യററുറഷ്യാ ഭക്ഷണത്തെ പ്രതിനിധീകരിക്കുന്നു എന്നൊരു മെച്ചവും അവർക്കുണ്ട്. ലോകത്തിൻെറ മുന്നിൽ രണ്ടുഭാഗത്തോടു അവർ പറയുന്നതു ഭക്ഷണം ലഭിക്കുന്നതുവരെ സംസ്ക്കാരം കാത്തുനിൽക്കണമെന്നാണ്. മുകൾപരപ്പിൽ ഇതു വാസ്തവവും ആകർഷകവുമായിട്ടുതോന്നാം. എന്നാൽ അതിനടിയിൽ ഭീമമായ തെററാണ് ഒളിഞ്ഞുകിടക്കുന്നതു്.

ഭക്ഷണവും സംസ്ക്കാരവുമായുള്ള ഈ സംഘർഷത്തെ തത്വപരമായി മാത്രം കൈകാര്യം ചെയ്യു

ന്നതിന്നു പകരം അതിനെ ലോകത്തിലേ വിശക്കുന്ന മൂന്നിൽ രണ്ടുഭാഗത്തെ സ്ഥിതിഗതികളുമായി ബന്ധപ്പെടുത്തണം. ഭക്ഷണവും സംസ്ക്കാരവും ഇവിടെ അവിഭാജ്യങ്ങളാണു്. ഒന്നു കാത്തിരിക്കണമെന്നു ആവശ്യപ്പെടുകയാണെങ്കിൽ മററതും കാത്തിരിക്കണം ഭക്ഷണത്തിൻെറ സ്വാദും അളവും സംസ്ക്കാരത്തിൻെറ സ്വഭാവത്തെയാണു് ആശ്രയിച്ചിരിക്കുന്നതു. അതുപോലെതന്നെ മറിച്ചും.

വിശക്കുന്ന വയറുകളാലും മററു കാരണങ്ങളാലും ലോകത്തിലെ മൂന്നിൽ രണ്ടുഭാഗത്തു വല്ലാത്ത അലസതയാണുണ്ടായിട്ടുള്ളതു്. ജനങ്ങൾ അവിടെ കഠിനമായി പണിയെടുക്കുന്നില്ല എന്നല്ലഇതിൻെറ അർത്ഥം. മറെറല്ലായിടങ്ങളെക്കാളും കൂടുതൽ കഠിനമായി അവർ ചിലപ്പോൾ പണിയെടുക്കുന്നുണ്ടു്. കഴുതകളെപ്പോലെയും കാളകളെപ്പോലയും അവർ പണിയെടുക്കുന്നുണ്ടു്. എന്നാൽ കഠിനവും ക്രമീകൃതവുമായ ജോലി, സ്വമേധയായി ചെയ്യുന്ന ജോലി കുറവാണു്. ധാരാളം ഭക്ഷണം ഉണ്ടാകുന്നതിനുമുമ്പു് ഈ അലസത നീക്കം ചെയ്യപ്പെടണം. ഈ അലസത നിമ്മാർജ്ജനം ചെയ്യുന്നതിനു അവസരങ്ങളും ത്യാഗങ്ങളും തുല്യമായി പങ്കിടപ്പെടുന്ന ഒരു പുതിയ യുഗം പിറവിയെടുത്തു എന്നു ജനതയ്ക്കു ബോദ്ധ്യമാകണം. അവരുടെ പ്രയത്നം ഫലവത്താക്കുന്നതിനു ഉതകുന്ന പണിയായുധങ്ങൾ അവക്കു നൽകപ്പെടണം. ഭക്ഷണവും വസ്ത്രവും

സംസ്കാരവും ഒരേ വസ്ത്രത്തിന്റെ ഊടും പാവുമായി മാറുന്ന ഒരു അവസ്ഥാന്തരത്തിൽ മാത്രമേ മനസ്സിലും സാങ്കേതികജ്ഞാനത്തിലും ഉണ്ടാകേണ്ട ഈ പരിവർത്തനങ്ങൾ സാദ്ധ്യമാവൂ.

## ഭരണസ്വാതന്ത്ര്യവും സാമ്പത്തിക പുരോഗതിയും.

മൃതപ്രായമായ ഗ്രാമത്തെ പുനർജ്ജീവിപ്പിക്കുന്നതിനും ഉയർന്ന ജാതിക്കാരുടെ ഇടയിലുള്ള അലസത മാററുന്നതിനും താഴ്ന്ന ജാതിക്കാരുടെ നിരുത്സാഹം നിർമ്മാർജ്ജനം ചെയ്യുന്നതിനും ഭൂമി പുനർവിതരണം ചെയ്യപ്പെടണം. പുനർവിതരണം ചെയ്യപ്പെട്ട ഭൂമി ലഭിച്ചവർക്കു ഗ്രാമഭരണത്തിന്റെ പങ്കാളിത്തം ലഭിക്കുന്നില്ലെങ്കിൽ, ഉൽപ്പന്നങ്ങളുടെ വിലയും ഗവർമ്മെന്റിനു നല്കേണ്ട നികുതിയും നിർണ്ണയിക്കുന്നതിലും പോലീസിലേക്കുള്ള ആളിന്റെ തെരഞ്ഞെടുപ്പിലും, അങ്ങനെ രാഷ്ട്രത്തിന്റെ പരമാധികാരത്തിന്റെ വിനിയോഗത്തിൽ കയ്യും കർത്തൃത്വവും ലഭിക്കുന്നില്ലെങ്കിൽ, ഭൂമിയുടെ പുനർവിതരണം ഒരു ഒൻപതാം ദിവസ അടിയന്തിരമായും വെറും കടലാസ് പരിഷ്ക്കാരമായും മാറും. കർഷകത്തൊഴിലാളികൾ വളരെ കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളിൽ ഗ്രാമത്തിനു സ്വയംഭരണത്തോടടുപ്പിച്ചുള്ള അധികാരങ്ങളുണ്ടായിരിക്കണം. എന്നാൽമാത്രമേ അവിടത്തെ ആളുകൾക്കു തുടർച്ചയായുള്ള പ്രചോദനവും ഉത്തേജനവും ലഭിക്കുകയുള്ളു. എങ്കിൽ മാത്രമേ

നിയമത്തിന്റെ ഭരണം നടക്കുകയുള്ളു. കാർഷികോൽപ്പാദനത്തിന്റെ വർദ്ധനവിനു മററു മാർഗ്ഗങ്ങൾ ഒന്നുംതന്നെ ഇല്ല. ഭക്ഷണം ലഭിക്കുന്നതുവരെ സംസ്കാരം കാത്തിരിക്കണമെന്നാവശ്യപ്പെടുന്നതുകൊണ്ടു ഭക്ഷണത്തിനുവേണ്ടിയുള്ള യുദ്ധത്തിൽ കമ്മ്യൂണിസ്ററുകാരൻ പരാജയപ്പെട്ടിരിക്കുകയാണ്. അവരുടെ ഭൂമിയുടെ പുനർവിതരണത്തിനുവേണ്ടിയുള്ള വാദം തേങ്ങാ അടത്തിയെടുത്ത ചിരട്ടപോലെ ശൂന്യമാണ്. ഭൂമിയുടെ പുനർവിതരണം രാഷ്ട്രത്തിന്റെ പരമാധികാരം എല്ലാ നിലകളിലും പ്രായോഗികമാക്കുന്ന ചതുർസ്തംഭ രാഷ്ട്രത്തോടൊപ്പം ആവശ്യപ്പെട്ടിരിക്കുന്നതുകൊണ്ടു സോഷ്യലിസ്ററുകാരൻ ഭക്ഷണത്തിനും സംസ്കാരത്തിനും വേണ്ടിയുള്ള ആവേശത്തെ സംയോജിപ്പിച്ചിരിക്കുകയാണ്. അതുമൂലം അവ രണ്ടിലും വിജയം നേടുകയും ചെയ്യും. ഈ അവസരത്തിൽ സാമ്പത്തിക ഉടമയുടെ അടിസ്ഥാനത്തിൽ വേണം ഭൂമിയുടെ പുനർവിതരണം എന്നാവശ്യപ്പെടുന്ന മുതലാളിത്തത്തിന്റെ വാദഗതി കാര്യശേഷിക്കുവേണ്ടിയുള്ള വെമ്പലാണ്. എന്നാൽ അതിനാവശ്യമായതു മുന്നിട്ടിറങ്ങി പ്രവത്തിക്കുവാനുള്ള പ്രചോദനം ആണ്. അതു് പൂർണ്ണമായും ഇല്ല എന്നുള്ളതാണ് വാസ്തവം. കൂടാതെ എല്ലാ നിലകളിലും ഉള്ള സഹകരണസമ്പ്രദായം സാമ്പത്തികഉടമകളും അല്ലാത്തവയും തമ്മിലുള്ള വാദത്തെ ബാലിശമാക്കിത്തീക്കും.

അതുപോലതന്നെ സാമ്രാജ്യത്വത്തിൻെറ ഉൽപ്പാദനോപകരണങ്ങൾ ലോകത്തിലെ മൂന്നിൽ രണ്ടുഭാഗത്തിന്ന ഒരു വലിയ വശീകരണശക്തി ആയിരിക്കും. മൃഗതൃഷ്ണപോലെ അതിൻെറ പിന്നാലെ അവർ ഓടുകയും ചെയ്യാം. കമ്മ്യൂണിസ്റ്റ് കാരൻ അതാണ് ആഗ്രഹിക്കുന്നതു്. അവൻ വീണ്ടും ഭക്ഷണത്തിന്നും വസ്ത്രത്തിന്നും വേണ്ടിയുള്ള വ്യാവസായിക യുദ്ധത്തിലും പരാജയം അടയും. സോവ്യററ്റഷ്യയിൽ ഉടലെടുത്ത ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിൻെറയും ബഹുജനശുദ്ധീകരണത്താൻെറയും ഉത്തരവാദിത്തം സ്റ്റാലിൻെറ പകവീട്ടലും നിഷ്ഠൂരതയും ആയി ചിത്രീകരിക്കുന്നതു അന്തസ്സാരവിഹീനമാണ്. സ്റ്റാലിന്നും തൻെറ ജനതയെ മററതൊരാളെപ്പോലെയും സ്നേഹിക്കുന്നു. അദ്ദേഹത്തിന്ന തെററു പററിയിട്ടുണ്ടെങ്കിൽ വൻ തോതിലുള്ള ഉൽപ്പാദനത്തിന്നുള്ള ധൃതഗതിയിൽനിന്നും ഉളവായതുമാത്രമാണ്. ഉൽപ്പാദനസംവിധാനം വളരെയധികം സങ്കീർണ്ണമാകുമ്പോൾ വ്യാവസായിക ജനാധിപത്യവും തൊഴിലാളികളുടെ നിയന്ത്രണവും സോവ്യററ്റഷ്യയിൽ സംഭവിച്ചതുപോലെ പരാജയപ്പെടാതിരിക്കുവാൻ നിർവാഹമില്ല. റഷ്യാ ലാഭത്തോടെ പാപം ചെയ്തു. എന്നാൽ ഇൻഡ്യയിലെയും ഇൻഡോനേഷ്യയിലെയും കമ്മ്യൂണിസ്റ്റ്കൾ (ഒരുപക്ഷേ ചൈനയിലെയും അവരുടെ ജനസംഖ്യയുടെ പെരുപ്പം ഇന്ത്യയുടെ പകുതി മാ

ത്രമാണു്) ലാഭമില്ലാതെ പാപം ചെയ്യുവാൻ ആഗ്രഹിക്കുകയാണു്. കോടിക്കണക്കിനു ആളുകളെ കൊന്നൊടുക്കാതെ വൻതോതിലുള്ള ഉൽപ്പാദനോപകരണങ്ങൾ അവക്കു ലഭിക്കുവാൻ സാദ്ധ്യമല്ല. അപ്പത്തിനുവേണ്ടി സ്വാതന്ത്ര്യം ബലിയർപ്പിക്കുവാൻ അവർ ആഗ്രഹിക്കുന്നു. എന്നാൽ അവക്കു അപ്പം ലഭിക്കുകയുമില്ല. ചെറുകിടയന്ത്രങ്ങൾക്കു വേണ്ടിയുള്ള പരിശ്രമത്തിൽ സോഷ്യലിസ്ററുകാരൻ വ്യവസായവൽക്കരണത്തോടൊപ്പം സംസ്ക്കാരത്തിനുവേണ്ടിയുള്ള യുദ്ധത്തിലും വിജയിക്കും ചെറുകിടയന്ത്രം ഇന്നു നിലവിലിരിക്കുന്ന സാങ്കേതിക സമ്പ്രദായത്തിൽ മുൻപോട്ടുള്ള ഒരു കാൽവയ്പായിട്ടാണു് കരുതപ്പെടേണ്ടതു് പഴയകാലത്തേക്കുള്ള തിരിച്ചുപോകലല്ല അതു വൻകിടയന്ത്രങ്ങളെക്കാൾ കാര്യക്ഷമത കുറഞ്ഞതുമായിരിക്കേണ്ടതില്ല. വളഞ്ഞുതിരിഞ്ഞുള്ള ഉൽപ്പാദനവും നേരിട്ടുള്ള ഉൽപ്പാദനവും തമ്മിൽ ഏതാണു് കാര്യക്ഷമമെന്നു താരതമ്യപഠനം ചെയ്യുവാനുള്ള ഉപാധികളൊന്നും ഇന്നില്ല. കൂടാതെ ചെറുകിടയന്ത്രങ്ങൾക്കുവേണ്ടി വാദിക്കുന്നവർ വൻതോതിലുള്ള ഉൽപ്പാദനം അനിർവാര്യമായിട്ടുള്ളിടത്തു അതു നിഷേധിക്കുന്നുമില്ല. മററുള്ളവർ മോഹനമെന്നു കരുതി അതിൻെറ വശീകരണത്തിനു അടിമപ്പെട്ടു ആലിംഗനം ചെയ്യുന്നവയെ ആവശ്യം നിർബന്ധിക്കുന്നിടത്തു മാത്രം സ്വീകരിക്കുന്നു എന്നുമാത്രം.

ലോകത്തിലെ മൂന്നിൽ രണ്ടു ഭാഗത്തു നിലവിലിരിക്കുന്ന സാഹചര്യങ്ങളിൽ അപ്പവും ഭക്ഷണവും അവിഭാജ്യങ്ങളാണു്.

വിധിയോടുകൂടിയ ദിവസം

സാമ്പത്തിക പുരോഗതിയുടെയും സ്വാതന്ത്ര്യത്തിൻെറ ആത്മീയതത്വത്തിൻെറയും സമാധാനത്തിൻെറയും സംയോജനമാണു് നമ്മുടേതായ കാലഘട്ടത്തിൻെറ പ്രത്യേകത. എന്നെങ്കിലും മനുഷ്യൻ ഈ തരത്തിൽ അവൻെറ വിധിയുമായി മുഖാഭിമുഖമായി നിന്നിട്ടുണ്ടോ എന്നു സംശയമാണു്. മുതലാളിത്തത്തിനു അതിൻെറ സാമ്പത്തിക ലക്ഷ്യങ്ങളെ മുഴമിപ്പിക്കുന്നതിനു കഴിവില്ല. മുതലാളിത്തം സൃഷ്ടിച്ച അതിൻെറ അരുമ ശിശുവായ ലോകദാരിദ്ര്യം സ്വകാര്യഉടമസമ്പ്രദായത്തിനും അതിൻെറ സാമ്പത്തികശാസ്ത്രത്തിനും നശിപ്പിക്കുവാൻ കഴിവില്ലാത്ത ഭീകരമായ ദുർഭൂതമായി വളർന്നുകഴിഞ്ഞിരിക്കുന്നു കമ്മ്യൂണിസത്തിനും അതിൻെറ സാമ്പത്തികലക്ഷ്യങ്ങൾ മുഴമിപ്പിക്കുവാൻ കഴിവില്ല സ്വകാര്യഉടമ നശിപ്പിച്ചതിനുശേഷം മുതലാളിത്തത്തിൻെറ സാങ്കേതിക പുനഃസ്ഥാപനത്തിനു അതു നിലകൊള്ളുന്നു. സാമ്പത്തിക പുരോഗതി സ്വകാര്യ ഉടമയുടെയും പ്രയത്നത്തിൻെറ പർവ്വതങ്ങളെ മൂടിവയ്ക്കുന്ന യന്ത്രങ്ങളുടെയും നിർമ്മാജ്ജനത്തിലേക്കാണു് നീണ്ടുന്നതു്. മനുഷ്യ

ൻെറ മനസ്സു സാമ്പത്തികപുരോഗതിയുടെ ഈ ഗതിയെ മനസ്സിലാക്കുകയാണെങ്കിൽ, അതിന്, വിദ്വേഷവും ഭയവും അകന്ന ഒരു പുതിയ ലോകം, കപടമായ വൈരുദ്ധ്യങ്ങൾ പരിഹരിക്കപ്പെട്ട ഒരു പുതിയ ലോകം, എല്ലാവർക്കും യോഗ്യമായി ജീവിക്കാവുന്ന ഒരു പുതിയ ലോകം, ആർക്കുമാർക്കും യുദ്ധത്തിനു പ്രേരണയില്ലാത്ത ഒരു പുതിയ ലോകം, ലോകപാർലിമെൻറു മുതൽ ഗ്രാമംവരെ എല്ലാ നിലകളിലും ഭരിക്കപ്പെടുന്ന ഒരു പുതിയ ലോകം, സൃഷ്ടിക്കുവാൻ കഴിയും. ജനങ്ങൾക്കുവേണ്ടി ജനങ്ങളാലുള്ള ജനങ്ങളുടെ ഗവൺമെൻറ്, ഒരു വശത്തു സമൂഹത്തിനുവേണ്ടി സമൂഹത്താലുള്ള സമൂഹത്തിൻെറ ഗവൺമെൻറ്മൂലവും മറുവശത്തു മനുഷ്യസമുദായത്തിനുവേണ്ടി മനുഷ്യസമുദായത്താലുള്ള മനുഷ്യസമുദായത്തിൻെറ ഗവൺമെൻറുമൂലവും നേടുവാൻ കഴിയും.

ഇൻഡ്യൻ ജനതയെ അഭിമുഖീകരിക്കുന്ന വർത്തമാനകാലപ്രശ്നങ്ങളെ സോഷ്യലിസ്ററു മനസ്സിൻെറ വീക്ഷണഗതിയിൽനിന്നു കാണുന്നതിനു കൂടി ശ്രമിക്കാം.

## ന്യൂനപക്ഷങ്ങളുടെ പ്രശ്നം.

പുതിയ ജീവിതത്തിനുവേണ്ടി വെമ്പൽകൊള്ളുന്ന മൃതപ്രായരായ എല്ലാ ജനവിഭാഗങ്ങളും ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കു

കയാണ്. എല്ലാം പ്രവൎത്തനത്തിന്റെ പ്രവണതകളാൽ ചലനാത്മകമാകുമ്പോൾ ഒരു ജനതയിലുള്ള വിഭാഗങ്ങളും ഒരു വിഭാഗത്തിൽപ്പെട്ട ചെറിയചെറിയ വിഭാഗങ്ങളും അവരുടെ സ്വാതന്ത്ര്യം ഉറപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നു. ചിലപ്പോൾ അതു ശിഥിലീകരണത്തിന്റെ വക്കുവരെ എത്തിച്ചേരുന്നു ഈ വിഭാഗങ്ങൾ മതപരമാകാം, ഭാഷാപരമാകാം. ജാതീയമാകാം, ചരിത്രപരമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിലാകാം. അവരെല്ലാം ന്യൂനപക്ഷങ്ങളെന്ന നിലയിൽ അവകാശങ്ങൾ പുറപ്പെടുവിക്കുന്നു. ഒരേ ജനതയിൽത്തന്നെ ഒരു പ്രദേശത്തെ ഭൂരിപക്ഷം മറെറാരു പ്രദേശത്തെ ന്യൂനപക്ഷമാകാം. ആസ്സാമിനെപ്പോലെ ഒരു പ്രോവിൻസ്, ഒരു ഭൂരിപക്ഷ സമുദായവുമില്ലാതെ ന്യൂനപക്ഷങ്ങളുടെ നാടായിട്ടുമാറാം. ഈ ന്യൂനപക്ഷങ്ങളിൽ ചിലതു അതൃത്തികൾക്കപ്പുറം ബന്ധം നേടുകയും ചെയ്യാം. ഈ സ്ഥിതിഗതികളെല്ലാം പരസ്പരവിരുദ്ധമായ സാദ്ധ്യതകളെക്കൊണ്ടുനിറഞ്ഞതാകാം; വിവിധതരത്തിലുള്ളവരുടെ സമ്മോഹനമായ ഐക്യത്തിന്റെയാകാം; മറിച്ചുമറിച്ചു ശിഥിലീകരണത്തിന്റെയും താറുമാറിന്റെയും ആകാം.

വൎഗ്ഗീയതയുടെയും വിഭാഗീയതയുടേതുമായ രാഷ്ട്രീയം നിശ്ചലതയിലേക്കും ശിഥിലീകരണത്തിലേക്കും നയിക്കുന്നു. ഭൂരിപക്ഷത്തെ വിഭാഗീയ

തയുടേതായ ഒരു കക്ഷിയാക്കിത്തീർത്താൽ അതു ന്യൂനപക്ഷത്തെ വിപ്ലവത്തിലേക്കു നയിക്കുന്നതിനു സഹായിക്കുന്നു. അതു് വിജയിക്കയാണെങ്കിൽ ന്യൂനപക്ഷങ്ങൾ മർദ്ദിക്കപ്പെടുകയും അവരുടെ സ്വരം നിഷ്പ്രഭമാക്കപ്പെടുകയും ചെയ്യുന്നു അതു പരാജയപ്പെടുകയാണെങ്കിൽ ന്യൂനപക്ഷങ്ങൾ ഒരു പ്രത്യേക രാഷ്ട്രം ആവശ്യപ്പെടുന്നു. ന്യൂനപക്ഷങ്ങളിൽനിന്നും വാർത്തെടുക്കുന്ന വിഭാഗീയ കക്ഷികൾ വിജയിച്ചാൽ രാജ്യത്തെ ശിഥിലീകരിക്കുകയും പരാജയമടഞ്ഞാൽ രാഷ്ട്രീയ ജീവിതത്തിൻെറ തടാകത്തെ മലിനപ്പെടുത്തുകയും ചെയ്യുന്നു.

ഒരു പുതിയജീവിതത്തിനുവേണ്ടി മിടിച്ചുകൊണ്ടിരിക്കുന്ന ജനതയുടെ പ്രശ്നങ്ങളെ അപ്പഴപ്പോഴത്തെ ആവശ്യത്തിൻെറ അടിസ്ഥാനത്തിലല്ലാതെ കൈകാര്യം ചെയ്യുവാൻ യാഥാസ്ഥിതികത്വത്തിനു കഴിവില്ല. ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളെ വിജയകരമായി കൈകാര്യം ചെയ്യുവാൻ അതിനുകഴിവില്ല പലപ്പോഴും അതു തീയിൽ എണ്ണ ഒഴിക്കുകയാണു് ചെയ്യുന്നതു്. അതും രാജ്യത്തിൻെറ ഐക്യത്തെപ്പററിയും നീതിപൂർവകങ്ങളായ അവകാശങ്ങളെപ്പററിയും മതേതര രാഷ്ട്രത്തെപ്പററിയും ഒക്കെപ്പറയാറുണ്ടു്. എന്നാൽ ന്യൂനപക്ഷത്തെപ്പററി ഒരു നയം രൂപീകരിക്കുന്നതിനു അതിനു കഴിവില്ല. തെരഞ്ഞെടുപ്പിൽ വിജയിക്കുന്നതിനു മുസ്ലീം വോട്ടിൻെറ പ്രാധാന്യം

മനസ്സിലാക്കി മുസ്‌ലീം ന്യൂനപക്ഷത്തെ കോൺഗ്രസ്സ് ഒരു ദ്വിമുഖാക്രമണത്തിനു വിധേയമാക്കി ഒരു വശത്തുകൂടി മുസ്‌ലീംങ്ങളെ ഭീഷണിപ്പെടുത്തുകയും മറുവശത്തുകൂടി അവരുടെ സുരക്ഷിതത്വം കോൺഗ്രസ്സുകക്ഷിയുമായി അവിഭാജ്യമാണെന്നു പറഞ്ഞു അവരെ ആലിംഗനംചെയ്യുകയും ചെയ്തു. മുസ്‌ലീംങ്ങൾ ഒരു കക്ഷിയെന്നനിലയിൽ വോട്ടുചെയ്തു അങ്ങനെ ന്യൂനപക്ഷരാഷ്ട്രീയത്തിനു പുതുജീവൻ നൽകപ്പെട്ടു. കിഴക്കൻ പഞ്ചാബിൽ ഹിന്ദുക്കളെയും സിക്കിസ്ഥാൻ പർവതീകരിച്ചു ഭീഷണിപ്പെടുത്തുകയും വശീകരിക്കുകയും ചെയ്തു. കോൺഗ്രസ്സുകാർ വേട്ടപിടിച്ചതു ആ ഒരൊററ പ്രശ്നത്തിന്മേലാണ്. കോൺഗ്രസ്സ് നിസ്സംശയമായും തെരഞ്ഞെടുപ്പിൽ വിജയം പ്രാപിച്ചു. എന്നാൽ സിക്ക് രാഷ്ട്രീയം വീണ്ടും മുന്നണിയിലേക്കു പൊന്തിവന്നു. അധികാരം നിലനിറുത്തുവാൻവേണ്ടിയുള്ള വെമ്പലിൽ യാഥാസ്ഥിതികത്വം വിഭാഗീയതയുടെ ദുഷിച്ച ശക്തികളിൽനിന്നും മുതലെടുക്കുവാൻ മടികാണിക്കുന്നില്ല.

## ശിഥിലീകരണത്തിൻെറ തന്ത്രം.

കമ്മ്യൂണിസം അധികാരം പിടിച്ചടക്കുവാൻ ശ്രമിക്കുന്ന എല്ലാ രാജ്യങ്ങളിലും ന്യൂനപക്ഷങ്ങളുടെ അവകാശസമ്പാദനത്തിനുവേണ്ടിയുള്ള സമരങ്ങളുടെ മുൻപന്തിയിൽ ഉണ്ടായിരിക്കും. ഇന്നു നിലവി

ലിരിക്കുന്ന രാഷ്ട്രത്തിന്റെ അധികാരത്തെ ബല ഹീനമാക്കുന്നതിനുവേണ്ടിയുള്ള വിപ്ളവകരമായ തന്ത്രത്തിലെ അനിർവാര്യമായ ഭാഗമാണ് ഈ തരം മുന്നേററം. പാകിസ്ഥാൻ പ്രക്ഷോഭണത്തിനു പിൻതുണ നൽകിക്കൊണ്ടു ഇതു ആരംഭിച്ചതിനു ശേഷം കമ്മ്യൂണിസം ഇന്നു കിഴക്കൻ പഞ്ചാബിൽ സിക്കിസ്ഥാനുമായും, ഡാർജലിംഗിലും ജൽപ്പായി ഗിരിയിലും ഗ്രർഖിസ്ഥാനുമായും തെക്കേ ഇൻഡ്യ യിൽ ദ്രാവിഡസ്ഥാനുമായും മൈത്രിയിലാണ്. നീപ്പാളിലെയും ബൂട്ടാനിലെയും ലഡാക്കുകളുടെയും നീവാറുകളുടെയും ലിംബസ്സുകളുടെയും ആസ്സാമിലെ നാഗാകളുടെയും ശ്രദ്ധയും സ്നേഹവും ഇന്ത്യൻ അതൃത്തികൾക്കപ്പുറത്തു ടിബററിലേക്കും ചീനയിലേക്കും തിരിക്കുവാൻ ശ്രമിക്കുകയാണ്. ശിഥിലീകരണ ത്തിനുവേണ്ടിയുള്ള തങ്ങളുടെ ആകെക്കൂടെയുള്ള തന്ത്രത്തെ മനസ്സിലാക്കുവാനുള്ള ജനതയുടെ കഴിവു കേടിലാണ് കമ്മ്യൂണിസം നില ഉറപ്പിച്ചിരിക്കുന്ന തു്. പ്രതിപക്ഷത്തായിരിക്കുമ്പോൾ കമ്മ്യൂണിസം പ്രോത്സാഹിപ്പിക്കുന്നതു അവർ അധികാരത്തിൽ വരുമ്പോൾ യൂക്രെയിനിൽ ചെയ്തതുപോലെ മർദ്ദിച്ചു ഒതുക്കുമെന്നു ന്യൂനപക്ഷത്തിനുതന്നെ അറിഞ്ഞുകൂടാ

യാഥാസ്ഥിതികത്വത്തിന്റെ തെരഞ്ഞെടുപ്പു തന്ത്രവും വിഭാഗീയതയുടെ വിനാശകരമായ ശക്തി കളെ ഉപയോഗപ്പെടുത്തുന്നു. ഒന്നു അധികാരം

നിറുത്തുവാനും മററത്തു അധികാരം പിടിച്ചടക്കുവാനും. അവ രണ്ടും രാജ്യത്തിൻെറയും ജനതയുടെയും വിനാശകരമായ ശിഥിലീകരണത്തിലേക്കു നയിക്കുന്നു.

ന്യൂനപക്ഷങ്ങളോടുള്ള ശരിയായ ഒരു നയം ആകെക്കൂടിയുള്ള ജനതയുടെ അവകാശങ്ങളെ വിഭാഗങ്ങളുടെയും ഉപവിഭാഗങ്ങളുടെയും അവകാശങ്ങളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒന്നായിരിക്കണം. ഒന്നാമതായിട്ടു താഴെക്കിടയിൽ കിടക്കുന്നവരെ ഉയർത്തുവാൻ അതു പ്രത്യേകം ശ്രദ്ധിക്കും എങ്കിൽ മാത്രമേ പൗരത്വത്തിൻെറ സമത്വം നിയമത്തിൽമാത്രം അവശേഷിക്കാതെ സാമൂഹ്യ സാമ്പത്തിക ജീവിതത്തിൽ ഒരു പതിവായി മാറൂ. രണ്ടാമതായി ഭാഷാപരമായും മററുമുള്ള അതിരുകൾക്കുള്ളിൽ വരുത്തേണ്ട മാററങ്ങൾ വരുത്തുന്നതിനു താമസിക്കുകയില്ല. എങ്കിൽ മാത്രമേ ആ തരം വിഭാഗങ്ങൾക്കു ആഭ്യന്തരസ്വാതന്ത്ര്യം അനുഭവപ്പെടുകയുള്ളു. ഒരു ചൊറി വലിയ വ്രണമായി വളരാതിരിക്കുവാൻ അതു സഹായിക്കും മൂന്നാമതായി രാജ്യത്തിൻെറ ഐക്യത്തോടൊപ്പം സമ്പൂർണ്ണമായ സംസ്ക്കാരിക സ്വാതന്ത്ര്യവും അധികാര വികേന്ദ്രീകരണവും ആസൂത്രണം ചെയ്യണം. ഫെഡറൽഭരണഘടന കേന്ദ്രവും സ്റ്റേററുകളും ആയി കരുതാതെ ഗ്രാമവും ജില്ലയും സ്റ്റേററും

കേന്ദ്രവുമായി കരുതണം, ഇതു ജനങ്ങളെ എല്ലാ സ്ഥലങ്ങളിലും അവർ മനസ്സിലാകുന്നരീതിയിൽ ആവേശം കൊള്ളിക്കും അതോടൊപ്പം അതു പ്രാദേശികത്വത്തിൻെറയും ശിഥിലീകരണത്തിൻെറയും വാസനകളെ തടയുകയും ചെയ്യും. നാലാമതായി ദേശീയ ഐക്യം എന്നതു ഹിന്ദുമസ്‌ളീം മൈത്രിപോലെ ഉപരിതലത്തിലുള്ള ഒരു ഐക്യമായി കരുതാതെ ഒരുപോലെയുള്ള മനസ്സുകളുടെ ഐക്യമായി കരുതണം. അപ്പോൾ ഒരു ന്യൂനപക്ഷ സമുദായം വിവിധങ്ങളായ അഭിപ്രായങ്ങളനുസരിച്ചു വിഭജിക്കപ്പെടും. അതിലെ അംഗങ്ങൾ തങ്ങളുടെ സഖാക്കളെ തങ്ങളെപ്പോലെ ചിന്തിക്കുന്നവരുള്ള മററു സമുദായങ്ങളിൽ അന്വേഷിക്കുന്നതിനു ഇടയാകും. രാജ്യത്തിൻെറ ഐക്യം ഒരേതരത്തിലുള്ള മനസ്സുകളോടുകൂടിയ വിവിധവിഭാഗങ്ങളെ സൃഷ്ടിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു അഞ്ചാമതായി ദേശീയത്വം, ഇൻഡ്യാ തുല്യമാകുന്നതുവരെയും ഒരു ലോകനിയമം സ്ഥാപിതമാകുന്നതുവരെയും പ്രോത്സാഹിപ്പിക്കപ്പെടണം. ഇതു വിദേശ നുഴഞ്ഞുകയററത്തിനെതിരായിട്ടുള്ള ഒരു പ്രതിരോധനില എന്ന നിലയിൽ മാത്രമല്ല എന്നാൽ ലോകത്തിനൊട്ടാകെയുള്ള സജീവമായ ഒരു സംഭാവന അതിലെ വിവിധ വിഭാഗങ്ങളുടെ സമ്മോഹനമായ ഐക്യത്തെ വളർത്തുന്നതിൽ മാത്രമാണു് സ്ഥിതിചെയ്യുന്നതു്.

ഇന്നത്തെ മൃതപ്രായരായ ജനങ്ങളുടെ ഇടയിൽ സോഷ്യലിസത്തിനു മാത്രമേ ഈ തരമൊരു നയം പ്രായോഗികമാക്കുവാൻ കഴിയൂ.

## വിദേശനയത്തിൻെറ അവിതക്കിതമായ പ്രധാന തത്വം.

സർനാഥും ബനാറീസും ലുംബിനിയും ബോധഗയയും പ്രതിവർഷം പതിനായിരക്കണക്കിനു ജനങ്ങൾ വിവിധരാജ്യങ്ങളിൽനിന്നും സന്ദർശിച്ചു കൊണ്ടിരിക്കുന്ന തീർത്ഥാടനകേന്ദ്രങ്ങളാണു്. എന്നാൽ അവ അതിനു യോഗ്യമാക്കപ്പെടണം. ബനാറീസിലെ ഗംഗയുടെ തീരങ്ങൾ മരങ്ങളുടെ കൂട്ടത്താലും അവിടെവിടെയുള്ള ജട്ടികളാലും ഒരു വിഹാര സ്ഥലമായി മാററപ്പെടണം. മനുഷ്യൻെറ ലക്ഷ്യത്തെപ്പററിയുള്ള വാദപ്രതിവാദത്തിനുള്ള ഹോളുകളുണ്ടാകണം. ബോധഗയയിലോ സർന്നാഥിലോ ഒരു സാർവദേശീയ റിസർച്ചുകേന്ദ്രമോ, സർവ്വകലാശാലയോ ഉണ്ടാകണം ബുദ്ധൻെറയും കപിലിൻെറയും മററുള്ളവരുടെയും തത്വസംഹിതകൾ പൂർണ്ണമായി മനസ്സിലാക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം. മനുഷ്യൻെറ തലമുറതലമുറയായുള്ള ഉദ്ദേശത്തെപ്പററി പഠനം നടത്തേണ്ടിയിരിക്കുന്നു. ഇവയിലേതെങ്കിലുമോ കന്യാകുമാരിയോ രാമേശ്വരമോ, പ്രതിവർഷം നൃത്തം, നാട

കാ, സംഗീതം, കവിത, തത്വസംഹിത വെറും തമാശ, എന്നിവയുടെ കേന്ദ്രമാക്കപ്പെടണം. അങ്ങനെ വിവിധരാജ്യങ്ങളിൽനിന്നും അനേകലക്ഷങ്ങൾ പ്രാർത്ഥനയ്ക്കും തമാശയ്ക്കും ആയി ഒരുമിക്കുന്നതിനു സഹായിക്കും. വീക്ഷണഗതികളുടെ വികസനത്തിനും ലോകസമാധാനത്തിനും ഇതു് എത്രമാത്രം സഹായകമായിരിക്കും എന്നു പറയേണ്ടതില്ലല്ലോ.

ഇതിനു വളരെ അധികം ചെലവുകൾ ഉണ്ടായിരിക്കാം. അതിനെതിരായി ഇതിൽനിന്നുമുള്ള പ്രയോജനങ്ങളെപ്പററി പലതും പറയുവാൻ കഴിയും ഉന്നതങ്ങളായ ലക്ഷ്യങ്ങളെപ്പററി താഴ്ന്ന ഭാഷയിൽ ന്യായീകരിക്കുകയാണല്ലോ ജനാധിപത്യത്തിൻെറ അസന്തോഷകരമായ ഒരു രീതി. വർദ്ധിച്ചുവരുന്ന വിദേശസഞ്ചാരികളിൽനിന്നും ഒട്ടുവളരെ വിദേശ നാണയങ്ങൾ ലഭിക്കും. രാജ്യത്തിൻെറ താൽപ്പര്യങ്ങളും വിദേശനയത്തിൻെറ ദേശീയമായ വശങ്ങളും വിദേശജനതകളിൽ ഉണ്ടാകുന്ന സൽപ്പേരിലൂടെ കുറേക്കൂടെ ഫലവത്താകും. ഇതിലെല്ലാം ഉപരിയായി ലോകസഹകരണത്തിൻെറയും സമാധാനത്തിൻെറയും വികാരങ്ങൾ ശക്തമാക്കപ്പെട്ടും. കിഴക്കൻ പഞ്ചാബിൻെറ തലസ്ഥാനമായ ചണ്ഡിഗറിനു വൻപിച്ച തുകകൾ ചെലവു ചെയ്തുകൊണ്ടിരിക്കുകയാണു്. എന്നാൽ കിഴക്കൻ പഞ്ചാബിൻെറ തലസ്ഥാനത്തിനു് ഒരിക്കലും ആകു

വാൻ കഴിവില്ലാത്ത ദേശീയവും സാർവദേശീയവും ആയ നേട്ടമായിരിക്കും സർണ്ണാത്തും ബനാറീസും.

അയൽക്കാരായ ഗവണ്മെൻറുകളെയും ജനങ്ങളെയും ഈ സംരംഭത്തിൽ സഹകരിക്കുവാൻ ക്ഷണിക്കാം സർണ്ണാഥിലെ മുൻസിപ്പൽ നിയന്ത്രണം തന്നെ സാർവദേശീയമാക്കാം ബർമ്മാ ആയിരിക്കും സഹകരിക്കുവാൻ ഏററവും അധികം ഇഷ്ടപ്പെടുന്നതു്. മററുള്ളവർ പിന്നീടു ചേരും. ഗൗതമബുദ്ധൻലോകസമാധാനവും അതോടൊപ്പം ഇൻഡ്യയുടെ സൽപ്പേരും പരത്തിക്കൊണ്ടിരിക്കുകയാണെന്നുള്ളതു് ആരും വിസ്മരിക്കരുതു്.

ഒരു ബുദ്ധമതസംരംഭമായി ആരംഭിക്കുന്നതു പിന്നീടു സർവരാലും അംഗീകരിക്കപ്പെടാം. മുസ്ലീംങ്ങളും ക്രിസ്ത്യാനികളും നിരീശ്വരരും അവിടെ വരും. ഉത്സവത്തിൽ സന്തോഷപൂർവം സഹകരിക്കും. നമ്മുടെ മുൻപിൽ ഉണ്ടായിരിക്കേണ്ട ലക്ഷ്യം ഒബർമ്മെർഗ്ഗായും സ്റ്റ്റാററുഫാർഡ്' ആവനും യറുശലേമും മെക്കായും ആയുള്ള ബന്ധിപ്പിക്കലാണു്. വെറും ബാഹ്യമായുള്ള ബന്ധമല്ല, തത്വചിന്തയുടെയും ഫലിതത്തിൻെറയും ആയ ഒരു ജീവിതത്തിൽനിന്നുമുള്ള ബന്ധം.

## വിദ്യാഭ്യാസം.

വിദ്യാഭ്യാസം വിപ്ളവാത്മകമായ രീതിയിൽ പരിവർത്തനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. അ

ത്തു് ചെലവുകുറഞ്ഞതും പ്രയോജനപ്രദവും ആകുന്ന തോടൊപ്പം വിദ്യാർത്ഥിയെ ഒരു പൂർണ്ണമനസ്സി ൻെറ ആവശ്യത്തെ മനസ്സിലാക്കുന്നതുകൂടി ആയി രിക്കണം പ്രൈമറിയും സെക്കണ്ടറിയും വിദ്യാ ലയങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനു വിധേയമാക്കണം ചെലവു കൂ ടിയതും ഉപരിതലത്തിൽപ്പെട്ടവക്കുവേണ്ടിയുള്ള തുമായ സ്കൂളുകൾ സാമൂഹ്യ ഏകീകരണത്തെ പ്ര തിബന്ധപ്പെടുത്തുകയും ഇടത്തരക്കാരുടെ ജീവി തദൂരിതം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ തരം സ്കൂളുകൾ എന്നേക്കുമായി അടയ്ക്കപ്പെടണം. നാട്ടിലുള്ള ഏററവും വലിയവരുടെ കുട്ടികൾ ഏററവും താണവരുടെ കുട്ടികളോടു ഒരുമിച്ചു സ്കൂളുകളിൽ പോകണം. മററുപല പ്ര യോജനങ്ങളുടെ കൂട്ടത്തിൽ പ്രാഥമികവിദ്യാഭ്യാസ ത്തിൻെറ നിലവാരം വർദ്ധിപ്പിക്കുന്നതിനും അതു സഹായിക്കും. സ്വകാര്യ ധർമ്മസ്ഥാപനങ്ങളോ മതസ്ഥാപനങ്ങളോ പ്രൈമറിയോ സെക്കണ്ടറി യോ സ്കൂളുകൾ നടത്തുവാൻ ആഗ്രഹിക്കുകയാണെ ങ്കിൽ അവരും സൗജന്യമായി വിദ്യാഭ്യാസം നടത്തു വാനും മുൻസിപ്പൽ സ്കൂളുകളിലേതുപോലുള്ള കരി ക്കുലം പാലിക്കുവാനും നിയമംമൂലം ആവശ്യപ്പെ ടണം.

പ്രാഥമിക വിദ്യാഭ്യാസത്തിന്റെ അധികപങ്കും ഏതെങ്കിലും കാർഷികമോ വ്യവസായികമോ ആയ പ്രവൎത്തനത്തിനു പുറമേ നെയ്ത്തു എടുക്കപ്പെടേണ്ടിയിരിക്കുന്നു എന്നാൽ അടിസ്ഥാനവിദ്യാഭാസത്തെപ്പററി ഇന്നുവരെ മനസ്സിലാക്കിയിരിക്കുന്നതു ആപ്പിൾപ്പഴങ്ങൾക്കു പകരം നൂൽകഴികളുടെ എണ്ണം കുട്ടികളുടെ കണക്കിൽ ചേർക്കുക എന്നുമാത്രമാണ്. നൂൽനൂൽപ്പു അപ്രായോഗികമായിട്ടാണ് കാണപ്പെടുന്നതെങ്കിൽ മറേറതെങ്കിലും തൊഴിലോ കാർഷികജോലിയോ വിദ്യാഭ്യാസത്തിനുള്ള മാൎഗ്ഗമായി സ്വീകരിക്കപ്പെടണം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഏററവും ദുഷിച്ചവശം പാഠപുസ്തകങ്ങളുടെ മാററമാണ്. പാഠപുസ്തകങ്ങളാണെങ്കിൽ തന്നെ ഇന്നത്തെ കക്ഷിനേതാക്കന്മാരെയും പട്ടാളമനസ്ഥിതിയേയും ഭൎത്താവിനുവേണ്ടി എപ്പോഴും ഒരു മുടിക്കയറും വടിയും ഉള്ളവിശ്വസ്തയായ ഭാൎയ്യ തുടങ്ങിയ പഴയകാലവിശ്വാസങ്ങളെയും പുകഴ്ത്തുന്നവയുമാണ്. കുട്ടികളുടെ പുസ്തകങ്ങൾ പ്രാമാണികഗ്രന്ഥങ്ങളോടൊപ്പം സാധാരണ ജ്ഞാനം നൽകുവാൻ പൎയ്യാപ്തവുമായിരിക്കണം. അവ കൂടെക്കൂടെ മാറേണ്ട യാതൊരാവശ്യവുമില്ല ഗ്രന്ഥകൎത്താവും പ്രസിദ്ധീകരണശാലകളുംകൂടിയുള്ള ഇന്നത്തെ ചൂഷണസമ്പ്രദായം അവസാനിപ്പിക്കണം.

പുതുതായുള്ള ആർട്ട്സ് കോളേജുകൾ ഗവൺമെൻറിൽനിന്നും ആരംഭിച്ചാലും സ്വകാൎയ്യഉടമക

ളെ അതിൽനിന്നും നിരുത്സാഹപ്പെടുത്തിയാലും വലിയ ആപത്തു് ഒന്നും ഉണ്ടാകുവാനില്ല. ഏതു യാലും കൃഷിസ്ഥലത്തോ ഫാക്ടറികളിലോ ഉള്ള ഒരു കൊല്ലത്തെ ദേശീയസേവനം ബിരുദം ലഭിക്കുന്ന തിനു നിർബന്ധമാക്കണം.

സാങ്കേതികവും പോളിടെക്നിക്കൽ സ്ക്കൂളുക ൾക്കും വേണം പുതുതായി പണം ചെലവാക്കുവാൻ സാധാരണ പതിവു് സെക്കണ്ടറിവിദ്യാഭ്യാസത്തിനു ശേഷം ഈ തരം സ്ക്കൂളുകളിൽ പോകണമെന്നാ ണു്. ജനകീയ കോളജ്ജുകളുടെയും സർവ്വകലാശാ ലകളുടെയും ഒരു പരിപാടി ആരംഭിക്കണം. ഏ തെങ്കിലും ഒരു തൊഴിലിൽ പരിചയമുള്ളവർക്കു അതു ഉപയോഗിക്കാം.

വിദ്യാഭ്യാസത്തിലെ ഈ തരം മാററങ്ങൾക്കു സാമ്പത്തികസംവിധാനത്തിലെ അടിസ്ഥാനപരമാ യ ചില മാററങ്ങൾ അനിർവാര്യമാണു്. ഇന്ന ത്തെ ആദായത്തിലുള്ള വ്യത്യാസം മാറണം. ഒരു കൃഷിക്കാരനോ യന്ത്രപ്പണിക്കാരനോ ആയി പരി ശീലിപ്പിക്കപ്പെടുന്ന ഒരു വിദ്യാർത്ഥിക്കു് ഒരു വക്കീലിനോ, ജില്ലാഭരണാധികാരിക്കോ അദ്ധ്യാപ കനോ ഉള്ള ആദായം ലഭിക്കണം. എങ്കിൽ മാത്ര മേ അവരോടൊപ്പമുള്ള പദവി ഉണ്ടാവുകയുള്ളൂ.

## സയൻസും വൈദ്യവും.

ശാസ്ത്രീയ വികസനത്തിൻെറ ഏതൊരു പരിപാടിയിലും മുൻഗണന ആളുകൾ, സാധനസാമഗ്രികൾ കെട്ടിടങ്ങൾ എന്നീ ക്രമത്തിലാണു. എന്നാൽ ന്യൂ ഡൽഹിയിലെ പ്രത്യേക ബുദ്ധിവിശേഷം ഈ ക്രമത്തെ തലതിരിച്ചാക്കി. നാഷനൽ ഫിസിക്കൽ ലാബറട്ടറിയിലെ മീററിംഗ് ഹാൾ അന്തർദേശീയ ചലച്ചിത്രോത്സവങ്ങൾക്കു പററിയരീതിയിലാണ് സംവിധാനം ചെയ്തിരിക്കുന്നതു്. മററുള്ളവരെ കാണിക്കുന്നതിനുള്ള വ്യഗ്രത വ്യക്തികളേക്കാൾ കൂടുതലായി കെട്ടിടങ്ങൾക്കു പ്രാധാന്യം നൽകി. ഇതിൻെറ ഫലങ്ങൾ ശാസ്ത്രത്തിൻെറ യോഗ്യതക്കും ഉടനടിയുള്ള നേട്ടങ്ങൾക്കും വിനാശകരമാണ്.

പലരും കരുതുന്നതുപോലെ ശാസ്ത്രീയവും സാങ്കേതികജ്ഞാനവുമുള്ള ആളുകളുടെ അഭാവമല്ല. നേരെമറിച്ചു അവരെ ഒരുമിച്ചു കൊണ്ടുവരുന്നതിനുള്ള ഒരു സംഘടനയുടെ അഭാവമാണ് പ്രധാനമായിട്ടുള്ളതു്. വിദഗ്ദ്ധപരിശീലനം സിദ്ധിച്ച എൻജിനീയറന്മാർ പലപ്പോഴും വിദേശസാധനങ്ങളുടെ വിൽപ്പന ഏജൻറന്മാരായും പഴങ്ങളെപ്പററി വിദഗ്ദ്ധജ്ഞാനം ഉള്ളവർ കവിത പഠിപ്പിക്കുന്നവരായും കാണാറുണ്ടു്. അപ്രധാനവിഷയങ്ങളിൽ പരിശീലനം നേടുന്നതിനു കുട്ടികളെ വിദേശങ്ങളിൽ അയക്കുന്നു. എന്നാൽ തങ്ങളുടെ രാജ്യത്തിലാകട്ടെ അടി

സ്ഥാനം തന്നെയില്ല. പൊട്ടുന്നനവെ പ്രത്യക്ഷപ്പെടുന്ന ശാസ്ത്രീയ പദ്ധതികൾക്ക യാതൊരു പരിപാടിയുമില്ലാതെ ധനസഹായം നൽകുന്നു. ഇതെല്ലാം മാറണം. ശാസ്ത്രീയവും സാങ്കേതികജ്ഞാനവും ഉള്ളവരുടെ ഒരു സംഘടന ഉണ്ടാകണം. അവർക്ക പററിയ സ്ഥാനങ്ങളിൽ അവരെ നിയമിക്കുന്നതിനും അവരെ സ്നേഹത്തോടുകൂടി നോക്കിപ്പോരുവാനും ആ സംഘടനയ്ക്കു കഴിയും ശാസ്ത്രീയ ഗവേഷണം അത്യമായിട്ടു രാജ്യത്തിനു വ്യവസായത്തിൻെറ അടിസ്ഥാനവും ശാസ്ത്രീയ കൃഷിസമ്പ്രദായവും നൽകുന്നതിനു ശ്രദ്ധ കേന്ദ്രീകരിക്കണം. പൊടിപ്പും തൊങ്ങലും പിന്നീടുവന്നുകൊള്ളും. വിദേശരാജ്യങ്ങളിൽ പരിശീലനത്തിനു അയയ്ക്കപ്പെടുന്നവർ നിഷ്കൃഷ്ടമായ തെരഞ്ഞെടുപ്പിനു വിധേയരായിരിക്കണം. വിദ്യാർത്ഥികളെ വിദേശങ്ങളിലേക്ക അയയ്ക്കുന്നതിനുപകരം വിദഗ്ദ്ധന്മാരെയും വിദ്യാഭ്യാസപ്രവത്തകരെയും ഇങ്ങോട്ടു കൊണ്ടുവരുന്നതിനു ശ്രമിക്കണം.

ഒന്നാംകിട ശാസ്ത്രജ്ഞന്മാർ ശാസ്ത്രീയ പുരോഗതിക്കുള്ള ഭരണപരമായ ഉദ്യോഗങ്ങൾപോലും സ്വീകരിക്കുന്നതിനു വൈമുഖ്യമാണു പ്രദർശിപ്പിക്കാറുള്ളതു്. ഇൻഡ്യയിലെ ശാസ്ത്രജ്ഞന്മാർ തങ്ങളും പ്രാദേശികചിന്തയ്ക്കു വിധേയരല്ലയോ എന്നാലോചിക്കണം. അതു ശാസ്ത്രത്തിൻെറ തടാകങ്ങളിൽ വിഷം കലത്തുകയും ഡൽഹിയിലെ ഭര

ണക്കൂടത്തിലെ സ്വജനപക്ഷപാതത്തിനു സഹായി ക്കുകയും ചെയ്യുന്നു. ബോസിനെയും രാമനെയും പോലുള്ള ഒന്നാംകിടശാസ്ത്രജ്ഞന്മാർ ഉള്ളപ്പോൾ ശാസ്ത്രം കുറേക്കൂടെ മെച്ചമായ രീതിയിലാകുന്ന മായിരുന്നു.

ശാസ്ത്രത്തിൻെറ കണ്ടുപിടുത്തങ്ങൾ ഒരു പ്ര ത്യേകലോകത്തിലാണ്. അവയിൽ രാഷ്ട്രീയ പ്ര വർത്തകർ പ്രവേശിക്കുകയാണെങ്കിൽ രണ്ടുകൂട്ടർക്കും അതു് വിനാശകരമായിരിക്കും എന്നാൽ പ്രായോ ഗികശാസ്ത്രത്തിൻെറ ചില വശങ്ങളും കണ്ടുപിടു ത്തങ്ങളും ശാസ്ത്രജ്ഞന്മാർ ശ്രദ്ധാപൂർവം പഠിക്കേ ണ്ടിയിരിക്കുന്നു. വളരെയധികം മൂലധനമുടക്കുള്ള വൻകിട യന്ത്രവും വളഞ്ഞുതിരിഞ്ഞ രീതിയിലുള്ള ഉൽപ്പാദനക്രമവും ആണു് ആധുനികപരിഷ്ക്കാ രത്തിൻെറ ലക്ഷണങ്ങളെങ്കിൽ (അതു് ഏതാണ്ടു് മരണത്തിൻെറ വക്കിൽ എത്തിയിരിക്കുകയുമാണു്) ചെറുകിട യന്ത്രങ്ങളും ഉൽപ്പാദനത്തിൻെറ വേഗത യുമാണു് വരുവാനിരിക്കുന്ന ഒരു പുതിയ പരിഷ് ക്കാരത്തിൻെറ ലക്ഷണങ്ങൾ.

വൈദ്യസമ്പ്രദായത്തിലും ഗവേഷണത്തിലും ഒട്ടുവളരെ ചെയ്തുതീർക്കേണ്ടതായിട്ടുണ്ടു്. ഏററവും ആദ്യമായി സുഖക്കേടിൽനിന്നും ലാഭം സമ്പാദി ക്കുവാൻ അനുവദിക്കുന്ന രീതിമാറണം. ആദായ ത്തിനനുസരിച്ചുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ സോഷ്യലിസ്റ്റ് നിയന്ത്രണ

ത്തിലുള്ള മുൻസിപ്പാലിററികളും ലോക്കൽ ബോർഡുകളും ആരംഭിക്കുകയും ഡോക്ടറന്മാരെ ശമ്പളത്തിലാക്കുകയും വേണം. ഒരു ദേശീയ മെഡിക്കൽ സർവീസ് സൃഷ്ടിക്കുവാനുള്ള സാമൂഹ്യ മനസ്ഥിതി ഇൻഡ്യയിലെ ഡോക്ടറന്മാക്കുണ്ടെന്നുള്ളതിനുള്ള മതിയായ തെളിവാണ്, ജെ. സി. റോയ്, എം. ഗുജ്റാൻ, മർച്ചൻറ്, ഗംഗുലി തുടങ്ങിയവരെപ്പോലുള്ള ഡോക്ടറന്മാരും ഗവേഷകരും ശാസ്ത്രം ഹക്കിമിനേയും (യൂനാനി) വൈദ്യനേയും (ആയുർവേദം) ഉപേക്ഷിക്കത്തക്കവണ്ണം അത്ര അശാസ്ത്രീയമായിരിക്കയില്ല എന്നു പ്രതീക്ഷിക്കാം

## സത്യാഗ്രഹം.

അനീതികൾ നിലനിൽക്കുന്നിടത്തോളം കാലം, പ്രത്യേകിച്ചും ഇന്നത്തെ ഉടമസമ്പ്രദായത്തിൻെറ ബന്ധത്തിൻെറ അടിസ്ഥാനത്തിലുള്ള അനീതികൾ, നിലനിൽക്കുന്നിടത്തോളംകാലം സത്യാഗ്രഹത്തിനു ആവശ്യമുണ്ട്. അല്ലെങ്കിൽ വെടിയുണ്ടയുടെയും കഠാരിയുടെയും ആരാധനയുടെ തത്വസംഹിത ഒരു സേഛാധിപത്യത്തെ മറെറാരു സേഛാധിപത്യംമൂലം മാററി സ്ഥാപിക്കും.

സത്യാഗ്രഹമെന്നോ, അല്ലെങ്കിൽ സമാധാനപരമായ വർഗ്ഗസമരമെന്നോ പറയുന്നതു അതു് യഥാർത്ഥത്തിൽ പൊട്ടിപ്പുറപ്പെടുന്നനിമിഷം മാത്രമല്ല അതു് ആരംഭിക്കുന്നതിനു മുൻപുള്ള പ്രവർത്ത

നവും ദൈനംദിന ജീവിതസ്വഭാവവുമാണ്. സത്യാഗ്രഹിയാകുവാൻ ഒരു വ്യക്തി തയ്യാറെടുക്കണം. പെരുമാററത്തിൽ അയാൾ സത്യത്തിൻെറയും സൗന്ദര്യത്തിൻെറയും ആയ നിയന്ത്രണങ്ങൾ അറിയുകയും സഹാനുഭൂതിയാൽ നിറയുകകയും ചെയ്യണം. സമരത്തിൽ പങ്കെടുക്കുന്ന പലരും ഈ തരത്തിൽ മനഃപൂർവമായി തയ്യാറെടുക്കാറില്ല. ഇതു ഒരു കുറവുതന്നെയാണ്. എന്നാൽ ഈ കുറവു നികത്തുന്നതിനുള്ള മാർഗ്ഗം അതിലെ പങ്കാളികൾ സൽസ്വഭാവം ഉള്ളവരാകുന്നതുവരെയോ സഹാനുഭൂതിയാൽ നിറയുന്നതുവരയോ സത്യാഗ്രഹം മാററിവയ്ക്കുകയല്ല. സൽസ്വഭാവത്തിൻെറയും സത്യാഗ്രഹത്തിൻെറയും സമയക്രമം വിഭിന്നവ്യക്തികളിൽ വിവിധതർത്തിലാകാം. സത്യാഗ്രഹത്തിൻെറ ഉന്നതമായ ലക്ഷ്യം അനീതിയെ വെറുക്കുകയും അതിൻെറ മുൻപിൽ നിസ്സഹായമായി നിലകൊള്ളാതിരിക്കയും ചെയ്യുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ഒരു വർഗ്ഗത്തെ സൃഷ്ടിക്കുക എന്നതാണ്. ആയുധങ്ങളും സംഘടനയും ഇല്ലാതെ അനീതിയെ നൈസർഗ്ഗികമായി എതിർക്കുക എന്ന സ്വഭാവവിശേഷം മനുഷ്യസമുദായത്തിനു ഇന്നു മറേറതൊരു കാലഘട്ടത്തേക്കാളും അത്യാവശ്യമാണ്. ഇൻഡ്യയെപ്പോലെ മനുഷ്യസഞ്ചയം ജാതിയും അതുപോലുള്ള ദൂഷ്യങ്ങളാലും ഞെരുക്കപ്പെട്ടുന്ന സമൂഹങ്ങളിൽ ഇതു പ്രത്യേകിച്ചും ഒരു ഗുണവിശേഷംതന്നെയാണ്. കഗോഡിയിലെ കർഷകസത്യാ

ഗ്രഹത്തിലെ പ്രശ്നങ്ങൾ ശരിയോ തെററോ ആയിരുന്നാൽത്തന്നെയും, അതിലെ പങ്കാളികൾ അതിനുവേണ്ടി തയ്യാറെടുക്കുകയോ എടുക്കാതിരിക്കുകയോ ചെയ്താൽപ്പോലും കെഞ്ചപ്പായെയും മാസ്റ്റിയെയും പോലുള്ള വ്യക്തികളുടെ ആവിർഭാവം, ആ സത്യാഗ്രഹത്തിനു പ്രതിഫലമാകുന്നുണ്ട്. ഈ സത്യാഗ്രഹമില്ലായിരുന്നുവെങ്കിൽ അവർ സെൻസസിലെ കണക്കുകളിലെ വെറും നമ്പരുകൾ മാത്രമായിരുന്നേനെ.

ഭക്ഷ്യധാന്യത്തോടനുബന്ധിച്ച പ്രശ്നങ്ങൾ പലയിടത്തും സത്യാഗ്രഹത്തിനു കാരണമാക്കിയിട്ടുണ്ട് ചിലർ പ്രശ്നങ്ങളുടെ ന്യായത്തെ ചോദ്യം ചെയ്യുക്കാം. മററു ചിലർ ഈ സമരങ്ങൾ സോഷ്യലിസ്റ്റ് പാർട്ടിയെ ശക്തിപ്പെടുത്തുന്നതിനുള്ള കക്ഷിതാൽപ്പര്യത്തിൻെറ പേരിലാണെന്നുപറയും. ഏതൊരു പ്രശ്നത്തിൻെറപേരിലാണെങ്കിലും ഒരു സമരവും സമാധാനപരമായി നയിക്കപ്പെടുകയാണെങ്കിൽ ഉപദ്രവം വരുത്തിക്കൂട്ടുകയില്ല. ഒരു നല്ല പ്രവൎത്തി പാർട്ടിതാൽപ്പര്യത്താൽ പ്രേരിതമാണെങ്കിൽപോലും നല്ലതായി അവശേഷിക്കും.

സോഷ്യലിസ്റ്റ്കൾ സത്യാഗ്രഹത്തോടൊപ്പം തന്നെ നിൎമ്മാണപ്രവൎത്തനങ്ങളിലും നിസ്സംശമായും പ്രവൎത്തിക്കണം. നിൎമ്മാണം ഇല്ലാതെയുള്ള സമരം ക്രിയ ഇല്ലാത്ത വാചകംപോലെയാണ്. തുമ്പ

യാകുന്ന സൂര്യന്നചുററുമാണു നിർമ്മാണപ്രവർത്തനങ്ങൾ ചുററിക്കറങ്ങുന്നതു്.

ഭൂമിയുടെ പുനർവിതരണം, ഭൂസംന്നദ്ധഭടന്മാരെക്കൊണ്ടുള്ള ചെറുകിട ജലസേചനപദ്ധതികൾ, കൃഷിചെയ്യാത്തസ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിനുള്ള ഭക്ഷ്യസേന, ഇവയാണു് ശരിയായ ഒരു ഭക്ഷ്യനയത്തിൻെറ അനിർവാര്യ ഘടകങ്ങൾ. എല്ലാനിലകളിലും ഭക്ഷ്യസാധനങ്ങളുടെ വ്യാപാരം ഗവൺമെൻറു് ഏറെറടുക്കണം മഹാഭാരതത്തിൻെറ കാലത്തെ സാമ്പത്തികശാസ്ത്രവും ഇതു് അംഗീകരിക്കുന്നുണ്ടു്.

ഭൂമിയിലുള്ള വിവിധനിർമ്മാണപ്രവർത്തനങ്ങൾ, സന്മനസ്സോടെ നൽകപ്പെടുന്ന ഭൂമിയുടെ ദാനം, ഭക്ഷ്യകാര്യത്തിലെ അനീതിക്കെതിരായുള്ള സമരങ്ങൾ, ഇവ സുശക്തമായ പൊതുജനാഭിപ്രായവും ആവേശവും സൃഷ്ടിച്ചുവരികയാണു്. ഭൂമിയുടെ പുനർ വിതരണം നിയമത്താൽ സുശക്തമാക്കപ്പെട്ട മനസ്സിൻെറ മാററത്താൽ നടന്നാലും, മനുഷ്യസമുദായം ഇന്നേവരെ കണ്ടിട്ടില്ലാത്ത സമാധാനപരമായ സമരത്താൽ നേടിയാലും അതു മനുഷ്യസമുദായത്തിനു മുഴുവൻ പഠിക്കേണ്ട ഒരു പാഠമായിരിക്കും.

## സ്പോർട്ട്സ്.

ഭക്ഷണം വേണ്ടതുപോലെ ലഭിക്കാത്ത ഒരു രാജ്യ

ത്തിൽ സ്പോർട്ട്സിന്ന വേണ്ടത്ര പ്രാധാന്യം കാണു കയില്ല എന്ന സാധാരണയായി വിശ്വസിക്കപ്പെട്ടുന്നു. ഇതു തെററാണ്. രാജ്യത്തിൻെറ സാമൂഹ്യജീവിതത്തിൽ സ്പോർട്ട്സിനെ രാഷ്ട്രീയമാക്കുന്നതിന്ന ചെറുതായെങ്കിലും ശ്രമിക്കാതെതന്നെ (അത്തരം പ്രവൎത്തനം കോൺഗ്രസ്സുകാൎക്കും കമ്മ്യൂണിസ്റ്റ്കാൎക്കും വിട്ടുകൊടുക്കാം) പഴയകാല പതിവുകളും രാഷ്ട്രീയ ഇടപെടലുകളും സ്പോർട്ട്സിന്ന വരുത്തിക്കൂട്ടിയിരിക്കുന്ന വിനാശത്തെ പരിശോധിക്കുന്നതിനും സമ്പൂൎണ്ണവും ആരോഗ്യകരവും ആയ സ്പോർട്ട്സിനുവേണ്ടി കളമൊരുക്കുന്നതിനും കാലമായിരിക്കുകയാണ്.

സ്പോർട്ട്സിനെ അവ നൽകുന്ന കളങ്കരഹിതമായ ആനന്ദത്തിൻെറയും, അവ സൃഷ്ടിക്കുന്ന ശരീരത്തിൻെറ ആരോഗ്യത്തിൻെറയും സൗന്ദൎയ്യത്തിൻെറയും, പ്രശംസാർഹമായ വിജയങ്ങൾ നേടുന്ന അന്തർദേശീയമായ കീൎത്തിയുടെയും, അവ നൽകുന്ന ശിക്ഷണത്തിൻെറയും, വീക്ഷണഗതികളിലൂടെയാണു കാണേണ്ടതു്.

എങ്ങനെയായാലും ക്രിക്കററിനെ നിരുത്സാഹപ്പെടുത്തണം. അതു് ഒരു സാർവദേശീയവിനോദമല്ല. ബ്രിട്ടീഷ് കോമൺവെൽത്തിലേതു മാത്രമാണ്. അതു് എല്ലാവൎക്കും പങ്കെടുക്കാവുന്ന രീതിയിലുള്ളതല്ല. ഫ്യൂഡൽ വ്യവസ്ഥിതിയു

ടേതാണ്. ഗവർണ്ണർമ്മാരും മന്ത്രിമാരും സ്കൂളുകളിലെയും കോളേജിലെയും കരിക്കലങ്ങളും ഈ പഴയകാലവിനോദത്തിന്ന പ്രോത്സാഹനം നൽകുന്നു. ഒട്ടുവളരെ പൊതുമുതലും നഷ്ടപ്പെടുത്തുന്നു. ഇത്തരത്തിൽ സ്പോർട്ട്സിൻെറ തെററായ മാൎഗ്ഗത്തിലൂടെയുള്ള പ്രവത്തനത്തെപ്പററി നിയമസഭാംഗങ്ങൾ കരുതലുള്ളവർ ആയിരിക്കണം.

ഡൽഹിയിൽനടന്ന ആദ്യത്തെ ഏഷ്യൻ ഗയിംസിൽ സന്നിഹിതരായിരുന്നവർ ജപ്പാനിലെ കായികവിദഗ്ദ്ധകളായ സ്ത്രീകളുടെ സൗന്ദര്യ സംപൂർണ്ണമായ സാമർത്ഥ്യത്തിൽ സന്തോഷിച്ചിരിക്കണം. ഡിസ്ക്കസ്സ് എറിയുന്നതിന്ന മുൻപും പോൾ എടുത്തു ചാടുന്നതിന്നുമുമ്പും അവർ നൃത്തംചെയ്തു നൃത്തവും കായികാഭ്യാസവും, സൗന്ദര്യവും ആരോഗ്യവും ഒന്നിൽനിന്നു മറെറാന്നിലേക്കു പകരുകയാണ്. ഏററവും ശാന്തമായ കായികാഭ്യാസവും, ഏററവും ശൃംഗാരാത്മകമായ നൃത്തവും വേർതിരിക്കുക പ്രയാസമാണ്. പ്രാധാന്യം തീർച്ചയായും കായികാഭ്യാസങ്ങൾക്കായിരിക്കണം. ജിംഖാനകളിലും സ്റ്റേഡിയങ്ങളിലും ഗവണ്മെൻറ് സഹായധനത്തിന്ന പുരുഷന്മാർ എത്രകൂട്ടതൽ പങ്കെടുത്താലും ഏററവും കുറഞ്ഞതു ഇത്ര സ്ത്രീകളെങ്കിലും പങ്കെടുക്കണമെന്നുള്ളതു നിർബന്ധമാക്കണം. നീന്തൽ ഒരു ദേശീയവിനോദമായി പ്രോത്സാഹിപ്പിക്കണം.

ഇൻഡ്യ ഒട്ടാകെ പ്രചാരമുള്ള ചില ഗ്രാമീണ വിനോദങ്ങൾ തെരഞ്ഞെടുക്കുകയും ക്രമപ്പെടുത്തുകയും വേണം. ഏഷ്യയ്ക്കു പൊതുവായുള്ള ആ ത്തരം കളികളുണ്ടോ എന്നു അന്വേഷിക്കണം.

നേരത്തെതന്നെ സ്പോർട്ട്സിൽ ദുർബലമായിരിക്കുന്ന ഇൻഡ്യാ വിഭജനത്തോടുകൂടി കുറേക്കൂടെ ദുർബലമായിരിക്കുന്നു. ഒളിമ്പിക്സിൽ ഇൻഡ്യയുടെയും പാക്കിസ്ഥാൻെറയും നിലവാരം വളരെ താഴ്ന്നുപോയി. രാഷ്ട്രീയമായ സംയോജനം വിഷമകരമാണെങ്കിൽതന്നെയും ഇൻഡ്യയും പാക്കിസ്ഥാനും യോജിച്ചു ടീമുകൾകൊടുത്തു ഒളിമ്പിക്സിൽ മത്സരിക്കാതിരിക്കുവാൻ കാരണം ഒന്നുമില്ല, സ്കാൻഡിനേവിയൻ രാജ്യങ്ങൾ അങ്ങനെ ചെയ്തുവരുന്നു എന്നാണറിയുന്നതു്.

## സിനിമാ-പ്രശംസയും നിർദ്ദേശവും.

ഒരാൾ സിംഗപ്പൂരിൽവച്ചു മലയൻ കുട്ടികൾ പാടുന്ന ഇൻഡ്യൻ പാട്ടുകേട്ടു ഞെട്ടിയുണരുന്നു. ബർമ്മായിലും സിലോണിലും ഇതുതന്നെയാണനുഭവം. സിനിമയാണു ഇതു ചെയ്തതു് ദേശീയഭാഷ സിനിമയിലൂടെ വളരുന്നതിനുള്ള സാദ്ധ്യതകൾ മനസ്സിലാക്കുന്നതോടൊപ്പം അന്തർദേശീയവുമായും അല്ലെങ്കിൽ ഏഷ്യയിൽ ഒട്ടാകെ പരസ്പരം അറിയുന്നതിനു അതിനു എത്രമാത്രം കഴിവുണ്ടെന്നുള്ളതു മനസ്സിലാക്കുന്നില്ല.

ഇതേപ്പററി അറിയാവുന്നവർ പറയുന്നതു കഥകളിലും അഭിനയത്തിലും സംവിധാനത്തിലും ഛായാഗ്രഹണത്തിലും ഒട്ടുവളരെ പരിഷ്ക്കാരങ്ങ ൾ ഇനിയും ഉണ്ടാകുവാനുണ്ട് എന്നാണ്. അതുണ്ടി ൽ ഒരു പ്രാവശ്യമോ അതിൽ കുറച്ചോ മാത്രം സിനിമക്കു പോകുന്നവർ നാട്ടിൽ ഒട്ടുവളരെപ്പേരു ണ്ട്. എന്നാലും ആവശ്യമായ കരുക്കൾ അവിടെ യുണ്ട്. ആരാണ് ജമുനായുടെ കരം പിടിക്കുവാ നും ഗീതയുടെയും ലതയുടെയും സംഗീതം ആസ്വാ ദിക്കുവാനും ഇഷ്ടപ്പെടാത്തതു്? നാടകത്തിൻെറയും നൃത്തത്തിൻെറയും പ്രോത്സാഹനം ഇൻഡ്യൻ ഫി ലിമിൻെറ നിലവാരം ഉയത്തുവാൻ സഹായമാവുക യില്ലയോ എന്നതിനെപ്പററി നിയമസഭാസാമാജി കർ ആലോചിക്കണം. സിനിമയുടെ വിനോദനി കുതിയുടെ ഒരു ഭാഗം നൃത്തനാടക കലാസമിതിക ൾക്കു പ്രോത്സാഹനം നൽകുന്നതിനുവേണ്ടി മാററി വയ്ക്കുകയും നാട്ടിലുള്ള ഏററവും നല്ല നടീനടന്മാ രെ ചേത്തുകൊണ്ടുള്ള സ്വതന്ത്ര ഉപദേശകകമ്മ ററികൾ രൂപീകരിക്കുകയും വേണം.

ഇന്ത്യൻ സംഗീതം ചൈതന്യരഹിതമായി ത്തീന്നിരിക്കുന്നു. മീരയുടെയും സൂരിൻെറയും ചൈ തന്യംപോലും, കണ്ണുനീരിൻെറ അരുവികളെ സൃ ഷ്ടിക്കുവാൻ കഴിയുന്ന അവരുടെ ചൈതന്യംപോ ലും, നഷ്ടപ്പെട്ടിരിക്കുന്നു. സിനിമകളിലുള്ള ഇന്ത്യ

നം യൂറോപ്യനും ആയ സംഗീതങ്ങളുടെ സങ്കലനം താല്ക്കാലികമാണെന്നും നൂററാണ്ടുകളായി മൃതപ്രായരായ ഒരു ജനതയ്ക്കു പ്രവർത്തനത്തിൻെറ ആവേശം നൽകുന്ന ചൈതന്യസമ്പൂർണ്ണമായ സംഗീതം രൂപമെടുക്കുമെന്നും ആശിക്കാം. രവീന്ദ്രനാഥടാഗോർ ഈ വഴിക്കുള്ള മാർഗ്ഗം കാണിച്ചുതന്നിട്ടുണ്ടു്.

അനീതിക്കെതിരായിട്ടുള്ള സമരത്തിലേക്കു തങ്ങളുടെ സ്പെഷ്യൽ കൺവൻഷൻ തങ്ങളെ ആഹ്വാനം ചെയ്തിരിക്കുന്നുവെന്നുള്ളതു് എല്ലാ സോഷ്യലിസ്ററുകളും സ്മരിക്കുക. ഇൻഡ്യയിൽ സോഷ്യലിസത്തിൻെറയും തീവ്രവാദിത്വത്തിൻെറയും ഒരേ ഒരു പാർട്ടിയായി സോഷ്യലിസ്ററ പാർട്ടിയെ മാററുവാൻ ദൃഢപ്രതിജ്ഞ ചെയ്യുക. നിർമ്മാണപ്രവർത്തനവും സമാധാനപരമായ സമരവും ശാശ്വതമായ ഫലം നൽകും.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 335.43 Acc. No. 11143

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 12 MAR 2000 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

335.43 11143

ലോഹ്യറാം മനോഹർ

സോഷ്യലിസത്തെപ്പററി

KOTTAYAM PUBLIC LIBRARY

Call No. 335·43 Acc. No. 11143

Author ലോഹ്യ റാം മനോഹര്

Title സോഷ്യലിസത്തെ പററി